www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 41 | 2017 OCT 21 | ₹10



# കേരളത്തോടെന്തിനിത്ര കലിപ്പ്?

വിസ്മയിപ്പിക്കുന്ന വിശുദ്ധ ക്വുർആൻ || പ്രവാചക ചര്യയുടെ പ്രാധാന്യം

കാലിടറുന്ന കർസേവ || കായിക ക്ഷമതയുടെ ഇസ്‌ലാമിക പാഠങ്ങൾ




WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി


www.nerpatham.com | mail@nerpatham.com

# നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

# നേർപഥം
വാരിക

0041 / 2017 ഒക്ടോബർ 21 / 1439 മുഹർറം 30 / പുസ്തകം 01 / ലക്കം 41

## കേരളത്തോടെന്തിനിത്ര കലിപ്പ്?

ത്വാഹാ റഷാദ് / 10


**മുഖമൊഴി**

വിപത്തും വിശ്വാസിയും / 05
എഡിറ്റർ

**ലേഖനങ്ങൾ**

പ്രവാചക ചര്യയുടെ പ്രാധാന്യം / 06
ശമീർ മദീനി

വിസ്മയിപ്പിക്കുന്ന വിശുദ്ധ ക്വുർആൻ / 15
ഫദ്‌ലുൽ ഹഖ് ഉമരി

**ക്വുർആൻ പഠനം**

പ്രശംസയും അംഗീകാരവും / 14
അബൂഅമീൻ

**ബാലപഥം**

നന്ദിയും ക്ഷമയും / 18
കെ.എ. ബഷീർ

**ചരിത്രപഥം**

ഇബ്‌റാഹീം നബി ﷺ / 20
ഹുസൈൻ സലഫി, ഷാർജ

**ശാന്തിഗേഹം**

പഠന സംവിധാനത്തിലെ വിയോജിപ്പ് / 24
പ്രൊഫ: ഹാരിസ്ബിൻ സലീം

**കാഴ്ച**

വേപ്പുമരങ്ങൾക്കു ചാരെ കണ്ണീരു തോരാതെ / 26
ഇബ്‌നു അലി എടത്തനാട്ടുകര

**നിലപാട്**

ചൂടുള്ള ഐസ് ക്രീം! / 27
ഉസ്മാൻ പാലക്കാഴി

**പാരന്റിംഗ്: 33**

കായിക ക്ഷമതയുടെ ഇസ്‌ലാമിക പാഠങ്ങൾ / 28
അശ്‌റഫ് എകരൂൽ

**വിമർശനം**

അഹ്‌ലുസ്സുന്നയുടെ മാർഗം വക്രതയുള്ളതല്ല / 31
മൂസ സ്വലാഹി, കാര


**നമുക്ക് ചുറ്റും**

കാലിടറുന്ന കർസേവ / 34
ഡോ. സി.എം സാബിർ നവാസ്



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




### ക്യാമ്പസ് രാഷ്ട്രീയത്തിന് ചരമക്കുറിപ്പെഴുതേണ്ടതുണ്ടോ?

കോളേജ് ക്യാമ്പസുകളിൽ വിദ്യാർഥി രാഷ്ട്രീയം പാടില്ലെന്ന ചീഫ് ജസ്റ്റിസ് ഉൾക്കൊള്ളുന്ന ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധി സ്വാഗതം ചെയ്യുന്നതോടൊപ്പം തന്നെ ഏറെ സന്ദേഹങ്ങൾ ബാക്കി വെക്കുന്നുമുണ്ട്. നിലവിലുള്ള ക്യാമ്പസ് രാഷ്ട്രീയത്തിന്റെ ദോഷവശങ്ങൾ പരിഗണിച്ച് ഇത്തരമൊരു വിധിയെ അനുകൂലിക്കാമെങ്കിലും ആത്യന്തികമായി വർഗീയ കക്ഷികൾക്ക് കേറി നിരങ്ങാനുള്ള അവസരമായി മാറുമോ പ്രസ്തുത തീരുമാനം എന്നാണ് കണ്ടറിയേണ്ടത്. സമൂഹത്തിന്റെ പരിഛേദങ്ങളായ ക്യാമ്പസും വിദ്യാർഥികളും നിഷ്ക്രിയരായിപ്പോവുന്ന അവസ്ഥയിലേക്ക് കോടതിവിധി എത്തിച്ചേക്കുമോ എന്ന് പഠിക്കേണ്ടതും വിശദീകരിക്കേണ്ടതും ആ രംഗത്തെ വിശാരദന്മാരാണ്. അന്ധമായ വിമർശനങ്ങളും നിരപാധികമായ അംഗീകാരവും ബൗദ്ധികമായ സംവാദങ്ങൾക്കുള്ള അവസരം നിഷേധിക്കലായി മാറും.

ഇന്നത്തെ ദേശീയ രാഷ്ട്രീയത്തിൽ ജ്വലിച്ചു നിൽക്കുന്ന പ്രമുഖരായ പല നേതാക്കളും വിദ്യാർഥി രാഷ്ട്രീയത്തിലൂടെ പരിചയിച്ചു വന്നവരാണ്. മാത്രമല്ല, സ്വാതന്ത്ര്യ സമരത്തിന് ഊർജം നൽകിയ ഒട്ടനവധി മുഹൂർത്തങ്ങൾക്ക് സാക്ഷ്യം നിന്നത് അമ്പതുകളിലെ ഇന്ത്യൻ ക്യാമ്പസാണ്. മുഖ്യധാരാ രാഷ്ട്രീയത്തിലെ അഴുക്കുകൾ പലതും ക്യാമ്പസുകളെ സ്വാധീനിച്ചു എന്നതിനാൽ തന്നെ അതിനെ ശുദ്ധീകരിക്കാനുള്ള യത്നങ്ങളായിരുന്നു ഇല്ലാതാക്കാനുള്ള ശ്രമങ്ങളെക്കാൾ അഭികാമ്യം എന്ന് തോന്നിപ്പോവുകയാണ്.

**-ഫാത്തിമ ഷെൻഹ പി.വി**

### ലേഖനം അവസരോചിതമായി

നേർപഥം കഴിഞ്ഞ ലക്കത്തിലെ 'പ്രതിരോധവും പ്രതികരണവും: ഇന്ത്യൻ സാഹചര്യത്തിൽ' കവർസ്റ്റോറി പ്രസക്തമായി. ഇന്നലെകളിൽ ഇന്ത്യയിലെ ധിഷണാശാലികളായ മുസ്‌ലിം രാഷ്ട്രനായകരും പണ്ഡിതരും വെല്ലുവിളികളെ പക്വമായി അതിജയിച്ചതിന്റെ നാൾവഴികൾ ലേഖകൻ സംഭവങ്ങൾ സഹിതം ഉദ്ധരിക്കുന്നുണ്ട്. സമകാലിക ഇന്ത്യൻ സാഹചര്യത്തിൽ മുസ്‌ലിംകൾ ഇന്നലെകളിലെ സഹന സമര ചരിത്രപാഠങ്ങൾ മറക്കരുതെന്ന് അദ്ദേഹം ഓർമിപ്പിക്കുന്നുണ്ട്. അസഹിഷ്ണുത ബോധപൂർവം സൃഷ്ടിച്ചെടുക്കുന്ന ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാമിക ജീവിതം ഏറെ അവധാനതയോടെ കൈകാര്യം ചെയ്യപ്പെടണം. ആദർശ വിശുദ്ധി നഷ്ടപ്പെടുത്താതെ ഇസ്‌ലാമിക, ഇസ്‌ലാമികേതര സമൂഹങ്ങൾക്ക് സഹകരിക്കാവുന്ന മേഖലകൾ കൃത്യമായും പ്രാമാണികമായും ചർച്ച ചെയ്യപ്പെടണം.

മുസ്‌ലിം സമൂഹത്തെ അപരവൽക്കരിക്കുന്നതിനെതിരെയുള്ള പ്രതിരോധം കൂടിയാണ് പ്രസ്തുത ലേഖനം. വിമർശനങ്ങളെ വിചാരപരമായി പ്രതിരോധിക്കാനും, അതിനെതിരെ പ്രതികരിക്കാനുമുള്ള ഇസ്‌ലാമിന്റെ ആദർശ, സൈദ്ധാന്തിക മൂലധനം സംബന്ധിച്ച് ഇസ്‌ലാമിക സമൂഹത്തിന് തന്നെ സാക്ഷരത നൽകേണ്ടതുണ്ട്. മലയാള മണ്ണിൽ മത മൈത്രിയുടെ തുരുത്തുകളൊരുക്കിയ ഇസ്‌ലാഹി ചലനങ്ങൾ രാഷ്ട്ര അഖണ്ഡതക്ക് ശക്തി പകർന്നിട്ടുണ്ട്. വർത്തമാനകാല വർഗീയ തീവ്രവാദ ചിന്തകളുടെ അടിവേരറുക്കാൻ നമുക്ക് പ്രതിജ്ഞയെടുക്കാം, പ്രവർത്തന സജ്ജരാകാം. ലേഖകന് അഭിനന്ദനങ്ങൾ, പ്രാർഥനകൾ.

**-സാബിഖ് പുല്ലൂർ**

### സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# വിപത്തും വിശ്വാസിയും

മനുഷ്യരിലുണ്ടാകുന്ന വിപത്തുകൾക്ക് പിന്നിൽ ചല യുക്തികളുണ്ട്. അവയിൽ ചിലത് മനുഷ്യന്റെ പാപങ്ങൾ തന്നെ പൊറുത്തുകൊടുക്കാൻ തക്കതാണ്. വിപത്തുകൾ അനുഗ്രഹമാണ്. കാരണം അവ പാപങ്ങളെ മായ്ച്ച് കളയുന്നു. ക്ഷമയിലേക്ക് ക്ഷണിക്കുന്നു. അതിലൂടെ പ്രതിഫലത്തിനർഹരായിത്തീരുന്നു. അല്ലാഹുവിലേക്ക് മടങ്ങുവാനും അവന്റെ മുമ്പിൽ വിനയാന്വിതനാകുവാനും മനുഷ്യനെ പ്രേരിപ്പിക്കുന്നു.

ദാരിദ്ര്യം, രോഗം, വിശപ്പ് തുടങ്ങിയവ കൊണ്ട് പരീക്ഷിക്കപ്പെടുന്നവർ ജനങ്ങളുടെ കൂട്ടത്തിലുണ്ട്. അതിലൂടെ പലരെയും കാപട്യവും നിരാശയും സത്യനിഷേധവും പിടികൂടുകയും മതത്തിൽ നിർബന്ധമായും ചെയ്യേണ്ട കാര്യങ്ങൾ അവർ ഒഴിവാക്കുകയും ഹറാമുകൾക്ക് വിധേയരാവുകയും ചെയ്യുന്നു. ക്ഷമയുണ്ടെങ്കിലേ വിപത്തുകൾ മതപരമായി അനുഗ്രഹമായി മാറുകയുള്ളൂ. ഏതൊരു വിപത്തും അല്ലാഹുവിന്റെ നിശ്ചയം എന്ന നിലയ്ക്ക് സൃഷ്ടികളെ സംബന്ധിച്ചിടത്തോളം കാരുണ്യമാണ്. അതിന്റെ പേരിൽ അല്ലാഹുവിനെ സ്തുതിക്കേണ്ടതുമാണ്. ആരെങ്കിലും പരീക്ഷിക്കപ്പെടുകയും അതിൽ അയാൾക്ക് ക്ഷമിക്കുവാൻ സാധിക്കുകയും ചെയ്താൽ ആ ക്ഷമ അവന്റെ ദീനിൽ അവന് അനുഗ്രഹമാണ്. പാപങ്ങൾ പൊറുക്കുന്നതിലുമപ്പുറം അല്ലാഹുവിന്റെ കാരുണ്യവും ലഭിക്കുന്നു. റബ്ബിന്റെ പുകഴ്ത്തലിനും അവൻ അർഹനായിത്തീരുന്നു.

അല്ലാഹു പറയുന്നു: "കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും. അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സൻമാർഗം പ്രാപിച്ചവർ"(ക്വുർആൻ 2:155-157).

വിപത്തുകൾ കൊണ്ടുള്ള പരീക്ഷണങ്ങളിൽ ആര് ക്ഷമിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നു, ആര് നിരാശനാവുകയും കോപിക്കുകയും ചെയ്യുന്നു എന്നുള്ള നോട്ടവും വലിയൊരു യുക്തിയായി ഇതിന്റെ പിന്നിലുണ്ട്. നബിﷺ പറയുന്നു: 'പരീക്ഷണത്തിന്റെ കാഠിന്യത്തിനനുസരിച്ചാണ് പ്രതിഫലത്തിന്റെ ആധിക്യം. അല്ലാഹു ഒരു സമൂഹത്തെ ഇഷ്ടപ്പെട്ടാൽ അവരെ പരീക്ഷണങ്ങൾക്കു വിധേയരാക്കും. പരീക്ഷണങ്ങളിൽ ആരെങ്കിലും തൃപ്തിപ്പെട്ടാൽ അവന് അല്ലാഹുവിന്റെ തൃപ്തിയുണ്ട്. കോപിച്ചാൽ അല്ലാഹുവിന്റെ കോപവുമുണ്ട്' (തിർമിദി).

തന്റെ കാര്യം അല്ലാഹുവിൽ ഏൽപിക്കലും അവനെക്കുറിച്ച് സദ്വിചാരം വെച്ച് പുലർത്തലും അവന്റെ പ്രതിഫലത്തിൽ പ്രതീക്ഷയർപിക്കലുമാണ് ഈ ഹദീഥിൽ പറഞ്ഞ തൃപ്തികൊണ്ട് ഉദ്ദേശിക്കുന്നത്.

അല്ലാഹുവിന്റെ വിധിയെ ഈ ഹദീഥ് സ്ഥിരപ്പെടുത്തുന്നു. വിപത്തുകളുണ്ടാകുമ്പോൾ ക്ഷമിക്കണമെന്നും അല്ലാഹുവിലേക്ക് മടങ്ങണമെന്നും എല്ലാ പ്രതിസന്ധികളിലും പ്രയാസങ്ങളിലും അവനിൽ മാത്രം ഭരമേൽപിക്കണമെന്നും ഈ ഹദീഥ് പഠിപ്പിക്കുന്നു.

മനുഷ്യജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലും നമസ്കാരം കൊണ്ടും ക്ഷമകൊണ്ടും സഹായം തേടാനാണ് അല്ലാഹു കൽപിച്ചിട്ടുള്ളത്. കാരണം അതിലാണ് നന്മയും നല്ല പര്യവസാനവുമുള്ളത്. അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാണ്.

"സത്യവിശ്വാസികളെ, നിങ്ങൾ സഹനവും നമസ്കാരവും മൂലം (അല്ലാഹുവിനോട്) സഹായം തേടുക. തീർച്ചയായും ക്ഷമിക്കുന്നവരോടൊപ്പമാകുന്നു അല്ലാഹു" (ക്വുർആൻ 2:153).

ക്ഷമയുടെ പ്രാധാന്യവും അതിന്റെ ആവശ്യകതയുമാണ് ഈ സൂക്തം സൂചിപ്പിക്കുന്നത്. വിശ്വാസത്തിന് ശക്തിപകരുന്ന ഒന്നുകൂടിയാണ് ക്ഷമ.

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം

# പ്രവാചക ചര്യയുടെ പ്രാധാന്യം



**പ**രിശുദ്ധ ക്വുർആനും പ്രവാചകചര്യയും അഥവാ സുന്നത്തുമാണ് ഇസ്‌ലാമിന്റെ അടിസ്ഥാനപ്രമാണങ്ങൾ. അവയുടെ പിൻബലത്തോടു കൂടി ഇസ്‌ലാമികലോകത്തെ ഏതെങ്കിലും ഒരു കാലത്തെ പണ്ഡിതന്മാർ ഐകകണ്ഠ്യേന സ്വീകരിച്ച നിലപാടുകളും അഭിപ്രായങ്ങളും 'ഇജ്മാഅ്' എന്ന പേരിലും, നൂതന പ്രശ്നങ്ങൾ ഗവേഷണപണ്ഡിതന്മാർ ക്വുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ തുലനം ചെയ്ത് മതവിധികൾ കണ്ടെത്തുന്നത് 'ക്വിയാസ്' എന്നും പേരിലും അറിയപ്പെടുന്നു. ഇസ്‌ലാമിന്റെ ആധികാരിക പ്രമാണങ്ങൾ ഏതെല്ലാമെന്ന് അറിയാത്തത് കൊണ്ടോ അജ്ഞത നടിക്കുന്നത് കൊണ്ടോ എന്നറിയില്ല; ക്രൈസ്തവമിഷണറിമാരടക്കമുള്ള ഇസ്‌ലാം വിമർശകർ പലപ്പോഴും പ്രമാണങ്ങളെയല്ല, ചില വാറോലകളെയാണ് കാര്യമായ രേഖകൾ എന്ന നിലയിൽ എടുത്തുകാണിക്കാറുള്ളത്.

ക്വുർആനും സുന്നത്തും ഇസ്‌ലാമികസമൂഹം നിരാക്ഷേപം അടിസ്ഥാന പ്രമാണങ്ങളായി അംഗീകരിച്ചു പോന്നതാണ്. നബിﷺയും സ്വഹാബത്തും അവരെ പിൻപറ്റിയവരും (താബിഉകൾ) അവരുടെ ശിഷ്യന്മാരുമൊക്കെ മതവിധികൾ കണ്ടെത്താൻ ക്വുർനിനെയും സുന്നത്തിനെയുമാണ് ആശ്രയിച്ചിരുന്നത്. വിശുദ്ധ ക്വുർആനും പ്രശ്നപരിഹാരത്തിനായി നിർദേശിക്കുന്നത് അതാണ്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും"(4:59).

പക്ഷേ, ആ ഉത്തമ തലമുറകളുടെ മാർഗത്തിന് വിരുദ്ധമായി പിൽക്കാലത്ത് ചിലർ സുന്നത്തിന്റെ പ്രാമാണികതയെയും ആധികാരികതയെയും ചോദ്യംചെയ്യുകയും മുസ്‌ലിം സാധാരണക്കാർക്കിടയിൽ തദ്വിഷയകമായി ആശയക്കുഴപ്പങ്ങളുണ്ടാക്കുവാൻ ശ്രമിക്കുകയും, ക്വുർആൻ പോരേ, എന്തിനാണ് സുന്നത്ത്, ക്വുർആൻ എല്ലാറ്റിനും വിശദീകരണമല്ലേ എന്നൊക്കെയുള്ള ചോദ്യങ്ങളുമായി സുന്നത്തിൽ നിന്നും മുസ്‌ലിം ജനസാമാന്യത്തെ അകറ്റുവാൻ ബോധപൂർവം ശ്രമം നടത്തുകയും ചെത്തിട്ടുണ്ട്. ഇപ്പോഴും ചെയ്യുന്നുമുണ്ട്. ഈ പശ്ചാത്തലത്തിൽ സുന്നത്തിന്റെ പ്രാമാണികതയെ കുറിച്ചുള്ള ചർച്ച പ്രസക്തമാവുകയാണ്.

പരമകാരുണികനായ സ്രഷ്ടാവ് അവന്റെ കാരുണ്യത്തിന്റെ ഭാഗമായി അവതരിപ്പിച്ച ക്വുർആനിനെ കുറിച്ചും പ്രവാചകനെ കുറിച്ചും ക്വുർആനിൽ പലയിടത്തും 'മാർഗദർശനം', 'കാരുണ്യം' തുടങ്ങിയ പ്രയോഗങ്ങൾ കാണാവുന്നതാണ്. ഉദാഹരണത്തിന് (2:2, 185, 22:67, 21:107).

മുഹമ്മദ് നബിﷺക്ക് ക്വുർആൻ അവതരിപ്പിച്ച് കൊടുത്തതിലൂടെ അതിന്റെ ശരിയായ വിവരണവും പ്രയോഗവും കൂടി ആ മഹത് ജീവിതത്തിൽ നിന്ന് നാം തേടണമെന്നാണ് ക്വുർആൻ നമ്മെ ഉണർത്തുന്നത്. അല്ലാഹു പറയുന്നു:"അവർ ഏതൊരു കാര്യത്തിൽ ഭിന്നിച്ച് പോയിരിക്കുന്നുവോ, അതവർക്ക് വ്യക്തമാക്കികൊടുക്കുവാൻ വേണ്ടിയും, വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവും ആയിക്കൊണ്ടും മാത്രമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നത്"(16:64).

"വ്യക്തമായ തെളിവുകളും വേദഗ്രന്ഥങ്ങളുമായി (അവരെ നാം നിയോഗിച്ചു.) നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയും"(16:44)

നബിﷺ തന്റെ പ്രവാചകത്വാനന്തരമുള്ള ഇരുപത്തിമൂന്ന് വർഷക്കാലത്തെ ജീവിതത്തിലൂടെ ക്വുർആനിന്റെ പ്രയോഗികരൂപം സമർപിക്കുകയായിരുന്നു. നബിﷺയുടെ വാക്ക്, പ്രവൃത്തി, മൗനാനുവാദം തുടങ്ങി അവിടുത്തെ ജീവിതചര്യയാണ് സുന്നത്ത് എന്നത് കൊണ്ട് സാങ്കേതികമായി അർഥമാക്കുന്നത്. അത് നബിﷺയിൽ നിന്ന് നേരിട്ട് മനസ്സിലാക്കിയ സ്വഹാബികൾ തങ്ങളുടെ ശിഷ്യന്മാർക്ക് പകർന്നുകൊടുത്തു; അവർ അവരുടെ ശിഷ്യന്മാരിലേക്കും. അങ്ങനെയാണ് പ്രസ്തുത സുന്നത്തുകൾ നമ്മുടെ കൈകളിലേക്ക് സുരക്ഷിതമായി എത്തിച്ചേർന്നത്. ഇത്തരത്തിലുള്ള റിപ്പോർട്ടർമാരുടെ പരമ്പരക്ക് 'സനദ്' എന്നും അവർ റിപ്പോർട്ട് ചെയ്യുന്ന ആശയത്തിന് 'മത്ന്' എന്നുമാണ് സാങ്കേതിക ഭാഷ്യം. ഓർമശക്തിയും ഗ്രഹണപാടവവും സത്യസന്ധതയുമെല്ലാം ഒത്തിണങ്ങിയ യോഗ്യന്മാർ റിപ്പോർട്ട് ചെയ്യുന്ന ഹദീഥുകൾക്കെ പണ്ഡിതന്മാർ പ്രാമാണികത കൽപിക്കുന്നുള്ളൂ. മറിച്ച് സ്വീകാര്യതയുടെ പ്രസ്തുത യോഗ്യതകളിൽ വീഴ്ച്ച വരുന്ന, നിവേദകപരമ്പര മുറിഞ്ഞ് പോയതോ ഗ്രഹണപാടവവും ഓർമശക്തിയും കുറഞ്ഞവരോ വ്യാജവാദികളോ മറ്റോ ഉദ്ധരിക്കുന്നതായ ഹദീഥുകളെ അസ്വീകാര്യമായി, ദുർബല ഹദീഥുകളായി പ്രഖ്യാപിച്ച് മാറ്റി നിർത്തുകയാണ് ചെയ്യുന്നത്.

അത്ഭുതാവഹവും ശാസ്ത്രീയവുമായ ഹദീഥ് നിദാനശാസ്ത്രത്തിന്റെ സൂക്ഷ്മതലങ്ങൾ ആരെയും വിസ്മയിപ്പിക്കുന്ന തരത്തിലാണ്. ഇസ്‌ലാം വിമർശകരായ ഓറിയന്റലിസ്റ്റുകൾ പോലും പ്രസ്തുത യാഥാർഥ്യം തുറന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

**ഇസ്‌ലാമിന്റെ വ്യതിരിക്തത**

ദൈവിക ഗ്രന്ഥമായ പരിശുദ്ധ ക്വുർആൻ അതിന്റെ പ്രായോഗികമാതൃക സുന്നത്തിലൂടെ സമർപ്പിക്കുമ്പോൾ ഇസ്‌ലാം മറ്റു മത-പ്രത്യയശാസ്ത്രങ്ങളിൽ നിന്നും വേറിട്ടു നിൽക്കുന്നു. ദൈവിക വെളിപാടിന്റെ പിൻബലത്തിൽ എഴുതപ്പെട്ടതെന്ന് അവകാശപ്പെടുന്ന ഇതര മതഗ്രന്ഥങ്ങൾക്കൊന്നും പ്രായോഗിക ജീവിതമാതൃക എടുത്ത് കാണിക്കാനില്ല. എന്നാൽ മുഹമ്മദ് നബിﷺയുടെ ജീവിതത്തിലെ ചെറുതും വലുതുമായ ഓരോ അധ്യാപനങ്ങളും മാതൃകകളും രേഖപ്പെടുത്തിവെക്കപ്പെട്ടിട്ടുണ്ട്.

പക്ഷേ, ഈ തിരിച്ചറിവും അഭിമാനബോധവും ഉണ്ടാകേണ്ടതിന് പകരം ഇസ്‌ലാമിന്റെ ആധികാരികപ്രമാണവും വിശുദ്ധക്വുർആനിന്റെ പ്രായോഗികവിവരണവുമായ സുന്നത്തിന്റെ കാര്യത്തിൽ വിമർശനങ്ങളും ആശയക്കുഴപ്പങ്ങളും സൃഷ്ടിക്കുന്നവർ ഇസ്‌ലാമിന്റെ ശത്രുക്കളോ മിത്രങ്ങളോ എന്ന് ആത്മാർഥമായി ചിന്തിക്കുക.

നബിﷺ എന്ത് പറയുന്നു, ചെയ്യുന്നു എന്നൊന്നും നോക്കേണ്ടതില്ല; ക്വുർആനായി ഓതിത്തരുന്ന വചനങ്ങൾ മാത്രം സ്വീകരിച്ചാൽ മതി എന്നല്ല വിശുദ്ധക്വുർആൻ പറയുന്നത്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിയ, ക്വുർആനിന്റെ പ്രഥമ സംബോധിതരായ സ്വഹാബത്തും ആ രീതിയല്ല സ്വീകരിച്ചത്. സൽസ്വഭാവത്തിന്റെ ഉത്തമമാതൃകയും വഴികാട്ടിയുമായി ക്വുർആൻ പരിചയപ്പെടുത്തിയ പ്രവാചകന്റെ ജീവിതമാതൃകകൾ ഓരോന്നും സസൂക്ഷ്മം ജീവിതത്തിൽ പകർത്തുകയായിരുന്നു അനുചരന്മാർ.

നബിﷺയെക്കുറിച്ച് അല്ലാഹു പറയുന്നു: "തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു"(68:4). വിശ്വാസികളോട് അല്ലാഹു പറയുന്നു:

"തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്..."(33:21)

കാരണം നബിﷺ അല്ലാഹുവിൽനിന്നുള്ള ദിവ്യബോധനത്തെ (വഹ്‌യ്)യാണ് പിൻപറ്റുന്നത്. "അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു."(53:3,4)

ദിവ്യബോധനങ്ങളെ കൈവിട്ട് സ്വന്തമായി എന്തെങ്കിലും കടത്തിക്കൂട്ടാൻ നബിﷺക്ക് പോലും അവകാശമില്ല. ആദ്യകാലത്ത് നമസ്‌കാരവേളയിൽ ക്വിബ്‌ലയായി (പ്രാർഥനാ ദിശയായി) ഫലസ്തീനിലെ ബൈതുൽ മുക്വദ്ദിസിന്റെ നേർക്ക് തിരിയുവാനായിരുന്നു നബിﷺക്ക് കിട്ടിയ നിർദേശം. അതിന്റെ പേരിൽ വിമർശനങ്ങളും പരിഹാസങ്ങളും വരെയുണ്ടായി. തന്റെ ആദർശപിതാവിനാൽ പടുത്തുയർത്തപ്പെട്ട മക്കയിലെ വിശുദ്ധ കഅ്ബയിലേക്ക് പ്രാർഥനവേളയിൽ തിരിയാനുള്ള ആഗ്രഹം നബിﷺക്കുണ്ടായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ നിർദേശം വരുന്നത് വരെ പ്രവാചകൻﷺ അപ്രകാരം ചെയ്തില്ല എന്ന ചരിത്രയാഥാർഥ്യം അതിനൊരു ഉദാഹരണം മാത്രമാണ്. പ്രസ്തുത വിഷയകമായി അല്ലാഹു പറയുന്നത് കാണുക:

"(നബിയേ) നിന്റെ മുഖം ആകാശത്തേക്ക് തിരിഞ്ഞുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. അതിനാൽ നിനക്ക് ഇഷ്ടമാകുന്ന ഒരു ക്വിബ്‌ലയിലേക്ക് നിന്നെ നാം തിരിക്കുകയാണ്. ഇനിമേൽ നീ നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ നേർക്കാണ് നിങ്ങൾ മുഖംതിരിക്കേണ്ടത്. വേദം നൽകപ്പെട്ടവർക്ക് ഇത് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാണെന്ന് നന്നായി അറിയാം. അവർ പ്രവർത്തിക്കുന്നതിനെപ്പറ്റിയൊന്നും അല്ലാഹു അശ്രദ്ധനല്ല" (2:144).

അങ്ങനെ നബിﷺ നിർവഹിച്ച ആ മഹത്തായ ദൗത്യത്തിന് അല്ലാഹുവിന്റെ അംഗീകാരവും തൃപ്തിയും ലഭിക്കുകയും ചെയ്തു. അല്ലാഹു പറയുന്നു: "അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന് നിനക്കറിയുമായിരുന്നില്ല. പക്ഷെ, നാം അതിനെ ഒരു പ്രകാശമാക്കിയിരിക്കുന്നു. അതുമുഖേന നമ്മുടെ ദാസൻമാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം വഴി കാണിക്കുന്നു. തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും ഏതൊരുവന്നുള്ളതാണോ ആ അല്ലാഹുവിന്റെ പാതയിലേക്ക്. ശ്രദ്ധിക്കുക; അല്ലാഹുവിലേക്കാകുന്നു കാര്യങ്ങൾ ചെന്നെത്തുന്നത്" (42:52,53).

അത് സമ്പൂർണമാണ്. അല്ലാഹു തൃപ്തിപ്പെട്ടതുമാണ്. "ഇന്നേ ദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തീകരിച്ച് തരികയും എന്റെ അനുഗ്രഹം ഞാൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തരികയും ചെയ്തിരിക്കുന്നു"(5:3).

**സുന്നത്ത് നിഷേധി ഇസ്‌ലാമിന്റെ ശത്രു**

ക്വുർആനിന്റെ വചനങ്ങൾക്കും ആശയങ്ങൾക്കും കൂടുതൽ കൂടുതൽ തെളിച്ചവും വെളിച്ചവും നൽകുന്ന പ്രവാചകചര്യ (സുന്നത്ത്) കയ്യൊഴിക്കണമെന്ന് പറയുന്നവർ ക്വുർആനിന്റെ അനുയായിയല്ല ശത്രുവാണ്, എന്ന് മനസ്സിലാക്കണമെങ്കിൽ ക്വുർആൻ തന്നെ മനസ്സിരുത്തി അർഥം ഗ്രഹിച്ച് ഒരാവർത്തി വായിച്ചു നോക്കിയാൽ മതി. കാരണം ക്വുർആൻ പഠിപ്പിക്കുന്നത് നബിﷺയെ പിൻപറ്റാനാണ്. അല്ലാഹുവിനോടൊപ്പം റസൂലിനെയും അനുസരിക്കാൻ നിരവധി സൂക്തങ്ങളിലൂടെ ക്വുർആൻ ആവശ്യപ്പെടുന്നു: "ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!" (4:69).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെയും അവന്റെ റസൂലിനെയും അനുസരിക്കുക..." (8:20).

"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു" (33:36).

"...നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന്

**സുന്നത്തിന്റെ അഭാവത്തിൽ ആചാരാനുഷ്ഠാനങ്ങളിലും നിർബന്ധമായ ആരാധനകർമങ്ങളിൽ പോലും ഒരു ഏകഭാവമുണ്ടാവില്ല. അല്ലാഹു അംഗീകരിച്ചതും തൃപ്തിപ്പെട്ടതുമായ സുന്നത്തും അവൻ വെറുക്കുന്നതും അംഗീകരിക്കാത്തതുമായ ബിദ്അത്തുകളും വേർതിരിച്ചറിയാൻ കഴിയാതെ വരും. തന്നിഷ്ടപ്രകാരം ആചാരാനുഷ്ഠാനങ്ങൾ നിർമിക്കുന്നതിലേക്ക് ആളുകളെ നയിക്കലായിരിക്കും സുന്നത്ത് നിഷേധത്തിന്റെ അനന്തരഫലം.**

അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക...'' (59:7).

മുഹമ്മദ് നബിﷺയുടെ വിധിവിലക്കുകളെയും അധ്യാപനങ്ങളെയും അംഗീകരിക്കുകയോ അനുസരിക്കുകയോ ചെയ്യാത്തവർ യഥാർഥ വിശ്വാസികളല്ലെന്നും ക്വുർആൻ ഉണർത്തുന്നു: "ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല'' (4:65).

മുഹമ്മദ് നബിﷺയെ അനുസരിക്കൽ വാസ്തവത്തിൽ അല്ലാഹുവിനോടുള്ള അനുസരണമാണ്. കാരണം അല്ലാഹുവാണ് അദേഹത്തെ പ്രവാചകനായി അയച്ചത്. ആ പ്രവാചകനെ ധിക്കരിക്കൽ അല്ലാഹുവിനെ ധിക്കരിക്കലുമാണ് അല്ലാഹു പറയുന്നു: "(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിഞ്ഞുവോ അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല'' (4:80).

"തീർച്ചയായും നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ അല്ലാഹുവോട് തന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്കു മീതെയുണ്ട്. അതിനാൽ ആരെങ്കിലും (അത്) ലംഘിക്കുന്ന പക്ഷം ലംഘിക്കുന്നതിന്റെ ദോഷഫലം അവന് തന്നെയാകുന്നു. താൻ അല്ലാഹുവുമായി ഉടമ്പടിയിൽ ഏർപെട്ട കാര്യം വല്ലവനും നിറവേറ്റിയാൽ അവന്ന് മഹത്തായ പ്രതിഫലം നൽകുന്നതാണ്'' (48:10).

സുന്നത്തിനെ കയ്യൊഴിക്കുന്നവർക്ക് ക്വുർആൻ ഉദ്ധരിക്കാനുള്ള ധാർമികാവകാശം പോലുമില്ല. കാരണം, ക്വുർആൻ ഇന്ന് കാണുന്ന ക്രമത്തിൽ ക്രോഡീകരിക്കുകയും ചിട്ടപ്പെടുത്തുകയും ചെയ്തത് നബിﷺയുടെ പ്രത്യേക നിർദേശപ്രകാരമാണ്. ക്വുർആനിന്റെ അവതരണക്രമത്തിലല്ല ക്രോഡീകരിക്കപ്പെട്ടിട്ടുള്ളത് എന്ന് സാരം. ആദ്യമവതരിപ്പിച്ച സൂക്തങ്ങൾ 96-ാം അധ്യായത്തിലാണുള്ളത്. അല്ലാഹുവിൽ നിന്നുള്ള വഹ്‌യിന്റെ അടിസ്ഥാനത്തിൽ നബിﷺ നിർദേശിച്ചത് പ്രകാരം സ്വഹാബത്ത് അപ്രകാരം രേഖപ്പെടുത്തി എന്നാണ് പ്രമാണങ്ങൾ വ്യക്തമാക്കുന്നതും മുസ്‌ലിംകൾ വിശ്വസിക്കുന്നതും. എന്നാൽ 'സുന്നത്ത് വേണ്ട, ക്വുർആൻ മതി' എന്ന് പറയുന്നവർക്ക് ഈ കാര്യം എങ്ങനെ സ്വീകാര്യമാവും? ക്വുർആനിലെവിടെയും ഇന്ന അധ്യായത്തിന് ശേഷം ഈ അധ്യായം എന്ന ക്രമം വിശദീകരിക്കുന്നില്ലല്ലൊ. വിരോധാഭാസമെന്നു പറയട്ടെ, എന്നിട്ടും സുന്നത്ത്‌നിഷേധികൾ ഇത്രാമത്തെ അധ്യായത്തിലെ ഇത്രാമത്തെ സൂക്തമെന്നൊക്കെ പറയുകയും എഴുതുകയും ചെയ്യാറുണ്ട്.

സുന്നത്തിന്റെ അഭാവത്തിൽ ആചാരാനുഷ്ഠാനങ്ങളിലും നിർബന്ധമായ ആരാധനകർമങ്ങളിൽ പോലും ഒരു ഏകഭാവമുണ്ടാവില്ല. അല്ലാഹു അംഗീകരിച്ചതും തൃപ്തിപ്പെട്ടതുമായ സുന്നത്തും അവൻ വെറുക്കുന്നതും അംഗീകരിക്കാത്തതുമായ ബിദ്അത്തുകളും വേർതിരിച്ചറിയാൻ കഴിയാതെ വരും. തന്നിഷ്ടപ്രകാരം ആചാരാനുഷ്ഠാനങ്ങൾ നിർമിക്കുന്നതിലേക്ക് ആളുകളെ നയിക്കലായിരിക്കും സുന്നത്ത് നിഷേധത്തിന്റെ മറ്റൊരു അനന്തരഫലം.

ഒരു വിശ്വാസി മറ്റുള്ളവരോട് എങ്ങനെയെല്ലാം പെരുമാറണമെന്നും എന്തെല്ലാം കടമകളും കടപ്പാടുകളും അവനുണ്ട് എന്നും വ്യക്തമായി വിശദീകരിക്കുന്നതും നബിﷺയുടെ ജീവിതമാതൃകയായ സുന്നത്തിലൂടെയാണ്. നബിﷺയുടെ ശരിയായ ജീവിതചര്യകൾ പഠിക്കുന്ന ആർക്കും അവയുടെ വെളിച്ചവും മഹത്ത്വവും ബോധ്യപ്പെടുന്നതാണ്. എന്നാൽ ഇവയൊക്കെ മാറ്റി നിർത്തിക്കൊണ്ട് ക്വുർആൻ മാത്രം സ്വീകരിച്ചാൽ മതി എന്ന പുത്തൻവാദം ക്വുർആനിനെ അവഗണിക്കലാണ്. ദൈവിക മാർഗദർശനത്തിൽ നിന്ന് ജനങ്ങളെ തടയുന്ന പൈശാചിക ശ്രമമാണത് എന്ന കാര്യം വിശ്വാസികൾ തിരിച്ചറിയേണ്ടതുണ്ട്.

ക്വുർആനിൽ എല്ലാമുണ്ടല്ലോ പിന്നെയെന്തിനാണ് സുന്നത്ത് എന്ന് വീണ്ടും വീണ്ടും ചോദിക്കുന്നവരോട് നമുക്ക് പറയാനുള്ളതിതാണ്. അതെ, ക്വുർആനിലെല്ലാമുണ്ട്. അതിൽപെട്ടതാണ്, ക്വുർആൻ ആവർത്തിച്ച് വ്യക്തമാക്കിയ പ്രവാചക മാതൃക(സുന്നത്ത്) സ്വീകരിക്കുക എന്ന കണിശമായ നിർദേശവും.

ക്വുർആനിന്റെ വിവരണവും പ്രായോഗികരൂപവുമാണ് സുന്നത്ത്. അവ രണ്ടും പരസ്പര പൂരകങ്ങളാണ്. അവ രണ്ടും മുറുകെ പിടിച്ച് ജീവിക്കുവാനാണ് വിശ്വാസികളോട് അല്ലാഹും റസൂലും പഠിപ്പിച്ചത്. ക്വുർആനിന്റെ പ്രഥമ സംബോധിതരും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിയവരുമായ സ്വഹാബത്ത് അടക്കമുള്ള പൂർവികർ ക്വുർആനോടൊപ്പം സുന്നത്തും സ്വീകരിക്കുകയും അതിന്റെ പഠനത്തിനും പ്രചാരണത്തിനുമായി അതുല്യമായ സേവനങ്ങൾ അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെയെല്ലാം പാതയ്ക്കു വിരുദ്ധമായി സുന്നത്ത് കയ്യൊഴിക്കണമെന്ന നൂതനവാദം ഇസ്‌ലാമിന്റെ ശത്രുക്കളുടെ സൃഷ്ടിയാണ്. അതിനാൽ അത്തരം വഴികേടുകൾക്കെതിരിൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ!

ത്വാഹാ റഷാദ്
thwaharashad@gmail.com




# കേരളത്തോടെന്തിനിത്ര കലിപ്പ്?

"In our age there is no such thing as 'keeping out of politics.' All issues are political issues, and politics itself is a mass of lies, evasions, folly, hatred and schizophrenia." 'കള്ളങ്ങളുടെയും ഒഴിഞ്ഞുമാറലുകളുടെയും അബദ്ധങ്ങളുടെയും വെറുപ്പിന്റെയും വിഭ്രാന്തിയുടെയും കൂട്ടമാണ് രാഷ്ട്രീയം എന്ന ബ്രിട്ടീഷ് ഇന്ത്യയിലെ സിവിൽ സെർവന്റിന്റെ മകൻ കൂടിയായ ജോർജ് ഓർവെലിന്റെ നിരീക്ഷണം ജനാധിപത്യഭീമന്റെ സേവകരെന്ന് ഞെളിയുന്ന സകലമാന 'കൈത്താമരചൂലരിവാളു'കാരുടെയും ചെയ്തികളുമായി ചേർത്തുവേക്കാതെ 'അച്ചേ ദിനും' 'ആം ആദ്മീ കാ അധികാറും' നാം ചിന്തിച്ചു കൂടാ.

കേവല സാമ്പത്തിക, രാഷ്ട്രീയ നേട്ടങ്ങൾക്കായി ഇന്നലെ വരെ പ്രസംഗിച്ചതും എഴുതിയതും സൗകര്യപൂർവം വിഴുങ്ങുന്ന വല്ലഭന്മാരും അതേ ലക്ഷ്യങ്ങൾക്കായി കലാപങ്ങളും കൊലപാതകങ്ങളും വിതയ്ക്കുന്ന ചോരക്കൊതിയന്മാരും രാജ്യത്തെ വിറ്റ് കാശാക്കുന്ന കോർപ്പറേറ്റുകളും വാഴുന്നിടത്ത് നാടിനും ജനങ്ങൾക്കുമായി ഓടിനടക്കുന്ന രാജ്യസ്നേഹികൾക്കെന്ത് പ്രസക്തി!

ആയിരക്കണക്കിന് വീടുകൾ അഗ്നിക്കിരയാക്കിയ രാംനാട് കലാപം മുതൽ ആധുനിക ഉത്തർപ്രദേശിലെ ഏറ്റവും ഹീനമായ കലാപം എന്ന് വിശേഷിക്കപ്പെട്ട മുസാഫർ വരെയുള്ള പട്ടികയും 'ഹം യഹാം രാജ്നീതി കർനേ നഹി ആയേ ഹേ' എന്ന ജന്തർമന്ധർ പ്രഖ്യാപനവും 'ഇന്ത്യ തിളങ്ങുന്നു' എന്ന സർക്കാർ പരസ്യവും എല്ലാം ഓർവെലിന്റെ വാക്കുകൾക്ക് അടിവരയിടുന്നു. പോയ വർഷങ്ങളിലെ ഗുജറാത്ത് മോഡൽ വികസന വാദവും 15 ലക്ഷത്തിന്റെ വിതരണ പ്രഖ്യാപനവും രാജ്യത്തിന്റെ മൊത്തം FDI 30 ബില്യൺ മാത്രം ഉള്ളപ്പോൾ വൈബ്രന്റ് ഗുജറാത്ത് പദ്ധതിയിലൂടെ 450 ബില്യൺ വിദേശ നിക്ഷേപം എന്ന അവകാശവാദവും വിശുദ്ധ പശുവിന്റെ മൂത്രം മരുന്നും ഉഛ്വാസം ഓക്സിജനും ആയ മറിമായങ്ങളും എല്ലാം നാസി പ്രചാരകനായിരുന്ന ഗീബൽസിനെ കടംകൊണ്ട കാവിരാഷ്ട്രീയത്തിലെ പോസ്റ്റ് ട്രൂത്ത്

പോളിറ്റിക്സ് പതിപ്പായി കാണേണ്ടിയിരിക്കുന്നു. അവർക്ക് പിന്നിൽ അണിനിരക്കുന്ന അജ്ഞരായ ആയിരങ്ങളും വോട്ടുപെട്ടി നിറക്കുന്ന വർഗീയപ്രസംഗങ്ങളും സത്യം ചെരുപ്പിടുന്നതിനു മുമ്പേ പത്ത് ലക്ഷമെങ്കിലും ഷെയർ നേടുന്ന സോഷ്യൽ മീഡിയയിലെ ന്യൂസ് ഫീഡുകളും പത്രധർമം മാറ്റിമറിച്ച 'പെയ്ഡ് ന്യൂസ്' സംസ്കാരവും കലാപഭൂമിയിലെ അനുഭവം മോഷ്ടിക്കുന്ന അർണബുമാരുമെല്ലാം കളവിൽ പൊതിഞ്ഞ രാഷ്ട്രീയത്തിന്റെ നേർചിത്രങ്ങളാണ്.

കളവുകൾ ഏറ്റു പിടിക്കുവാനും അനുകൂലിക്കുവാനും കൂലി എഴുത്തുകാരും അണികളും ഉള്ളിടത്തോളം ഇതിനൊരറുതിയുണ്ടാവില്ല. ഫാസിസ്റ്റ് ഗീബൽസിയന്മാരുടെയും സംഘപരിവാർ തിങ്ക് ടാങ്കുകളുടെയും ലക്ഷ്യം കേരളമായത് കണ്ണൂരിനെ ചൊല്ലിയുള്ള കണ്ണീരോ അട്ടപ്പാടിയിലെ കഷ്ടപ്പാടിന്റെ സ്വരങ്ങളോ ആയി വിലയിരുത്താവതല്ല. കാരണം ഈ കാവിശീലം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ലല്ലോ. ഗുജറാത്ത് മുഖ്യമന്ത്രി എന്ന നിലയിൽ നിന്ന് മഹാരാജ്യത്തിന്റെ പ്രധാനമന്ത്രി പദം മോഹിച്ച നിമിഷം മുതൽ ഗുജറാത്തിനെ ഇന്ത്യയിലെ പാരീസും ലണ്ടനുമെല്ലാമായി അവതരിപ്പിക്കാനുള്ള ശ്രമമായിരുന്നു. വൈബ്രന്റ് ഗുജറാത്ത് പദ്ധതിയിലൂടെ വരുന്ന കോടികളുടെ കണക്ക് നിരത്തിയും GDP നിരക്കിൽ മുമ്പേയുള്ള അഞ്ചാം സ്ഥാനം ചൂണ്ടി ഒന്നാം സ്ഥാനക്കാർക്ക് പോലുമില്ലാത്ത അവകാശവാദങ്ങളുന്നയിച്ചും വികസിത രാഷ്ട്രങ്ങളോടു താരതമ്യപ്പെടുത്തിയും തന്റെ ഭരണത്തിനു അർഹിക്കാത്ത മേലങ്കി നേടാനുമുള്ള പ്രയത്നമായിരുന്നു പിന്നീട്. ഇതിനായി പ്രാദേശിക, ദേശീയ മാധ്യമങ്ങളെ കൂടെ കിട്ടിയതും നേട്ടമായി. സെക്യുലർ ഭാരതം തള്ളിക്കളഞ്ഞ ഒരു വ്യക്തി ദിവസങ്ങൾക്കുള്ളിൽ ദേശീയ രാഷ്ട്രീയത്തിൽ അനിഷേധ്യനായതിന് പിന്നിൽ ഇങ്ങനെ പലതുണ്ട്. ഗുജറാത്ത് മോഡൽ വികസനത്തെ പ്രകീർത്തിക്കാനും ഭാരതവികസനത്തിന് സജസ്റ്റ് ചെയ്യാനും സാമ്പത്തിക ശാസ്ത്രജ്ഞരായ ജഗദീഷ് ഭഗവതിയും അരവിന്ദ് പനഗാരിയയും മുന്നോട്ട് വന്നതും ഫാസിസ്റ്റ് നിരയിലെ ഗുജറാത്ത് ലോബിക്ക് കരുത്തായി.[1]



എന്നാൽ ഈ അവകാശവാദങ്ങളുടെയെല്ലാം മുനയൊടിച്ചുകൊണ്ട് ഇങ്ങു തെക്കിൽ ഒരു കൊച്ചു നാടുണ്ടായി എന്നത് നിയോഗം; നമ്മുടെ മലയാള നാട്. രാജ്യത്തെ വലതുപക്ഷ നിരീക്ഷണങ്ങൾക്ക് മുന്നിൽ എന്നും ചോദ്യചിഹ്നമായി നിന്ന ഒരേയൊരു സംസ്ഥാനം. ഭഗവതിയുടെയും പനഗാരിയയുടെയും വാദങ്ങൾക്ക് അക്കമിട്ടു നിരത്തിക്കൊണ്ട് വികസന മാതൃകയായി കേരളത്തെ അവതരിപ്പിച്ചത്നോബൽ ജേതാവ് കൂടിയായ സാമ്പത്തിക ശാസ്ത്രജ്ഞൻ അമർത്യാ സെൻ. മറ്റൊരു രാഷ്ട്രീയ ലാഭവുമില്ലാഞ്ഞിട്ടും കേരളത്തിന്റെ വികസന സൂചികകളെ എടുത്ത് കാണിച്ചുകൊണ്ട് ഹാർവാർഡ് യൂണിവേഴ്സിറ്റി പ്രോഫസർ കൂടിയായ അദ്ദേഹം ഫാസിസ്റ്റ് വാദങ്ങളുടെ മുനയൊടിച്ചത് രാഷ്ട്രീയ ലാഭങ്ങൾക്കായി ബീഫ് ഫെസ്റ്റ് നടത്തിയതിനോടോ സമാന സംഭാവങ്ങളോടോ തുലനപ്പെടുത്തുവാനാവില്ല. സാമൂഹികവശം അവഗണിച്ചു കൊണ്ടുള്ള വളർച്ചയും സ്വകാര്യ സംരംഭകത്വവും വികസനമായി ഗണിക്കാൻ പോലുമാവില്ലെന്നും കേരളത്തിലെ സ്റ്റേറ്റ് ഡ്രിവൻ പുനർവിതരണ മാതൃകയാണുത്തമം എന്നും അദ്ദേഹം അന്ന് ഉറക്കെ പറഞ്ഞു. അറിഞ്ഞോ അറിയാതെയോ നേടിയെടുത്ത വികസനം മലയാളി അറിഞ്ഞില്ലെങ്കിലെന്താ, കേരള മോഡൽ ഏറ്റുപിടിക്കാൻ അമർത്യാ സെന്നിനോപ്പം അഭിജീത് ബാനർജീ(MIT), ജീൻ ഡ്രീസ് (നാഷണൽ അഡ്വൈസറി കൗൺസിൽ), എസ്തർ ടഫ്ലോ(MIT), മാർത്ത നസ്ബോം(യൂനിവേഴ്സിറ്റി ഓഫ് ചിക്കാഗോ) എന്നിങ്ങനെ പലരുമുണ്ടായി.

നെറ്റ് സ്റ്റേറ്റ് ഡൊമെസ്ടിക് പ്രോഡക്റ്റ് (NSDP) കണക്കുകൾ പ്രകാരം രാജ്യത്ത് പത്താം റാങ്കിൽ തുടരുന്ന കേരളം നാലാം സ്ഥാനത്തുള്ള ഗുജറാത്തിനെക്കൾ പിന്നിലാണ് എന്നത് ഭഗവതിയെപ്പോലുള്ള ട്രേഡ് തിയറിസ്റ്റുകൾക്ക് കേരളത്തെ അവഗണിക്കാൻ മാത്രം മതിയായിരുന്നു. അവിടെയും ചോദ്യം ബാക്കിയാണ്; ഗുജറാത്തിനു നാലാം സ്ഥാനമെങ്കിൽ അതിനെക്കാളേറെ ഉത്പാദന ശേഷിയുള്ള മധ്യപ്രദേശും ബീഹാറും വെസ്റ്റ്ബംഗാളും മാതൃകയാകാത്തതെന്ത്? ആ ചോദ്യത്തിന്, 'മുമ്പ് പിന്നിലായിരുന്ന ഞങ്ങൾ ഇന്ന് ഇത്രയുമായില്ലേ?' എന്ന ഗുജറാത്തിന്റെ 'ഞങ്ങൾ പാവം സിദ്ധാന്ത' പ്രകാരമുള്ള മറുപടിയും അപൂർണമാണ്.

പ്രോ ഫാസിസ്റ്റ് ഗുജറാത്ത് മോഡൽ അവതരിപ്പിക്കുക വഴി മോഡി ഭരണം അഥവാ ബി.ജെ.പി ഭരണത്തെ മഹത്ത്വവൽക്കരിക്കുക കൂടിയായിരുന്നു ഇവർ. എന്നാൽ ഉത്പാദന രംഗത്ത് ഗുജറാത്തിന് കേരളത്തിനു മേലുള്ള മേൽക്കൈ ബി.ജെ.പി ഇതര കക്ഷികൾ ഗുജറാത്ത് ഭരിച്ചപ്പോഴും ഉണ്ടായിരുന്നു എന്നതാണ് വസ്തുത.[2] അഥവാ ഇത് ബി.ജെ.പിക്ക് മാത്രം അവകാശപ്പെട്ടതല്ല. കേരളത്തെപോലെ ഉന്നത പഠനം, മികച്ച ജോലി എന്ന ചിന്തകൾക്കപ്പുറത്ത്, വിദ്യാഭ്യാസമില്ലെങ്കിലും എത്രയും പെട്ടെന്ന് വരുമാനം എന്നും ചെറുകിട, വൻകിട ബിസിനസുകൾ എന്നും ചിന്തിക്കുന്ന ഒരു സമൂഹത്തിൽ ഉത്പാദനം വർധിക്കുമെന്നത് സ്വാഭാവികതയാണ്. അതിനാൽ ഉത്പാദന വർധനവ് യാഥാർഥ്യമെങ്കിലും രാജ്യത്തിന് മാതൃക എന്ന മേലങ്കി വകവെച്ച് നൽകാൻ തൽക്കാലം വകുപ്പില്ല.

1951ൽ ഗുജറാത്തിലെ സാക്ഷരത 22%, ദേശീയ ശരാശരി 18%. എന്നാൽ അന്ന് കേരളത്തിൽ 47% സാക്ഷരത ഉണ്ടെന്നും അതിനാൽ സമ്പൂർണ സാക്ഷര കേരളം എന്നത് കേരള മോഡൽ വികസനമായി കാണരുതെന്നും ഭഗവതി പക്ഷവും വാദിച്ചു.[3] എന്നാൽ കേരളത്തിന്റെ വളർച്ചയും വികസനവും ഒരു പാർട്ടിക്കും തീറെഴുതിക്കൊടുത്തുകൊണ്ടല്ല സെൻ കേരള മോഡൽ അവതരിപ്പിച്ചത്. മാറി മാറി വരുന്ന ഭരണകൂടങ്ങൾക്കിടയിലും ചിന്തിക്കുന്ന, ചോദിക്കുന്ന, ഇടപെടുന്ന മലയാളിയുടെ വിജയമായേ അതിനെ കാണേണ്ടതുള്ളൂ. അഥവാ കേരളത്തിന്റെ ഉന്നത നിലവാരം കൂട്ടായ്മയുടെ വിജയമാണ്. കേരളത്തിലെ ഹോസ്പിറ്റലുകളെ ചൂണ്ടി യോഗി പരിഹസിച്ചപ്പോൾ കേരളജനങ്ങളെ ഇകഴ്ത്തിയാൽ ഒറ്റക്കെട്ടായി നേരിടും എന്ന് ഭരണ പ്രതിപക്ഷ പാർട്ടികൾ പറഞ്ഞത് അതിന്റെ തെളിവാണ്. ഖോരഖ്പൂരിലെ ദുരന്ത നായകൻ കേരളത്തിനു മേൽ കുതിരകയരുമ്പോൾ അങ്ങാടിയിൽ തോറ്റതിനു കേരളത്തോടോ എന്നല്ലാതെ എന്തു പറയാൻ! ഉത്തരേന്ത്യയിലെ പാരലൽ പോലിസിംഗിനെ കയറൂരി വിടുകയും അവരുടെ അക്രമങ്ങൾക്കും ഭീകരപ്രവർത്തനങ്ങൾക്കും കുടപിടിക്കുകയും ജുനൈദുമാരും അഖ്‌ലാകുമാരും നജീബുമാരും വാർത്തയായിട്ടും രാജ്യത്ത് വർധിച്ചു വരുന്ന അസഹിഷ്ണുതയുടെ പേരിൽ ലോകരാഷ്ട്രങ്ങളുടെ പഴി കേൾക്കേണ്ടി വന്നിട്ടും അനങ്ങാപ്പാറ നയമെടുക്കുകയും അതേ സമയം അകലെ മാഞ്ചസ്റ്ററിലും പാരീസിലും നടന്ന അക്രമങ്ങളിൽ അപലപിക്കാനുള്ള തിടുക്കത്തിലുമായിരുന്നു 'ആഗോള നായകൻ.' രാജ്യത്ത് അസമാധാനം വിതച്ച് തങ്ങൾക്ക് നേടാനുള്ളതെല്ലാം നേടിയെടുത്തിട്ട് അവസാനം കുറ്റമെല്ലാം അപരന് മേൽ കെട്ടിവെക്കാനുള്ള ശ്രമാമാണിപ്പോൾ. കേരളത്തിന് മേൽ അക്രമങ്ങളുടെയും കൊലപാതകങ്ങളുടെയും പട്ടിക ചാർത്താൻ ദേശീയ നേതാക്കൾ ജന രക്ഷാ യാത്രയിലൂടെ ദിനം പ്രതി ശ്രമിച്ചു കൊണ്ടേയിരിക്കുന്നു. അമ്മമാരുടെ കണ്ണുനീർ വീണ കേരളം, ജിഹാദീ സ്റ്റേറ്റ്, ചുവപ്പ് ഭീകരത, ഉത്തരകൊറിയൻ ഭരണം, ഗുണ്ടകളുടെ ഭരണം എന്നെല്ലാം വിശേഷിപ്പിച്ച അമിത്ഷാ, യോഗി, ഗിരിരാജ് സിംഗ്, സ്മൃതി ഇറാനി, മനോഹർ പരീക്കർ ഉൾപ്പെടെയുള്ള ദേശീയ നേതാക്കൾക്കും വിരിയാത്ത താമരക്ക് തപസ്സിരിക്കുന്ന പ്രാദേശിക നേതാക്കൾക്കും, കിട്ടാത്ത കേരളം പുളിക്കുമെന്ന പ്രാപഞ്ചിക നിയമമാണ് യോജിക്കുക. ഇരുട്ടി വെളുത്തപ്പോഴെക്ക് കേന്ദ്ര മന്ത്രിയായ മുൻ കളക്ടർക്ക് അന്ന് മുതൽ അനന്തപുരിയിലേത് രാജ്യത്തെ ഏറ്റവും മോശം ഭരണവും മോഡിയൻ ഇന്ത്യ വികസിതവും സുരക്ഷിതവുമായത് എങ്ങനെയെന്നറിയാൻ അയൽപക്കം മുതൽ ആഗോള പ്രതിസന്ധി വരെ ചർച്ച ചെയ്യുന്ന മലയാളിക്ക് അധികം നേരമൊന്നും വേണ്ട.

വ്യാവസായിക ഉൽപന്നങ്ങളോ വരുമാനമോ അല്ല കേരളം തേടിയതും നേടിയതും. നല്ല വസ്ത്രവും നല്ല ഭക്ഷണവും നല്ല നാടും നല്ല സംവിധാനവും... ഇതൊന്നും പൂർണമായിട്ടില്ല, എങ്കിലും കേരളത്തിന്റെ സാമൂഹിക വികസന സൂചികകൾ ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും എത്തിപ്പിടിക്കാൻ പറ്റാത്തത്രയും ഉന്നതിയിൽ നിൽക്കുന്നു. കേവലം തെരഞ്ഞെടുപ്പിൽ മാത്രം ഒതുങ്ങാത്ത കേരളത്തിലെ ജനാധിപത്യ ശീലവും സാമൂഹികനീതിയും അതിനു കാരണമായി ചരിത്രകാരൻ രാമചന്ദ്ര ഗുഹ കണക്കാക്കുന്നു.[4]

ഇന്ത്യൻ സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യാ സെന്നും പാക്കിസ്ഥാൻകാരനായ മെഹ്ബൂബുൽ ഹഖും ചേർന്ന് വികസിപ്പിച്ച സൂചികയാണ് HDI (ഹ്യൂമൻ ഡവലപ്മെന്റ് ഇന്റെക്സ്). ആയുർ ദൈർഘ്യവും വിദ്യാഭാസവും ആളോഹരി വരുമാനവും സമന്വയിപ്പിച്ച് ഈ സൂചികയിൽ നാനോൻമുഖ വികസനം കൊണ്ടേ മുന്നിലെത്താനാകൂ. UNDPയിൽ പ്രസിദ്ധീകരിച്ച ഈ സൂചിക അനുസരിച്ച മുന്നിൽ നിൽക്കുന്നത് യൂറോപ്യൻ രാജ്യങ്ങളാണ്. ഇന്ത്യൻ സംസ്ഥാനങ്ങളിലാകട്ടെ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കേരളവും. ശിശു മരണ നിരക്ക്, സാക്ഷരത, ആരോഗ്യം എന്നിവയിലെല്ലാം ഒന്നാമതുള്ള കേരളത്തെ അപഹസിക്കുമ്പോൾ അത് മലർന്നു കിടന്നു മേലോട്ട് തുപ്പിയ ഗതിയായെന്നതാണ് വസ്തുത. ഉപമിക്കപ്പെട്ട സംസ്ഥാനങ്ങളുടെതാകട്ടെ, സങ്കടത്തോടെ പറയട്ടെ സെനെഗൽ, സുഡാൻ രാജ്യങ്ങൾക്ക് സമാനവും.[5]

വികസിത രാഷ്ട്രങ്ങളോട് കിടപിടിക്കുമാറ് ഉയർന്ന വികസന സൂചികകൾ നേടാൻ കേരളത്തി

നു സാധിച്ചതിനു പിന്നിൽ പച്ചയായി പറഞ്ഞാൽ വളർച്ചയിലൂടെയുള്ള വിദ്യാഭ്യാസം എന്നതിന് പകരം വിദ്യാഭ്യാസത്തിലൂടെയുള്ള വളർച്ച എന്ന മാർഗം കേരളം സ്വീകരിച്ചതാണ്. PQLI, HDI, എന്നിങ്ങനെയുള്ള വികസന സൂചികകളിലും മുന്നിലുള്ള സ്കാൻഡിനേവ്യൻ രാഷ്ട്രങ്ങൾ തന്നെയാണ് വിദ്യാഭ്യാസരംഗത്തും ലോകത്ത് മികച്ച് നിൽക്കുന്നത് എന്നത് എന്ത് കൊണ്ട് കേരളം എന്നതിന്റെ ആഗോള ഉദാഹരണമാണ്.

ഈ വളർച്ചക്കിടയിലും തൊഴിലില്ലായ്മ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (EODB)[6], അടിസ്ഥാന സൗകര്യ വികസനം, NSDP എന്നീ മേഖലകളിലെ പിന്നാക്കം അവഗണിച്ചു കൂടാ. അടിസ്ഥാന സൗകര്യ വികസന രംഗത്ത് ബോധപൂർവമായ ഇടപെടലുകൾ ഉണ്ടാകുന്നത് ആശാവഹമാണ്. എങ്കിലും തടസ്സം നിൽക്കുന്ന നിയമ,നയപര നൂലാമാലകൾ ഉദാരവൽക്കരിക്കുവാനും ദീർഘകാലാടിസ്ഥാനത്തിലുള്ള നിക്ഷേപങ്ങൾ ആകർഷിക്കുവാനും നമുക്ക് സാധിക്കേണ്ടതുണ്ട്. കെ.എസ്.ആർ.ടി.സിയുടെ നഷ്ടം പറഞ്ഞു എയർ കേരളക്ക് വിലങ്ങിടുന്ന സമീപനം നാം മാറ്റേണ്ടിയിരിക്കുന്നു. അത് നമ്മുടെ വളർച്ചയെ ഭാവിയിൽ പിന്നോട്ടടിക്കും. ആരോഗ്യ രംഗത്ത് രാജ്യത്തെ ഇതര സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം മുന്നിലെങ്കിലും ഡോക്ടേഴ്സ് ഡെൻസിറ്റി പോലുള്ള സൂചികകൾ ആവശ്യപ്പെടുന്നത് കൂടുതൽ ഡോക്ടർമാരെയും അനുബന്ധ സൗകര്യങ്ങളെയുമാണ്. സ്വകാര്യ ആശുപത്രികളുടെ ചിറകിൽ നേടിയെടുത്ത ഈ മികവ് ഇല്ലാത്തവന്റെ നൊമ്പരമാകാതിരിക്കാൻ ഭരണകൂടം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ നടക്കണം. വെബ്സൈറ്റ് പ്രകാരം, ആറായിരം രൂപ പ്രതിഫലത്തിന് ആൽബർട്ട് ഐൻസ്റ്റീനെ വൈസ് ചാൻസലർ സ്ഥാനത്തേക്ക് ക്ഷണിക്കാൻ തയ്യാറായ കേരള സർവകലാശാല[7]യുടെ ഉന്നത വിദ്യാഭ്യാസരംഗത്തുള്ള ഇച്ഛാശക്തിയും കാഴ്ചപ്പാടുകളും നാം കടം കൊള്ളണം. വിദ്യാഭ്യാസ രംഗം അടിമുടി മാറ്റിക്കൊണ്ട് ഫ്ളക്സിബ്ൾ കരിക്കുലവുമായി മുന്നോട്ട് വന്ന, റാങ്കിങ്ങുകളിൽ ഒന്നാം സ്ഥാനത്തുള്ള[8] ഫിൻലാന്റിൽ നിന്നും നമുക്ക് പഠിക്കാനുണ്ട്. കുറവുകൾ പരിഹരിച്ചു കൊണ്ടുള്ള മുന്നേറ്റമാണ് നാട് ആഗ്രഹിക്കുന്നത്.

ആശയപരമായി സംവിധാനങ്ങൾക്കുള്ള ന്യൂനത അതിന്റെ പ്രതിഫലനത്തിൽ പ്രകടമാകുക തന്നെ ചെയ്യും. ഫോറെക്സും പലിശയും അടിസ്ഥാനമാക്കിയുള്ള ഒരു ഘടന എന്നുള്ള നിലയ്ക്ക് ഈ ന്യൂനതകൾ ഒരു പരിധിക്കപ്പുറം നമുക്ക് തീർക്കാനാവില്ല. വികസനം മനുഷ്യജീവിതത്തിൽ പ്രതിഫലിക്കുമ്പോൾ മാത്രമെ അർഥപൂർണമാകൂ. അതിനാൽ തന്നെ സന്തുലിത വികസനവും വ്യക്തിസമൂഹ വികാസ മാതൃകയുമാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്നത്. പലിശയധിഷ്ഠിത ഇടപാടുകളെ പാടെ നിരാകരിച്ചുകൊണ്ട് ഇസ്‌ലാമിക മൂല്യങ്ങളും നിർദേശങ്ങളും ഉയർത്തിപ്പിടിക്കുന്ന ഒരു മാതൃകാ സമൂഹമാണ് ഇസലാം വിഭാവനം ചെയ്യുന്നത്. അതുകൊണ്ട് തന്നെ രാഷ്ട്ര വളർച്ചയിലും ആയുധ ശേഖരത്തിലും മിലിട്ടറി സാങ്കേതിക വിദ്യയിലും ശാസ്ത്രീയ നേട്ടങ്ങളിലും ഇന്ന് കാണുന്ന മാത്സര്യബുദ്ധിക്ക് ഇസ്‌ലാമിൽ ഒരു സ്ഥാനവുമില്ല.

ജനങ്ങൾക്ക് സമാധാന, സ്വൈരജീവിതം ഉറപ്പാക്കാതെ കണക്കുകൾക്ക് പിന്നാലെ പോയത് കൊണ്ട്ആർക്കും ഒരു നേട്ടവുമില്ല. സമ്പത്ത് ദൈവിക അനുഗ്രഹമാണെന്നും അത് നിയമാനുസൃതം ചെലവഴിക്കണമെന്നും പഠിപ്പിക്കുന്ന ഇസ്‌ലാം സമ്പന്നനും ദരിദ്രനും ഒരു പോലെ മാർഗ നിർദേശങ്ങൾ നൽകുന്നു. സകാത്ത്, ഫിത്വ്ർ സകാത്ത്, പ്രായശ്ചിത്ത ഫിദ്‌യകൾ, സ്വദക്വകൾ(ദാനധർമം), വഖ്ഫുകൾ എന്നിങ്ങനെ സാമൂഹിക സമത്വ നിർവഹണത്തിന്റെ ഉത്തമ മാതൃകയാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്നത്.

പലിശാധിഷ്ഠിത ബാങ്ക് നിക്ഷേപമായോ കൂട്ടിക്കെട്ടി സൂക്ഷിച്ചോ വെക്കാനുള്ളതല്ല പണം. Money is what money does, പണം ചെയ്യുന്നതെന്തോ അതാണ് പണം. കേവല നിക്ഷേപങ്ങൾ പണത്തെ പണമല്ലാതാക്കുന്നു. പിശുക്കിനെയും ധൂർത്തിനെയും ഒരുപോലെ വിമർശിക്കുന്ന ഇസ്‌ലാം അതിനിടയിലെ മിതവ്യയത്തെ പ്രോത്സാഹിപ്പിക്കുന്നു. അല്ലാഹു നൽകിയതിൽ നിന്ന് ചെലവഴിക്കണമെന്നും ചെലവഴിക്കൽ സമ്പത്തിക ചക്രത്തിന്റെ അനിവാര്യത കൂടിയാണെന്നും ഇസ്‌ലാം ബോധ്യപ്പെടുത്തുന്നു.

“നമസ്കാരം മുറപോലെ നിർവഹിക്കുകയും നാം നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നവർ. അവർ തന്നെയാണ് യഥാർത്ഥത്തിൽ വിശ്വാസികൾ. അവർക്ക് അവരുടെ രക്ഷിതാവിങ്കൽ പല പദവികളുണ്ട്. പാപമോചനവും ഉദാരമായ ഉപജീവനവുമുണ്ട്.”(ക്വുർആൻ 8:3,4)

**Ref:**


1. The Economic Times, July 28,2013
2. The Times of India, March 11, 2013
3. Muhammad Salim AP, IIJR, Vol2, Issue7, 2016
4. The hindu, February 05, 2017
5. NDTV, May 13, 2016
6. The Hindu, December 04, 2016
7. www.keralauniverstiy.ac.in/history
8. worldtop20.org, www.oph.fi

അബൂഅമീൻ
mail@nerpatham.com

ഖുർആൻ പഠനം

# പ്രശംസയും അംഗീകാരവും

**"തങ്ങൾ ചെയ്തതിൽ സന്തോഷം കൊള്ളുകയും ചെയ്തിട്ടില്ലാത്ത കാര്യത്തിന്റെ പേരിൽ പ്രശംസിക്കപ്പെടാൻ ഇഷ്ടപ്പെടുകയും ചെയ്യുന്ന ആ വിഭാഗത്തെപ്പറ്റി അവർ ശിക്ഷയിൽ നിന്ന് മുക്തമായ അവസ്ഥയിലാണെന്ന് നീ വിചാരിക്കരുത്. അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്" (ക്വുർആൻ 3:188)**

പേരും പ്രശസ്തിയും അംഗീകാരവുമൊക്കെ പൊതുവിൽ മനുഷ്യർ ആഗ്രഹിക്കുന്നതാണ്. ചിലർ പേരിനും പ്രശസ്തിക്കും അംഗീകാരത്തിനുമായിട്ടാണ് കഠിനാധ്വാനം ചെയ്യുന്നത്. എന്നാൽ സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം സൃഷ്ടികളുടെ അംഗീകാരവും അവർക്കിടയിലെ പേരും പ്രശസ്തിയുമല്ല വലുത്. സ്രഷ്ടാവിന്റെ അടുക്കലുള്ള അംഗീകാരത്തിനും സ്ഥാനമാനങ്ങൾക്കുമാണ്. അതുകൊണ്ടുതന്നെ സൃഷ്ടികളുടെ അംഗീകാരത്തിനും കയ്യടികൾക്കും വേണ്ടി സ്രഷ്ടാവിന്റെ അംഗീകാരം നഷ്ടപ്പെടുത്തുന്ന യാതൊരു പ്രവർത്തനത്തിലും അവർ ഏർപ്പെടുകയില്ല. നിഷ്കളങ്കതയും ആത്മാർഥതയുമായിരിക്കും സത്യവിശ്വാസിയുടെ കർമങ്ങൾക്ക് നിറപ്പകിട്ടേകുന്നത്.

അതിന്റെയടിസ്ഥാനത്തിലുള്ള ഉദ്ദേശ്യശുദ്ധിക്കനുസരിച്ചാണ് കർമങ്ങൾ അല്ലാഹു പരിഗണിക്കുക എന്ന് നബിﷺ ഉണർത്തിയിട്ടുണ്ട്. അതിന് നിരക്കാത്ത യാതൊന്നും തങ്ങളുടെ കർമങ്ങളിൽ വന്നുചേരാതിരിക്കുവാൻ വിശ്വാസികൾ ജാഗ്രത പാലിക്കേണ്ടതുണ്ട്. സത്യവിശ്വാസികളുടെ പ്രഖ്യാപനം അല്ലാഹു ഉണർത്തുന്നത് കാണുക:

"അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽ നിന്നു യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. മുഖം ചുളിച്ചു പോകുന്നതും, ദുസ്സഹവുമായ ഒരു ദിവസത്തെ ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് തീർച്ചയായും ഞങ്ങൾ ഭയപ്പെടുന്നു" (76:711).

പ്രശംസയുടെയും അംഗീകാരങ്ങളുടെയും രംഗങ്ങളിൽ അർഹമായതുപോലും നബിﷺ പലപ്പോഴും അവഗണിക്കുകയാണ് ചെയ്തിരുന്നത്. എന്നാൽ ഇക്കാലത്ത് ആ മാതൃക പാടെ വിസ്മരിക്കപ്പെടുന്ന കാഴ്ചയാണ് കാണാനാകുന്നത്. അർഹമല്ലാത്തതുകൂടി തന്റെ പ്രശസ്തിയുടെ പട്ടികയിൽ എഴുതിച്ചേർക്കാൻ വെമ്പൽകൊള്ളുന്നവരും കുറവല്ല.

3:188ൽ ക്വുർആൻ പറഞ്ഞതും നബിﷺ നൽകിയ മുന്നറിയിപ്പും നാം ഓർക്കുക. സർവ മനുഷ്യരും സമ്മേളിക്കുന്ന പരലോകത്തെ വിചാരണ നാളിൽ സർവസ്വവും സൂക്ഷ്മമായി അറിയുന്ന സർവശക്തനായ അല്ലാഹുവിന്റെ മുമ്പിൽ നിൽക്കുന്ന അവസരത്തിൽ ഇത്തരക്കാരെ പരിഹാസ്യരാക്കിക്കൊണ്ട് അല്ലാഹു ഇപ്രകാരം പറയുമത്രെ: "ഭൗതികലോകത്ത് നിങ്ങൾ ആരെയെല്ലാം കാണിക്കാൻ വേണ്ടിയാണോ പ്രവർത്തിച്ചത് അവരുടെയടുക്കൽ പോയി വല്ല പ്രതിഫലവുമുണ്ടോ എന്ന് അന്വേഷിക്കുക" (അഹ്മദ്).

കാര്യസാധ്യത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി മേലെക്കിടയിലുള്ളവരെ സുഖിപ്പിക്കുന്ന സംസാരങ്ങളുമായി നടക്കുന്നവരെ കാപട്യത്തിന്റെ വക്താക്കളായിട്ടേ വിവേകമതികൾ വിലയിരുത്തുകയുള്ളൂ. അത്തരക്കാരുടെ മുഖത്ത് മണ്ണ് വാരിയിടുവാനാണ് നബിﷺ നിർദേശിച്ചത്. (മുസ്‌ലിം, അബൂദാവൂദ്).

ആളുകൾ ധാർമികമായും ആദർശപരമായും അധഃപതിച്ചാലും വേണ്ടില്ല, തന്നെപ്പറ്റി പുകഴ്ത്തിപ്പറയുന്നവരും തനിക്ക് പാദസേവ ചെയ്യുന്നവരുമായിരിക്കണം അവർ എന്ന മനോഗതി എത്രതന്നെ ഉന്നതസ്ഥാനത്തിരിക്കുന്നവനായാലും ആദർശശാലിയായ ഒരു വിശ്വാസിക്ക് ഉണ്ടാകുവാൻ പാടുള്ളതല്ല. നബിﷺ അത്തരം പ്രവണതകളെ ഗൗരവത്തോടെ വീക്ഷിക്കുകയും മുളയിലേതന്നെ നുള്ളിക്കളയുകയും ചെയ്ത നിരവധി സംഭവങ്ങൾ ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാം.

ഒരിക്കൽ ഒരു ഗ്രഹണമുണ്ടായി. നബിﷺയുടെ പ്രിയപുത്രൻ ഇബ്‌റാഹീം മരണപ്പെട്ട ദിവസമായിരുന്നു അത്. ആളുകൾ ഇവ പരസ്പരം കൂട്ടിക്കെട്ടി പൊടിപ്പും തൊങ്ങലും വെച്ച് പലതും പറയാൻ തുടങ്ങി. പ്രവാചകപുത്രന്റെ വിയോഗത്തിൽ സൂര്യനും ദുഃഖം രേഖപ്പെടുത്തുകയാണ് എന്നുവരെ വർത്തമാനങ്ങളായി. ഇത് ശ്രദ്ധയിൽപ്പെട്ട നബിﷺ അവരെ തിരുത്തി: "സൂര്യനും ചന്ദ്രനുമൊക്കെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ട രണ്ടു ദൃഷ്ടാന്തങ്ങളാണ്. ആരുടെയെങ്കിലും മരണം കൊണ്ടോ ജനനംകൊണ്ടോ അവയ്ക്ക് ഗ്രഹണം ബാധിക്കുകയില്ല." (ബുഖാരി)

നബിﷺ ഉണർത്തി: "ക്രിസ്ത്യാനികൾ ഈസ ബ്നു മർയമിനെ അമിതമായി പുകഴ്ത്തിയതുപോലെ നിങ്ങളെന്നെ പുകഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ ദാസനും ദൂതനുമാകുന്നു" (ബുഖാരി). ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം



# വിസ്മയിപ്പിക്കുന്ന വിശുദ്ധ ക്വുർആൻ

പ്രവാചകൻﷺയുടെ ഏറ്റവും വലിയ മുഅ്ജിസത്ത് വിശുദ്ധ ക്വുർആനാണ്. ഓരോ പ്രവാചകന്റെയും മുഅ്ജിസത്തുകൾ അവരുടെ സമൂഹത്തിന്റെ അവസ്ഥക്ക് യോജിച്ചതായിരിക്കും. ഫിർഔനിന്റെ സമൂഹത്തിൽ മാരണവും മായാജാലവും വ്യാപകമായതിനാലാണ് രൂപംമാറുന്ന വടിയുമായി മൂസാനബി(അ) നിയോഗിതനാകുന്നത്. അത് അവരുടെ പാമ്പുകളെ വിഴുങ്ങിക്കളഞ്ഞു. അവർ അത്ഭുതസ്തബ്ധരായി. അദ്ദേഹം പ്രകടിപ്പിച്ചത് സിഹ്റല്ലെന്നും യാഥാർഥ്യമാണെന്നും അവർ തിരിച്ചറിഞ്ഞു.

"അപ്പോൾ ജാലവിദ്യക്കാർ സാഷ്ടാംഗത്തിലായി വീണു. അവർ പറഞ്ഞു: ലോകരക്ഷിതാവിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതായത് മൂസായുടെയും ഹാറൂന്റെയും രക്ഷിതാവിൽ. അവൻ (ഫിർഔൻ) പറഞ്ഞു: ഞാൻ നിങ്ങൾക്ക് അനുവാദം തരുന്നതിന് മുമ്പായി നിങ്ങൾ അവനിൽ വിശ്വസിച്ചുവെന്നോ? തീർച്ചയായും ഇവൻ നിങ്ങൾക്ക് ജാലവിദ്യ പഠിപ്പിച്ച നിങ്ങളുടെ തലവൻ തന്നെയാണ്. വഴിയെ നിങ്ങൾ അറിഞ്ഞുകൊള്ളും. തീർച്ചയായും നിങ്ങളുടെ കൈകളും നിങ്ങളുടെ കാലുകളും എതിർവശങ്ങളിൽനിന്നായിക്കൊണ്ട് ഞാൻ മുറിച്ചുകളയുകയും, നിങ്ങളെ മുഴുവൻ ഞാൻ ക്രൂശിക്കുകയും ചെയ്യുന്നതാണ്"(ശുഅറാഅ് 46-49).

വൈദ്യം വ്യാപകമായിരുന്ന കാലഘട്ടത്തിലാണ് ഈസാനബി(അ) ജീവിച്ചത്. അതുകൊണ്ട് തന്നെ വൈദ്യന്മാരെ അത്ഭുതപ്പെടുത്തിക്കൊണ്ട് അല്ലാഹുവിന്റെ അനുമതിയോടെ വെള്ളപ്പാണ്ടുകാർക്കും കുഷ്ഠരോഗികൾക്കും ശമനം നൽകിക്കൊണ്ടും മരിച്ചവരെ ജീവിപ്പിച്ചുകൊണ്ടും കളിമണ്ണ് കൊണ്ട് പക്ഷിയുടെ രൂപം പോലുള്ളത് ഉണ്ടാക്കി അതിൽ ഊതി പക്ഷിയായിത്തീരുന്ന ദൃഷ്ടാന്തം കൊണ്ടും അദ്ദേഹംനിയോഗിക്കപ്പെട്ടു. ഇത് അല്ലാഹുവിൽനിന്നുള്ളതാണെന്ന് അവർക്ക് ബോധ്യപ്പെടുകയും ചെയ്തു.

സാഹിത്യത്തിന്റെയും ഭാഷാ നൈപുണ്യത്തിന്റെയും ഉന്നതികളിൽ വിരാജിക്കുന്നവർ അറബികൾക്കിടയിലുണ്ടായിരുന്നു. അതുകൊണ്ട് തന്നെ ക്വുർആനെന്ന മുഅ്ജിസത്ത് അവരെ അത്ഭുതപ്പെടുത്തുമാറ് അവതീർണമായി. ക്വുർആനിന്റെ സവിശേഷത അല്ലാഹു പറയുന്നു:

"അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്"(ഫുസ്സിലത്ത് 42).

കാലം എത്ര മുന്നോട്ട് കുതിച്ചാലും എന്നും അവശേഷിക്കുന്ന മുഅ്ജിസത്താകുന്നു ഇത്. സർവ ജനങ്ങൾക്കുമുള്ള ദൈവിക സന്ദേശങ്ങളുടെ പര്യവസാനമായിക്കൊണ്ട് അതിമഹത്തായ ഈ മുഅ്ജിസത്ത് അല്ലാഹു അവതരിപ്പിച്ചു. എല്ലാ കാലത്തും പാരായണം ചെയ്യപ്പെടുന്നതും പഠന വിധേയമാക്കപ്പെടുന്നതുമായ മുഅ്ജിസത്താകുന്നു വിശുദ്ധ ക്വുർആൻ. ഇത് അല്ലാഹുവിന്റെ കലാമാണെന്നും മനുഷ്യന്റെ വാക്കുകളല്ലെന്നും വിശ്വാസികൾ മനസ്സിലാക്കുന്നു. ഇത്പോലൊന്ന് കൊണ്ടുവരാൻ മനുഷ്യരെയും ജിന്നുകളെയും അല്ലാഹു വെല്ലുവിളിച്ചിട്ടുണ്ട്. അല്ലെങ്കിൽ പത്ത് സൂറത്ത്, അല്ലെങ്കിൽ ഒരു സൂറത്ത്... പ്രവാചകﷺന്റെ നിയോഗമനം മുതൽ ഇന്നുവരെ ആർക്കും അതിനു സാധിച്ചിട്ടില്ല. ഇനിയൊട്ടുമത് സാധിക്കുകയുമില്ല. കഴിഞ്ഞ കാലഘട്ടങ്ങളിൽ നബിﷺക്കും ഇസ്‌ലാമിനും ഒട്ടനവധി ശത്രുക്കളുണ്ടായിട്ട് പോലും അതിനു കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. അല്ലാഹു പറയുന്നു:

"നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ക്വുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റെത്പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ (അതാണല്ലോ വേണ്ടത്). നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല. മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്" (അൽബക്വറ 23-24).

ക്വിയാമത്ത് നാൾ വരേക്കുള്ള വെല്ലുവിളിയാണിത്. അല്ലാഹു വീണ്ടും പറയുന്നു:

"അതല്ല, അദ്ദേഹം (നബി) അത് കെട്ടിച്ചമച്ചു പറഞ്ഞതാണ് എന്ന് അവർ പറയുകയാണോ? അല്ല, അവർ വിശ്വസിക്കുന്നില്ല. എന്നാൽ അവർ സത്യവാൻമാരാണെങ്കിൽ ഇതുപോലുള്ള ഒരു വൃത്താന്തം അവർ കൊണ്ടുവരട്ടെ"(ത്വൂർ 33,34).

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ പറയുന്നു: "മക്കയിലായിരുന്നു ഈ വെല്ലുവിളി. കാരണം യൂനുസ്, ഹൂദ്, ത്വൂർ എന്നീ സൂറത്തുകൾ മക്കയിൽ അവതീർണമായവയാണ്. ഹിജ്റക്ക് ശേഷം മദീനയിലും വെല്ലുവിളി ആവർത്തിച്ചു. അതാണ് സൂറതുൽ ബക്വറയിലെ (മുകളിൽ നാം സൂചിപ്പിച്ച) വചനം.

രണ്ടു കാര്യങ്ങളാണിവിടെ ചിന്താവിഷയമാകുന്നത്:

1. 'നിങ്ങളത് ചെയ്തില്ലെങ്കിൽ ഇനി ഒരിക്കലുമതിന് സാധ്യമല്ല. അതുകൊണ്ട് നരകത്തെ നിങ്ങൾ സൂക്ഷിക്കുക' എന്ന പരാമർശം. ഇതുപോലൊന്ന് കൊണ്ടുവരാൻ സാധ്യമല്ലെന്നും ഈ ക്വുർആൻ സത്യമാണെന്നും ബോധ്യപ്പെട്ടാൽ അതിനെ നിഷേധിക്കുന്നതിൽ അല്ലാഹുവെ ഭയപ്പെടുക. നിഷേധികൾക്ക് താക്കീത് ചെയ്തിട്ടുള്ള ശിക്ഷ നിങ്ങളെ പിടികൂടും.

2. 'ഒരിക്കലുമതിന് സാധ്യമല്ല' എന്ന പരാമർശം. അതെ, ഭാവികാലത്ത് ഒരിക്കലും അതുപോലൊരു സൂറത്ത് കൊണ്ടുവരാൻ സാധ്യമല്ല.

അല്ലാഹു നബിﷺയോട് പറയുന്നു: "(നബിയേ,) പറയുക: ഈ ക്വുർആൻ പോലൊന്ന് കൊണ്ട് വരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ട് വരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും" (ഇസ്റാഅ് 88).

പരസ്പരം സഹകരിച്ചും സഹായിച്ചും എല്ലാവരും ഒന്നടങ്കം ഒരുമിച്ച് കൂടിയാലും സാധ്യമല്ലെന്ന അറിയിപ്പാണ് അല്ലാഹു നൽകുന്നത്. സർവ സൃഷ്ടികളോടുമുള്ള വെല്ലുവിളിയാണിത്. ക്വുർആൻ കേട്ട എല്ലാവരും ഈ വെല്ലുവിളി കേട്ടിട്ടുണ്ട്. എല്ലാവരും അതറിഞ്ഞിട്ടുണ്ട്. എന്നിട്ടും അതുപോലൊന്ന് ആരും ഇതുവരെ കൊണ്ടുവന്നിട്ടില്ല.

നബിﷺയെ നിയോഗിച്ചതു മുതൽ ഈ വെല്ലുവിളി ഇന്നുവരെയും നിലനിൽക്കുന്നു. നബിﷺ നിയോഗിക്കപ്പെട്ടപ്പോൾ എല്ലാവരും കാഫിറുകളായിരുന്നു. നിയോഗമനത്തിന് ശേഷം വളരെ കുറച്ച് പേർ നബിﷺയെ പിൻപറ്റി. സത്യനിഷേധികളാകട്ടെ പ്രവാചകൻﷺയുടെ വാക്കുകളെ തകർക്കാൻ ശ്രമിക്കുന്നവരായിരുന്നു. തങ്ങളാലാവുന്ന എല്ലാ മാർഗവും അതിനവർ വിനിയോഗിച്ചിരുന്നു. നബിﷺയോട് പല അദൃശ്യകാര്യങ്ങളും ചോദിക്കുന്നതിന് മുമ്പ് വേദക്കാരിലേക്ക് പോവുകയും ചോദിക്കുകയും ചെയ്തിരുന്നു. യൂസുഫ് നബിؑയുടെയും അസ്ഹാബുൽ കഹ്ഫിന്റെയും ദുൽക്വർനൈനിയുടെയും കഥകകൾ അങ്ങനെ ചോദിച്ചതിൽ പെട്ടവയാണ്. മുഹമ്മദ് നബിﷺയെ കുറിച്ച് അവർ പറയുന്ന അപരാധങ്ങളിൽ ഐക്യമുണ്ടാക്കുന്നതിന് വേണ്ടി അവർ പരസ്പരം സംഘം ചേർന്നിരുന്നു. പ്രവാചകൻﷺയെ ഭ്രാന്തൻ, മാരണക്കാരൻ, ജ്യോത്സ്യൻ, കവി.... തുടങ്ങി പലതും അവർ വിളിച്ചിരുന്നു.

ക്വുർആനിന്റെ ആവർത്തിച്ചാവർത്തിച്ചുള്ള വെല്ലുവിളി അവരുടെ വാദമുഖങ്ങളെ പിച്ചിച്ചീന്തി. കാരണം, അവർക്കതിന് കഴിയുമായിരുന്നുവെങ്കിൽ

തീർച്ചയായും അവരത് ചെയ്യുമായിരുന്നു. ഏതായാലും ഈ ക്വുർആൻ പോലൊന്ന് കൊണ്ടുവരാൻ ഭൂമിയിലുള്ള സർവരും അശക്തരാണെന്ന് ബോധ്യപ്പെട്ട് കഴിഞ്ഞു.

അനുയായികൾ വളരെ വിരളമായ ഒരു കാലത്താണ് ശക്തവും ഖണ്ഡിതവുമായ ഭാഷയിൽ മക്കയിൽ ഈ വെല്ലുവിളിയുമായി നബിﷺ കടന്നുവരുന്നത്. തന്റെ വിശ്വാസദൃഢതയാണ് നബിﷺ ഇതിലൂടെ വ്യക്തമാക്കിയത്. നബിﷺക്ക് ഇക്കാര്യത്തിൽ സംശയമുണ്ടായിരുന്നുവെങ്കിൽ ഇങ്ങനെ ഒരു വെല്ലുവിളി നടത്തുമായിരുന്നില്ല. കാരണം ആരെങ്കിലും ഇങ്ങനെ ഒന്ന് കൊണ്ടുവന്നാൽ പ്രവാചകനെ വിശ്വസിച്ചതിൽ നിന്നും ആളുകൾ പിൻമാറിപ്പോകുമായിരുന്നു. എന്നാൽ ഇത്രമാത്രം ഉറപ്പോടെ നബിﷺ അത് പ്രഖ്യാപിച്ചുവെങ്കിൽ അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള അറിയിപ്പോടെയാണ് ഇത് എന്നതിൽ ഒരു സംശയവുമില്ല. മനുഷ്യ കഴിവിന്നതീതമാണെന്ന് ഉറച്ച അറിവുണ്ടായാലല്ലാതെ അത് മനുഷ്യർക്ക് സാധിക്കുകയില്ലെന്ന് തുറന്ന് പറയാൻ ഒരാൾക്കും സാധിക്കുകയില്ല. ഈ അറിവ് തന്നെ ക്വുർആൻ മുഅ്ജിസത്താണെന്ന കാര്യം വ്യക്തമാക്കുന്നു.

പല കാരണങ്ങളാൽ ക്വുർആൻ മുഅ്ജിസത്താണ്. പദപ്രയോഗങ്ങൾ, ക്രമീകരണം, പദങ്ങൾ നൽകുന്ന ആശയങ്ങളിലെ സാഹിത്യ സമ്പുഷ്ടി, കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ കാര്യങ്ങളുടെ പരാമർശം എന്നിങ്ങനെ അനേകമനേകം കാര്യങ്ങളെടുത്താൽ എല്ലാ നിലക്കും ക്വുർആൻ അമാനുഷിക ഗ്രന്ഥം തന്നെയാണ് എന്ന് ബോധ്യമാകും. ●


peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**തിരുനബിയോടൊപ്പം**
**വസ്ത്രധാരണ മര്യാദകൾ**
**എപ്പിസോഡ്: 4**
**ഹാരിസ് കായക്കൊടി**
23.10.17 തിങ്കൾ, 6:35 PM, 10:40 PM

**ഇ വായന**
**mp3quran.net എന്ന വെബ്സൈറ്റിനെ പരിചയപ്പെടാം**
**ഷംജിത് വാഴക്കാട്**
23.10.17 തിങ്കൾ 11:00 AM, 24.10.17 ചൊവ്വ 11:45 PM

**ഇ മദ്രസ**
**ജനങ്ങളെ ബുദ്ധിമുട്ടിക്കരുത്**
**ഹസൻ അൻസാരി**
24.10.17 ചൊവ്വ 07:05 AM, 06:05 PM

**ഹൃദയ വസന്തം**
**സൂറ: അൽ ഫതഹ് 6,7: അനസ് സ്വലാഹി**
24.10.17 ചൊവ്വ, 07:45 PM
25.10.17 ബുധൻ, 05:00 PM

**സവിശേഷം**
**സാമൂഹ്യസേവനം നന്മയോടുള്ള അഭിമുഖ്യം**
**ഫൈസൽ എടക്കര (സാമൂഹ്യ പ്രവർത്തകൻ)**
**അബ്ദുസമദ് കല്ലടിക്കോട് (റേഡിയോ പ്രതിനിധി)**
24.10.17 ചൊവ്വ, 09:00 PM, 11:15 PM
25.10.17 ബുധൻ, 10:30 AM

**ഇ മദ്രസ**
**ആരോഗ്യം ഒരു അനുഗ്രഹം**
**ജംഷീർ സ്വലാഹി**
25.10.17 ബുധൻ 07:20 AM, 06:05 PM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ**
**എപ്പിസോഡ്: 75**
**അബൂബക്കർ സലഫി**
26.10.17 വ്യാഴം 4:30 PM, 9:30 PM, 27.10.17 വെള്ളി 9:30 PM

**സുപഥം**
**അന്ധവിശ്വാസങ്ങളുടെ ലോകം, എപ്പിസോഡ്: 5**
**ഫൈസൽ മൗലവി**
27.10.17 വെള്ളി 04:30 PM, 09:30 PM
28.10.17 ശനി 09:30 AM

**സ്നേഹക്കൂട്**
**സാമൂഹ്യ വളർച്ച, എപ്പിസോഡ്: 3**
**അഷ്റഫ് ഏകരൂൽ**
27.10.17 വെള്ളി 08:20 AM
28.10.17 ശനി 12:20 AM, 8:20 AM

**ടീൻസ് ടൈം**
**നന്മകളെ നിസ്സാരവൽക്കരിക്കരുത്**
**സഊദ് ചാലിശ്ശേരി**
28.10.17 ശനി 9:00 PM, 11:15 PM,
29.10.17 ഞായർ 10:30 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

കെ.എ. ബഷീർ
mail@nerpatham.com

ബാലപഥം

# നന്ദിയും ക്ഷമയും

വാഫിമോൻ വളരെ സന്തോഷത്തോടെ വീട്ടിലേക്ക് ഓടിയെത്തി.

'ഉമ്മാ, ഉപ്പാ, എനിക്ക് എല്ലാവിഷയങ്ങൾക്കും എ പ്ലസ് ഉണ്ട്.'

അത് പറയുമ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. വളരെ കഷ്ടപ്പെട്ട് പഠിച്ച് വാങ്ങിയ വിജയമാണത്. ഉറക്കമില്ലാത്ത നാളുകൾക്കുള്ള സമ്മാനം.

'നന്നായി മോനേ, അൽഹംദുലില്ലാഹ്'- അല്ലാഹുവിനെ സ്തുതിച്ച് കൊണ്ട് പിതാവ് അവന്റെ അടുത്തേക്ക് വന്നു.

ചുമലിൽ കൈവെച്ചുകൊണ്ട് അദ്ദേഹം സൗമ്യഭാവത്തിൽ ചോദിച്ചു: 'മോനേ, നീ ഉറക്കമൊഴിച്ചിരുന്നു പഠിച്ചു. അതിന്റെ ഗുണം നിനക്ക് കിട്ടി. എന്നാൽ നീ നിന്റെ റബ്ബിന് വേണ്ടി ഒരു രാത്രിയെങ്കിലും ഉറക്കമൊഴിച്ചിട്ടുണ്ടോ?'

അവന് അതിന് മറുപടിയുണ്ടായിരുന്നില്ല. തഹജ്ജുദ് നമസ്കരിക്കുവാൻ ഉപ്പ വിളിച്ചിട്ടും എനിക്ക് പഠിക്കണം എന്നു പറഞ്ഞ് വായനയിൽ മുഴുകിയിരുന്നത് അവൻ ഓർത്തു.

'അല്ലാഹു നിന്നെ പൂർണ ആരോഗ്യവാനാക്കി, ബുദ്ധിശക്തിയും ഓർമശക്തിയും നൽകി. ആ റബ്ബിന് നന്ദി ചെയ്യൽ നിന്റെ കടമയാണ്.'

മരണത്തിന് ശേഷമുള്ള ജീവിതമാണ് ശാശ്വതമെന്നും ലഭിച്ച നേട്ടത്തിന് നന്ദി കാണിക്കണമെന്നും അദ്ദേഹം മകനെ ഉപദേശിച്ചു. വാഫിമോന് ഉപ്പ പറഞ്ഞതിന്റെ ഗൗരവം മനസ്സിലായി. ഇനി മുതൽ താൻ നന്ദിയും അനുസരണയുമുള്ള കുട്ടിയായി ജീവിക്കുമെന്ന് അവൻ ഉറപ്പിച്ചു.

നേർപഥത്തിന്റെ വായനക്കാരായ കൂട്ടുകാരേ, നിങ്ങളിൽ പല പ്രായക്കാരുമുണ്ടാകും. എല്ലാവരും മനസ്സിലാക്കുവാൻ ചില കാര്യങ്ങൾ പറയട്ടെ.



ജീവിതം ഒരു പരീക്ഷണവേദിയാണ്. അതിൽ വിജയിക്കേണ്ടത് ഓരോ മുസ്‌ലിമിന്നും അനിവാര്യമാണ്. 'നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവർ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ' (67:2) എന്നാണ് അല്ലാഹു ക്വുർആനിലൂടെ നമ്മെ അറിയിച്ചിട്ടുള്ളത്.

നബിമാരും അവരുടെ അനുയായികളും നിരവധി പരീക്ഷണങ്ങൾക്ക് വിധേയരായിട്ടുണ്ട്. അവരെല്ലാം ക്ഷമിച്ചു. നമ്മുടെ നബി മുഹമ്മദ്ﷺയും സ്വഹാബികളും മർദിക്കപ്പെട്ടു. അവർ ക്ഷമിച്ചു. സ്വന്തം നാടും വീടും വിട്ട് മദീനയിലേക്ക് പലായനം ചെയ്തു.

പ്രവാചകൻമാർ അവർ നേരിട്ട പരീക്ഷണങ്ങളിലെല്ലാം ക്ഷമയിലൂടെ വിജയം കൈവരിച്ചവരാണ്. പ്രതിസന്ധികളിൽ തളരാതെ ദൃഢവിശ്വാസത്തോടെ മുന്നോട്ട് പോയാൽ അല്ലാഹു കൈവെടിയുകയില്ല.

ഇബ്‌റാഹീം നബിﷺ തന്റെ മകനായ ഇസ്മാഈലിനെ അല്ലാഹുവിന്റെ കൽപനപ്രകാരം ബലിയറുക്കുവാൻ തയ്യാറായ കാര്യം കൂട്ടുകാർ പഠിച്ചിട്ടുണ്ടാകുമല്ലോ. ആ സംഭവം നമുക്ക് ക്വുർആനിൽ ഇങ്ങനെ വായിക്കാം: "എന്നിട്ട് ആ ബാലൻ അദ്ദേഹത്തോടൊപ്പം പ്രയത്നിക്കാനുള്ള പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ കുഞ്ഞുമകനേ! ഞാൻ നിന്നെ അറുക്കണമെന്ന് ഞാൻ സ്വപ്നത്തിൽ കാണുന്നു. അതുകൊണ്ട് നോക്കൂ: നീ എന്താണ് അഭിപ്രായപ്പെടുന്നത്? അവൻ പറഞ്ഞു: എന്റെ പിതാവേ, കൽപിക്കപ്പെടുന്നതെന്തോ അത് താങ്കൾ ചെയ്തുകൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം ക്ഷമാശീലരുടെ കൂട്ടത്തിൽ താങ്കൾ എന്നെ കണ്ടെത്തുന്നതാണ്. അങ്ങനെ അവർ ഇരുവരും (കൽപനക്ക്) കീഴ്പെടുകയും, അവനെ നെറ്റി (ചെന്നി) മേൽ ചെരിച്ചു കിടത്തുകയും ചെയ്ത സന്ദർഭം! നാം അദ്ദേഹത്തെ വിളിച്ചുപറഞ്ഞു: ഹേ! ഇബ്‌റാഹീം, തീർച്ചയായും നീ സ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു. തീർച്ചയായും അപ്രകാരമാണ് നാം സദ്‌വൃത്തർക്ക് പ്രതിഫലം നൽകുന്നത്. തീർച്ചയായും ഇത് സ്പഷ്ടമായ പരീക്ഷണം തന്നെയാണ്"(37:102-107).



പരീക്ഷണത്തിൽ അവർ വിജയിച്ചു. മകനെ ബലിയറുക്കേണ്ടെന്നും പകരം ഒരു മൃഗത്തെ ഹറുത്താൽ മതിയെന്നും അല്ലാഹു അവരെ സന്തോഷവർത്ത അറിയിക്കുകയും ചെയ്തു.


മുഹമ്മദ് നബിﷺ പറയുന്നു: 'സത്യവിശ്വാസിയുടെ കാര്യം അത്ഭുതകരം തന്നെ. നിശ്ചയം അവന്റെ എല്ലാം അവന് ഗുണകരമാണ്. സത്യവിശ്വാസിയല്ലാത്ത ഒരാൾക്കും അതില്ല. അവന് വല്ല നന്മയും വന്ന്ചേർന്നാൽ അവൻ നന്ദി ചെയ്യും. അപ്പോൾ അത് അവന് ഗുണകരമാണ്. വല്ല വിപത്തും അവന് വന്ന് ചേർന്നാൽ അവൻ ക്ഷമിക്കും. അപ്പോൾ അതും അവന് ഗുണകരമാണ്' (മുസ്‌ലിം).

കുട്ടികളേ, ക്ഷമ മഹത്തായ ഒരു അനുഗ്രഹമാണ്. ക്ഷമകൊണ്ട് അളവറ്റ അനുഗ്രഹങ്ങൾ നേടിയെടുക്കുവാൻ നമുക്ക് സാധിക്കും. അല്ലാഹു പറയുന്നു: 'സത്യവിശ്വാസികളേ, നിങ്ങൾ സഹനവും നമസ്കാരവും മുഖേന അല്ലാഹുവിനോട് സഹായം തേടുക. തീർച്ചയായും ക്ഷമിക്കുന്നവരോടൊപ്പമാകുന്നു അല്ലാഹു' (ക്വുർആൻ 2:153).

ബുദ്ധിമാനായ മനുഷ്യൻ എത്രവലിയ പരീക്ഷണം നേരിട്ടാലും ക്ഷമ പാലിക്കും. കോപിക്കുകയോ സങ്കടപ്പെടുകയോ ഇല്ല. അതെല്ലാം അല്ലാഹുവിന്റെ വിധിയാണെന്ന് അവൻ മനസ്സിലാക്കും. ക്ഷമിച്ചാലും ഇല്ലെങ്കിലും സംഭവിക്കേണ്ടത് സംഭവിക്കും. ക്ഷമിച്ചാൽ പ്രതിഫലമുണ്ട്. വിപത്ത് സംഭവിക്കുമ്പോൾ ക്ഷമ കൈക്കൊള്ളുകയും 'ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ' എന്ന് പറയുകയും ചെയ്യുന്നവർക്ക് റബ്ബിന്റെ അനുഗ്രഹവും കരുണയും ലഭിക്കും. വീട്ടിലും സ്കൂളിലും മറ്റെല്ലാ സ്ഥലങ്ങളിലും ക്ഷമ കാണിച്ചുകൊണ്ട് ജീവിക്കുവാൻ നാം പഠിക്കണം.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com






# ഇബ്‌റാഹീം നബി عليه السلام

ഒരു മുസ്‌ലിം പല സന്ദർഭങ്ങളിലായി പേര് പരാമർശിക്കുന്ന പ്രവാചകനാണ് ഇബ്‌റാഹീം നബി عليه السلام. ക്വുർആനിൽ 69 സ്ഥലങ്ങളിൽ ഇബ്‌റാഹീം നബി عليه السلامന്റെ പേര് പരാമർശിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ മാർഗം പിന്തുടരുവാൻ മുഹമ്മദ് നബിﷺയോട് അല്ലാഹു കൽപിച്ചിട്ടുമുണ്ട്. അല്ലാഹു കൽപിക്കുന്നതെന്തും ജീവിതത്തിൽ പ്രകടമാക്കിയ വിനീതനും ത്യാഗിയുമായ മഹാനാണ് ഇബ്‌റാഹീം عليه السلام. ഇറാക്വിലായിരുന്നു ജനനം എന്നാണ് അറിയപ്പെട്ടിടത്തോളം നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത്. ഇങ്ങനെ പറയുവാൻ കാരണം അദ്ദേഹത്തിന്റെ ജനന സ്ഥലം ഏതെന്ന് പരിശുദ്ധ ക്വുർആനിലോ സ്വഹീഹായ ഹദീഥുകളിലോ പരാമർശിക്കപ്പെട്ടിട്ടില്ല എന്നതാണ്. പിതാവിന്റെ പേര് ആസർ എന്നാണെന്ന് ക്വുർആനിൽ നിന്നും ഹദീഥിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

“ഇബ്‌റാഹീം തന്റെ പിതാവായ ആസറിനോട് പറഞ്ഞ സന്ദർഭം (ഓർക്കുക)” (ക്വുർആൻ 6:74).

“അന്ത്യനാളിൽ ഇബ്‌റാഹീം തന്റെ പിതാവ് ആസറിനെ കാണും...” (ബുഖാരി).

ആസർ എന്നത് അദ്ദേഹത്തിന്റെ പിതാവിന്റെ പേരല്ലെന്നും പിതാവിന്റെ പേര് താരിഹ് അല്ലെങ്കിൽ താറഹ് എന്നായിരുന്നുവെന്നും ആസർ എന്നത് അദ്ദേഹത്തിന്റെ പിതൃവ്യനാണെന്നും ചിലരെല്ലാം അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ക്വുർആനിലും ഹദീഥിലും പിതാവ് ആസർ എന്ന് വ്യക്തമായി വന്നിരിക്കെ അത്തരം അഭിപ്രയാങ്ങളെ ഒരു നിലയ്ക്കും പരിഗണിക്കേണ്ടതില്ല.

സൂര്യചന്ദ്രനക്ഷത്രാദികളെയും കല്ലുകൊണ്ടും മരംകൊണ്ടും കൊത്തിയുണ്ടാക്കിയ വിഗ്രഹങ്ങളെയും വണങ്ങിയും അവയോട് പ്രാർഥിച്ചുംകൊണ്ടിരിക്കുന്ന ബഹുദൈവ വിശ്വാസികൾക്കിടയിലാണ് അദ്ദേഹത്തിശന്റ ജനനം. വിഗ്രഹങ്ങളെ കൊത്തിയുണ്ടാക്കി വിൽപന നടത്തുന്ന പിതാവ്! നാട്ടുകാരും വീട്ടുകാരും സമുഹവും ഭരണാധികാരികളുമെല്ലാം ബഹുദൈവാരാധകർ...!

ഇബ്‌റാഹീം عليه السلام ചെറുപ്പം മുതലേ (പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പ്തന്നെ) ബഹുദൈവാരാധനയോട് വിയോജിപ്പ് പ്രകടിപ്പിക്കുമായിരുന്നുവെന്ന് ചരിത്രങ്ങളിൽ കാണാം. പിതാവ് ആസർ വിഗ്രഹങ്ങളെയുണ്ടാക്കി വിൽക്കാനായി മകനെ ചന്തയിലേക്ക് പറഞ്ഞു വിടും. മനസ്സില്ലാ മനസ്സോടെ, ആ ഭാരവും പേറി ചന്തയിൽ പോയി ‘ഉപകാരവും ഉപദ്രവവും ചെയ്യാത്ത ഇവയെ ആരാണ് വാങ്ങാനുള്ളതെ’ന്ന് ചോദിക്കുമായിരുന്നു! അതുപോലെ വലിയ ജലാശയത്തിൽ മുക്കി അവയോട് വെള്ളം കുടിക്കുവാനും ആവശ്യപ്പെടും. സൃഷ്ടിപൂജയുടെ നിരർഥകത അദ്ദേഹത്തിന് ചെറുപ്പത്തിൽ തന്നെ മനസ്സിലായിരുന്നു എന്ന് വ്യക്തം.

ഏകദൈവ വിശ്വാസത്തിന്റെ മാർഗത്തിൽ അദ്ദേഹം നടത്തിയ ത്യാഗോജ്ജ്വലമായ പ്രവർത്തനം ഭുവനപ്രസിദ്ധമാണ്. ജൂതന്മാർക്കിടയിലും ക്രൈസ്തവർക്കിടയിലും മക്കയിലെ മുശ്‌രിക്കുകൾക്കിടയിലും മുസ്‌ലിംകൾക്കിടയിലും അദ്ദേഹത്തിന്റെ ചരിത്രം പ്രശസ്തമാണെന്ന് മാത്രമല്ല, എല്ലാവരും തങ്ങൾ അദ്ദേഹത്തിന്റെ പിൻതലമുറക്കാരാണെന്ന് അവകാശപ്പെടുന്നവരുമാണ്. യഥാർഥത്തിൽ ആരാണ് ഇബ്‌റാഹീം നബിﷺയുടെ ആദർശ പിൻഗാമികൾ?

അല്ലാഹു പറയുന്നു: "അതല്ല, ഇബ്‌റാഹീമും ഇസ്മാഈലും ഇസ്ഹാക്വും യഅ്ക്വൂബും യഅ്ക്വൂബ് സന്തതികളുമെല്ലാം തന്നെ യഹൂദരോ ക്രൈസ്തവരോ ആയിരുന്നു എന്നാണോ നിങ്ങൾ പറയുന്നത്" (ക്വുർആൻ 2:140).

ജൂതക്രൈസ്തവർ തങ്ങളുടെ പാരമ്പര്യം ഇബ്‌റാഹീം നബിﷺയിലേക്ക് ചേർത്ത് പറയുന്നു. അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ എന്ന ഏകദൈവാദർശത്തിന്റെ ഉന്നമനത്തിന് വേണ്ടി പടപൊരുതിയ മഹാനാണ് ഇബ്‌റാഹീംﷺ. അതിന് വിരുദ്ധമായ ആദർശവുമായി നടക്കുന്ന ജൂതക്രൈസ്തവർ എങ്ങനെ ഇബ്‌റാഹീം നബിﷺയുടെ പിൻഗാമികളാകും? അവരോട് അല്ലാഹു ചോദിക്കുന്നു:

"വേദക്കാരേ, ഇബ്‌റാഹീമിന്റെ കാര്യത്തിൽ നിങ്ങളെന്തിനാണ് തർക്കിക്കുന്നത്? തൗറാത്തും ഇൻജീലും അവതരിപ്പിക്കപ്പെട്ടത് അദ്ദേഹത്തിനു ശേഷം മാത്രമാണല്ലോ. നിങ്ങളെന്താണ് ചിന്തിക്കാത്തത്?"(ക്വുർആൻ 3:65)

ഇബ്‌റാഹീം നബിﷺക്ക് ശേഷം അവതരിക്കപ്പെട്ട വേദഗ്രന്ഥങ്ങളാണല്ലോ തൗറാത്തും ഇൻജീലും. അതിൽ എവിടെയും ഇബ്‌റാഹീംﷺ സ്രഷ്ടാവായ അല്ലാഹുവിന് പുറമെ മറ്റു വല്ല സൃഷ്ടികളോടും പ്രാർഥിക്കുവാനോ അവയുടെ മുമ്പിൽ വണങ്ങുവാനോ ആഹ്വാനം ചെയ്തതായി കാണുകയില്ല. അതിനാൽ നിങ്ങൾ കൂടുതൽ തർക്കിച്ച് അവകാശപ്പെട്ടിട്ട് കാര്യമില്ല. നിങ്ങളുടെ വിശ്വാസവും ഇബ്‌റാഹീംﷺന്റെ വിശ്വാസവും പൊരുത്തപ്പെട്ട് പോകുന്ന വിശ്വാസമല്ല. ഇതെല്ലാമാണ് ഈ സൂക്തത്തിലൂടെ അല്ലാഹു അറിയിക്കുന്നത്. മക്കാ മുശ്‌രിക്കുകൾ ഇബ്‌റാഹീംﷺന്റെ ആളുകളാണെന്ന് അവകാശപ്പെടുന്നവരും അദ്ദേഹത്തിന്റെയും മറ്റു പല നബിമാരുടെയും വിഗ്രഹങ്ങൾ കഅ്ബയിൽ പ്രതിഷ്ഠിച്ചവരും അവയോട് പ്രാർഥിക്കുകയും ചെയ്യുന്നവരായിരുന്നു. ഈ മൂന്ന് വിഭാഗങ്ങളുടെയും അവകാശവാദത്തെ അല്ലാഹു തള്ളിപ്പറയുകയും ഇബ്‌റാഹീംﷺന്റെ മാർഗത്തിലുള്ളത് ആരെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നത് കാണുക:

"ഇബ്‌റാഹീം യഹൂദനോ ക്രിസ്ത്യനോ ആയിരുന്നില്ല. എന്നാൽ അദ്ദേഹം ശുദ്ധമനസ്ഥിതിക്കാരനും (അല്ലാഹുവിന്ന്) കീഴ്പെട്ടവനും ആയിരുന്നു. അദ്ദേഹം ബഹുദൈവാരാധകരിൽ പെട്ടവനായിരുന്നിട്ടുമില്ല" (ക്വുർആൻ 3:67).

ഇത് ഒന്നുകൂടി ഇപ്രകാരം വ്യക്തമാക്കുകയും ചെയ്തു:

"തീർച്ചയായും ജനങ്ങളിൽ ഇബ്‌റാഹീമിനോട് കൂടുതൽ അടുപ്പമുള്ളവർ അദ്ദേഹത്തെ പിന്തുടർന്നവരും ഈ പ്രവാചകനും (അദ്ദേഹത്തിൽ) വിശ്വസിച്ചവരുമാകുന്നു. അല്ലാഹു സത്യവിശ്വാസികളുടെ രക്ഷാധികാരിയാകുന്നു" (ക്വുർആൻ 3:68).

ഉസൈർﷺ അല്ലാഹുവിന്റെ പുത്രനാണെന്ന് പറയുന്ന യഹൂദികൾ അല്ലാഹുവിന് പുറമെ മഹാനായ ഉസൈർﷺനോട് പ്രാർഥിക്കുന്നവരാണ്. ഈസാﷺ അല്ലാഹുവിന്റെ പുത്രനാണെന്ന് വാദിച്ച് അദ്ദേഹത്തോടും മാതാവ് മർയമിനോടും മറ്റും പ്രാർഥിക്കുന്നവരാണ് ക്രൈസ്തവർ. തൗഹീദിന്റെ മാർഗത്തിൽ തീയിൽ എറിയപ്പെട്ടപ്പോഴും 'എനിക്ക് അല്ലാഹു മതി'യെന്ന് ഉറച്ചു പ്രഖ്യാപിച്ച ഇബ്‌റാഹീംﷺനെ തന്നെ ആരാധിക്കുന്നവരാണ് മക്കയിലെ ബഹുദൈവാരാധകൾ. ഇവരുടെയെല്ലാം അവകാശ വാദത്തെ അല്ലാഹു തള്ളിക്കളയുകയും മുഹമ്മദ് നബിﷺയും അദ്ദേഹത്തിൽ വിശ്വസിച്ചവരുമാണ് ഇബ്‌റാഹീം നബിﷺയോട് അടുത്തവർ എന്ന് അല്ലാഹു സന്തോഷവാർത്ത അറിയിക്കുകയാണ് ഉപര്യുക്ത വചനത്തിലൂടെ.

മക്കയിലെ ബഹുദൈവവിശ്വാസികൾ കഅ്ബയിൽ ഇബ്‌റാഹീംﷺന്റെയും ഇസ്മാഈൽﷺന്റെയും വിഗ്രഹങ്ങൾ നാട്ടിയിരുന്നു. മക്കാവിജയത്തിനു മുമ്പ് ഇത് കാണുമ്പോൾ നബിﷺക്ക് വലിയ വിഷമം ഉണ്ടായിരുന്നു. എന്തു ചെയ്യാൻ? അത് എടുത്തു മാറ്റുവാൻ അല്ലാഹുവിന്റെ അനുവാദം ലഭിച്ചിട്ടില്ലല്ലോ! നബിﷺ ഒന്നും ചെയ്തില്ല.

ഇബ്‌റാഹീംﷺന്റെ വിഗ്രഹത്തിന്റെ കൈയിൽ കുറെ അമ്പുകൾ അവർ വെച്ചിരുന്നു; ഭാഗ്യ പരീക്ഷണത്തിനായി. അതിൽ ഒന്നിൽ 'ചെയ്തോളൂ' എന്നും ഒന്നിൽ 'ചെയ്യരുത്' എന്നും മറ്റൊന്നിൽ 'പൂജ്യം' എന്നും അർഥമുള്ള പദങ്ങൾ എഴുതിയിരുന്നു. ജാഹിലിയ്യ കാലത്തെ ബഹുദൈവാരാധകർ യാത്രക്കോ, വിവാഹത്തിനോ മറ്റു വല്ലതിനോ ഉദ്ദേശിച്ചാൽ കഅ്ബയിൽ വരും. കണ്ണടച്ച് ഇബ്‌റാഹീംﷺന്റെ പേരിൽ നാട്ടിയ വിഗ്രഹത്തിന്റെ കൈയിലുള്ള അമ്പുകളിൽ ഒന്നെടുക്കും. ആദ്യം പറഞ്ഞതാണ് കിട്ടിയതെങ്കിൽ അവർ അപ്രകാരം ചെയ്യും. രണ്ടാമത് പറഞ്ഞതാണ് ലഭിച്ചതെങ്കിലോ അവർ ഉദ്ദേശിച്ച പ്രവർത്തനം ചെയ്യില്ല. മൂന്നാമത് പറഞ്ഞതാണ് കിട്ടിയതെങ്കിൽ ഭാഗ്യ പരീക്ഷണം ഒന്നു കൂടി നടത്തും. ഇത് അവർ പുലർത്തിപ്പോരുന്ന അന്ധവിശ്വാസമായിരുന്നു. നബിﷺ മക്കാവിജയ ദിവസം കഅ്ബയിൽ പ്രവേശിച്ചു. ഈ കാഴ്ച കണ്ട പ്രവാചകന്റെ മനസ്സ് വല്ലാതെ വേദനിച്ചു. അവിടുത്തെ

**മനുഷ്യർ പരസ്പരം സ്നേഹത്തിൽ കഴിയേണ്ടവർ തന്നെയാണ്. ശത്രുവാണെങ്കിലും അവൻ അപകടത്തിൽ പെട്ടാൽ മുസൽമാൻ അവിടെ ഓടിയെത്തണം, സഹായിക്കണം. വിശക്കുന്നതും വേദനിക്കുന്നതും ഏത് മതവിശ്വാസിയാണെങ്കിലും നാം സഹായഹസ്തം നീട്ടണം. ഇതെല്ലാം തന്റെ ആദർശം നിലനിർത്തിക്കൊണ്ടുതന്നെയാണ് ചെയ്യേണ്ടത്.**

കൈയ്യിലുണ്ടായിരുന്ന വടികൊണ്ട് അവയെല്ലാം പുറത്തെടുത്ത് കളഞ്ഞു. എന്നിട്ട് ഇപ്രകാരം പറഞ്ഞു: 'സത്യം വന്നു, അസത്യം തകർന്നു. അസത്യം തകരേണ്ടതു തന്നെയാണ്.' 'അല്ലാഹുവാണ സത്യം, ഈ രണ്ട് മഹാന്മാരും ഒരിക്കലും ഭാഗ്യപരീക്ഷണത്തെ അനുകൂലിച്ചവരല്ല' എന്ന് വിഗ്രഹങ്ങളെ പുറത്ത് കളയുമ്പോൾ അദ്ദേഹം പറഞ്ഞിരുന്നു.

അവകാശവാദങ്ങൾ കൊണ്ടൊന്നും കാര്യമില്ല. സത്യത്തോട് പൊരുത്തപ്പെടലാണ് പ്രധാനം. ഇന്നും പല ആളുകളും ഞങ്ങളാണ് സത്യത്തിന്റെ വക്താക്കളെന്ന് അവകാശപ്പെട്ട് സത്യത്തിന് നിരക്കാത്ത പല വിശ്വാസ, ആചാര, അനുഷ്ഠാന മുറകളുമായി നടക്കുന്നുണ്ട്. എല്ലാവർക്കും ഗുണപാഠമുണ്ട് മേൽ വിവരിച്ച സംഭവത്തിൽ.

നബിﷺയുടെയും സ്വഹാബികളുടെയും പൂർവികരായ സച്ചരിതരുടെയും മാർഗവുമായി ആരുടെ മാർഗം യോജിക്കുന്നുവോ അവരാണ് സത്യത്തിന്റെ കക്ഷിയെന്ന് നാം മനസ്സിലാക്കണം. നബിﷺ തന്നെ അത് നമ്മെ അറിയിച്ചിട്ടുണ്ട്.

മുആവിയ ؓവിൽ നിന്ന്: അദ്ദേഹം പറഞ്ഞു: "അറിയുക, തീർച്ചയായും നബിﷺ ഞങ്ങളിൽ നിന്ന് എഴുന്നേറ്റുകൊണ്ട് പറഞ്ഞു: 'അറിയുക, തീർച്ചയായും നിങ്ങളുടെ പൂർവികരായ വേദക്കാർ എഴുപത്തിരണ്ട് വിഭാഗമായി പിരിഞ്ഞു. തീർച്ചയായും എന്റെ മില്ലത്ത് (മാർഗം) എഴുപത്തി മൂന്നായും പിരിയും. (അതിൽ) എഴുപത്തി രണ്ട് വിഭാഗം നരകത്തിലാണ്, അതിൽ ഒന്ന് സ്വർഗത്തിലുമായിരിക്കും. (ആ ഒന്ന്) അൽ ജമാഅയാണ്" (അബൂദാവൂദ്).

മറ്റൊരു റിപ്പോർട്ട് കാണുക: "എന്റെ സമുദായം എഴുപത്തി മൂന്ന് മില്ലത്തായി കക്ഷികളാകും. അവരിൽ ഒന്നൊഴികെ മറ്റുള്ളവരെല്ലാം നരകത്തിലാണ്.' അവർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, അത് ആരാണ്?' നബിﷺ അരുളി: 'ഞാനും എന്റെ സ്വഹാബികളും ഏതിൽ നിലകൊള്ളുന്നുവോ (അതിൽ നിൽക്കുന്നവർ)"(തുർമുദി).

സത്യത്തിന്റെ കക്ഷി ഏതെന്ന് വേർതിരിച്ചറിയാനുള്ള മാർഗം ഒന്നേയുള്ളൂ. നബിﷺയും സ്വഹാബത്തും സ്വീകരിച്ച വിശ്വാസമാണോ, ആചാരമാണോ നമ്മുടെ കൈയിലുള്ളതെന്ന് പരിശോധിക്കുക. അതിൽ പെടാത്തത് വല്ലതും നമ്മുടെ അടുത്തുണ്ടെങ്കിൽ ഒഴിവാക്കുക. അതെ, ഇതു തന്നെയാണ് സലഫി മൻഹജ്. അഥവാ പൂർവികരുടെ മാർഗം.

**ഇബ്റാഹീംؑയുടെ മഹത്ത്വങ്ങൾ**

അല്ലാഹു ഇബ്റാഹീം നബിؑനെയും കുടുംബത്തെയും പ്രത്യേകം ശ്രേഷ്ഠമാക്കി. നാം ദിനേന പലതവണ ചൊല്ലിക്കൊണ്ടിരിക്കുന്ന സ്വലാത്ത് അതിനു തെളിവാണ്:

"അല്ലാഹുവേ, ഇബ്റാഹീം നബിക്കും ഇബ്റാഹീം നബിയുടെ കുടുംബത്തിനും നീ ഗുണം ചെയ്തത് പോലെ മുഹമ്മദ് നബിക്കും മുഹമ്മദ് നബിയുടെ കുടുംബത്തിനും നീ ഗുണം ചൊരിയേണമേ. തീർച്ചയായും നീ സ്തുത്യർഹനും മഹത്ത്വമുള്ളവനുമാകുന്നു. അല്ലാഹുവേ, ഇബ്റാഹീം നബിക്കും ഇബ്റാഹീം നബിയുടെ കുടുംബത്തിനും നീ അനുഗ്രഹം ചെയ്തത് പോലെ മുഹമ്മദ് നബിക്കും മുഹമ്മദ് നബിയുടെ കുടുംബത്തിനും നീ അനുഗ്രഹം ചൊരിയേണമേ. തീർച്ചയായും നീ സ്തുത്യർഹനും മഹത്ത്വമുള്ളവനുമാണ്."

അല്ലാഹു പറയുന്നത് കാണുക: "തീർച്ചയായും ആദമിനെയും നൂഹിനെയും ഇബ്റാഹീം കുടുംബത്തേയും ഇംറാൻ കുടുംബത്തെയും ലോകരിൽ ഉൽകൃഷ്ടരായി അല്ലാഹു തെരഞ്ഞെടുത്തിരിക്കുന്നു" (ക്വുർആൻ 3:33).

അല്ലാഹുവിന്റെ അനുഗ്രഹം പൂർത്തിയായി നൽകപ്പെട്ട പ്രവാചകന്മാരിൽ ഒരാളാണ് ഇബ്റാഹീം ؑ.

"നിന്റെ മേലും യഅ്ക്വൂബ് കുടുംബത്തിന്റെ മേലും അവന്റെ അനുഗ്രഹങ്ങൾ അവൻ നിറവേറ്റുകയും ചെയ്യുന്നതാണ്; മുമ്പ് നിന്റെ രണ്ട് പിതാക്കളായ ഇബ്റാഹീമിന്റെയും ഇസ്ഹാകിന്റെയും കാര്യത്തിൽ അതവൻ നിറവേറ്റിയത് പോലെത്തന്നെ" (ക്വുർആൻ 12:6).

ചെറുപ്പത്തിൽ തന്നെ വീട്ടിലും നാട്ടിലും നടക്കുന്ന ബഹുദൈവാരാധന ശരിയല്ലെന്നും അതിൽ നിന്ന് ജനങ്ങളെ പിന്തിരിപ്പിക്കേണ്ടതുണ്ടെന്നുമുള്ള സത്യത്തോടുള്ള ഒരു ഉൾവിളി അല്ലാഹു നൽകി:

"മുമ്പ് ഇബ്റാഹീമിന് തന്റേതായ വിവേകം നാം നൽകുകയുണ്ടായി. അദ്ദേഹത്തെ പറ്റി നമുക്കറിയാമായിരുന്നു" (21:51).

വിവേകം എന്നത് എന്താണെന്ന് ഇബ്നു കസീർ ؒ വിവരിക്കുന്നത് ഇപ്രകാരമാണ്:

"അതായത്, അദ്ദേഹത്തിന് ചെറുപ്പത്തിലേ സത്യത്തെ കുറിച്ചുള്ള ഒരു ബോധം (ഇൽഹാം), തന്റെ സമൂഹത്തിനെതിരിൽ നിരത്താനുള്ള തെളിവുകളും (നാം നൽകി). അല്ലാഹു പറഞ്ഞത് പോ

ലെ: 'ഇബ്റാഹീമിന് തന്റെ ജനതയ്ക്കെതിരായി നാം നൽകിയ ന്യായപ്രമാണമത്രെ അത് (ക്വുർആൻ 6:83)" (തഫ്സീർ ഇബ്നു കഥീർ).

**ഇബ്റാഹീം നബി(അ)യുടെ വിശേഷണങ്ങൾ**

സത്യസന്ധൻ: "വേദഗ്രന്ഥത്തിൽ ഇബ്റാഹീമിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു" (ക്വുർആൻ 19:41).

"തീർച്ചയായും ഇബ്റാഹീം അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം തന്നെയായിരുന്നു. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല. അവന്റെ (അല്ലാഹുവിന്റെ) അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുന്നവനായിരുന്നു അദ്ദേഹം. അദ്ദേഹത്തെ അവൻ തെരഞ്ഞെടുക്കുകയും നേരായ പാതയിലേക്ക് നയിക്കുകയും ചെയ്തു. ഇഹലോകത്ത് അദ്ദേഹത്തിന് നാം നന്മ നൽകുകയും ചെയ്തിരിക്കുന്നു. പരലോകത്താകട്ടെ തീർച്ചയായും അദ്ദേഹം സദ്വൃത്തരുടെ കൂട്ടത്തിലായിരിക്കും" (ക്വുർആൻ 16:120-122).

ഈ ആയത്തിൽ 9 വിശേഷണമാണ് ഇബ്റാഹീം നബി(അ)ക്ക് അല്ലാഹു നൽകുന്നത്.

1) അദ്ദേഹം ഒരു സമുദായമായിരുന്നു.

ഒരു സമുദായത്തിന് ഏതൊരു വിഷയത്തിലും മാതൃകയാകത്തക്കവിധത്തിലായിരുന്നു അദ്ദേഹത്തിന്റെ ജീവിതം; ഏത് വിഷയത്തിലും പിന്തുടരപ്പെടാൻ അർഹതയുള്ള ഇമാം.

2) അല്ലാഹുവിന് കീഴ്പെട്ട് ജീവിക്കുന്നയാളായിരുന്നു.

അല്ലാഹുവിനെ ഭയക്കുന്നതിലും അവന്റെ നിയമ നിർദേശങ്ങൾ പാലിക്കുന്നതിലും അദ്ദേഹം അങ്ങേയറ്റം ശ്രദ്ധ നൽകിയിരുന്നു. തെറ്റല്ലാത്ത ഒരു കാര്യം പോലും തെറ്റാകുമോയെന്ന് ഭയപ്പെട്ട, അല്ലാഹുവിന്റെ എളിമയുള്ള അടിമയായിരുന്നു അദ്ദേഹം. ശഫാഅത്തിന്റെ ഹദീഥ് വിവരിക്കുന്ന സമയത്ത് അത് നമുക്ക് മനസ്സിലാക്കാം. ഇൻ ശാ അല്ലാഹ്.

3) നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊണ്ടയാളായിരുന്നു.

അല്ലാഹുവിന്റെ കൽപനകൾ നിറവേറ്റുന്നതിൽ അദ്ദേഹത്തിന് ഒന്നും തടസ്സമായിരുന്നില്ല. പ്രതിസന്ധികളെ മുഴുവനും തരണം ചെയ്ത് സത്യസരണിയിൽ ഉറച്ചു നിന്നു.

4) അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല.

ഇബ്റാഹീം(അ)നെക്കുറിച്ച് ക്വുർആൻ പരാമർശിക്കുന്ന മിക്ക സ്ഥലങ്ങളിലും കാണാൻ കഴിയുന്ന ഒരു വിശേഷണമാണിത്. എന്തിനാണിത് ആവർത്തിച്ചു പറഞ്ഞത്? എല്ലാ പ്രവാചകന്മാരും അങ്ങനെ തന്നെയാണല്ലോ! ഇബ്റാഹീം(അ) ജീവിച്ച ചുറ്റുപാടിന്റെ അവസ്ഥ നാം മനസ്സിലാക്കി. വീട്ടുകാരും നാട്ടുകാരും കുടുംബവും ഭരണാധികാരികളുമെല്ലാം ബഹുദൈവാരാധകർ. അതിനിടയിലാണ് മഹാനായ ഇബ്റാഹീം(അ) ഒറ്റക്ക് ഏകദൈവാരാധകനായി നിലകൊള്ളുന്നത്; ബഹുദൈവാരാധനയുടെ ഒരു കണിക പോലും അദ്ദേഹത്തെ സ്പർശിച്ചില്ല.

നമ്മുടെ നാട് ബഹുസ്വരതയുടെ നാടാണല്ലോ. ഏത് മതക്കാരനും തന്റെ മതം അനുസരിച്ച് ജീവിക്കുവാനും അത് മറ്റുള്ളവരിൽ പ്രബോധനം ചെയ്യുവാനും സ്വാതന്ത്ര്യമുള്ള നാട്. ബഹുദൈവാരാധനയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽനിന്ന് മാറിനിൽക്കാൻ ഇവിടെ സ്വാതന്ത്ര്യമുണ്ട്. എന്നിട്ടും പല മുസ്ലിം നാമധാരികളും അത്തരം കാര്യങ്ങളിൽ പങ്കുചേരുന്ന കാഴ്ച നാം കാണാറുണ്ട്. എന്നാൽ യാതൊരു അനുകൂല സാഹചര്യവുമില്ലാത്ത; എതിർക്കുന്നവർ മാത്രമുള്ള ഒരു ജനതയിൽ വളർന്ന ഇബ്റാഹീം(അ)നെ അതൊന്നും സ്പർശിച്ചില്ല.

മത സൗഹാർദം എന്ന പേരിൽ വിശ്വാസങ്ങളും ആചാരങ്ങളും കൈമാറി കൊണ്ടാടുന്നവരാണ് ചിലരെല്ലാം. അവർ ധരിക്കുന്നത് സ്നേഹവും സൗഹൃദവും നിലനിൽക്കണമെങ്കിൽ ഇങ്ങനെയെല്ലാം ആവണമെന്നാണ്. മനുഷ്യർ പരസ്പരം സ്നേഹത്തിൽ കഴിയേണ്ടവർ തന്നെയാണ്. ശത്രുവാണെങ്കിലും അവൻ അപകടത്തിൽ പെട്ടാൽ മുസൽമാൻ അവിടെ ഓടിയെത്തണം, സഹായിക്കണം. വിശക്കുന്നതും വേദനിക്കുന്നതും ഏത് മതവിശ്വാസിയാണെങ്കിലും നാം സഹായഹസ്തം നീട്ടണം. ഇതെല്ലാം തന്റെ ആദർശം നിലനിർത്തിക്കൊണ്ടുതന്നെയാണ് ചെയ്യേണ്ടത്.

5) അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുന്നവനായിരുന്നു.

അദ്ദേഹത്തിന് അല്ലാഹു എന്തെല്ലാം അനുഗ്രഹം നൽകിയോ അതൊന്നും അദ്ദഹത്തിന് അല്ലാഹുവിനെ ഓർക്കുന്നതിനോ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിനോ തടസ്സമായില്ല.

6,7) അദ്ദേഹത്തെ അവൻ തെരഞ്ഞെടുക്കുകയും നേരായ പാതയിലേക്ക് നയിക്കുകയും ചെയ്തു.

അല്ലാഹുവിന് വഴിപ്പെടുന്ന കാര്യത്തിൽ ഏറെ മുന്നിലായിരുന്ന അദ്ദേഹത്തെ അല്ലാഹു പ്രത്യേകം തെരഞ്ഞടുക്കുകയും ഏത് പ്രതിസന്ധിയിലും കൃത്യമായ വഴി കാണിച്ച് അദ്ദേഹത്തെ നേർവഴിയിലാക്കുകയും ചെയ്തു.

8) ഇഹലോകത്ത് അദ്ദേഹത്തിന് അല്ലാഹു നന്മ നൽകുകയും ചെയ്തിരിക്കുന്നു.

9) പരലോകത്ത് തീർച്ചയായും അദ്ദേഹം സദ്വൃത്തരുടെ കൂട്ടത്തിലായിരിക്കും. ●

പ്രൊഫ: ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com






# പഠന സംവിധാനത്തിലെ വിയോജിപ്പ്

***ഞാ***ൻ ഒരു ആറ് വയസ്സുകാരന്റെ പിതാവാണ്. അവന്റെ മദ്‌റസയിൽ പരീക്ഷ അടുത്തുവന്നിട്ടുണ്ട്. പക്ഷേ, അവൻ ക്വുർആൻ മാത്രമെ അൽപമെങ്കിലും പഠിച്ചിട്ടുള്ളു. ഞാൻ ജോലി കഴിഞ്ഞ് വന്നതിനു ശേഷം ഉറങ്ങാൻ കിടക്കുമ്പോൾ മൊബൈലിൽ കേൾപിച്ചിട്ടാണ് അവൻ പഠിക്കുന്നത്. ബാക്കിയുള്ള വിഷയങ്ങൾ പഠിപ്പിക്കാൻ എനിക്ക് സമയം കിട്ടുന്നില്ല.

എന്റെ ഭാര്യ അറബിക്കോളേജിൽ പഠിച്ചവളാണ്. അവളുടെ സഹായം ഉണ്ടാകും എന്നുള്ള പ്രതീക്ഷയിലാണ് ഞാൻ പുതുതായി തുടങ്ങിയ വീക്കെന്റ് മദ്‌റസയിൽ ചേർത്തത്. പക്ഷേ, അവളിൽ നിന്ന് ഒരു നിലയ്ക്കുമുള്ള സഹായവും കിട്ടുന്നില്ല. എന്നു മാത്രമല്ല അവളിൽ നിന്ന് ഒരു പാട് വെറുപ്പിക്കുന്ന സംസാരങ്ങൾ കേൾക്കേണ്ടി വരികയും ചെയ്യുന്നു. എന്റെ ക്ഷമ ചില സന്ദർഭങ്ങളിൽ നഷ്ടപ്പെടുകയും ശകാരിക്കുകയും ചെയ്യേണ്ടി വരുന്നു. ഞങ്ങളുടെ ബന്ധത്തിൽ ഇത് വലിയ വിള്ളൽ സൃഷ്ടിക്കുന്നുണ്ട്. ഈ രൂപത്തിൽ കുട്ടിയുടെ പഠനം മുന്നോട്ടു കൊണ്ടുപോകുവാൻ ബുദ്ധിമുട്ടുണ്ട്. സാധാരണ മദ്‌റസയിൽ ചേർത്താൽ പഠിപ്പിക്കാം എന്ന് അവൾ പറയുന്നു. എന്റെ ഉപ്പയും ഉമ്മയും അവളുടെ ഉപ്പയും ഉമ്മയും എല്ലാം അവൾക്ക് സപ്പോർട്ടാണ്. ഞാൻ വല്ലാത്ത മാനസിക പ്രയാസത്തിലാണുള്ളത്. എന്നെ സംബന്ധിച്ചടത്തോളം നേരത്തെ വരാൻ കഴിയാത്ത ഒരു അവസ്ഥയാണ്. ദീനിബോധം നോക്കി കല്യാണം കഴിച്ചതാണ്. അൽപം സാമ്പത്തികമുള്ളത് ഒരു പ്രയാസമായി പോയി എന്ന് ഇപ്പോൾ തോന്നുന്നു. എന്ത് തീരുമാനെടുക്കണം എന്ന് അറിയില്ല. രാവിലെ കുട്ടിയെ എഴുന്നേൽപിക്കലും പ്രഭാതകൃത്യങ്ങൾ ചെയ്യിക്കലുമെല്ലാം ഞാൻ തന്നെ ചെയ്യണം. ചായ പോലും ഞാൻ ഉണ്ടാക്കണം. ഭക്ഷണം ഹോട്ടലിൽ നിന്ന് വാങ്ങുകയും ചെയ്യുന്നു. ഭാര്യയുടെ സ്വഭാവം ഇന്നല്ലെങ്കിൽ നാളെ മാറും എന്നുള്ള പ്രതീക്ഷയുണ്ടായിരുന്നു. പക്ഷേ, വെറുപ്പുണ്ടാക്കുന്ന കാര്യങ്ങളാണ് അവളിൽ നിന്ന് അനുദിനം എനിക്ക് കിട്ടുന്നത്. എന്താണ് ഞാൻ ചെയ്യേണ്ടത്?

**ഭാ**ര്യഭർത്താക്കന്മാർക്കിടയിൽ സംഭവിക്കാറുള്ള ഭിന്നതകളുടെ പൊതുവായ കാരണവും നിർദേശിക്കാവുന്ന ഒരു പരിഹാരവുമാണ് ഈ ചോദ്യം വായിച്ചപ്പോൾ മനസ്സിൽ വന്നത്. ഒരു കാര്യത്തിൽ ഭിന്നവീക്ഷണങ്ങളുണ്ടാവുക എന്നത് സ്വാഭാവികമാണ്. കാരണം, രണ്ട് വ്യത്യസ്ത വ്യക്തികളുടെ കാഴ്ചപ്പാടുകൾ ഭിന്നമാവുന്നത് സ്വാഭാവികം മാത്രം. എന്നാൽ അത് ഭാര്യഭർത്താക്കന്മാർ തമ്മിലാകുമ്പോൾ ജീവിതം തന്നെ പ്രയാസകരമാവും. അത് കുട്ടികളുടെ കാര്യത്തിലാവുമ്പോൾ അവർ മാനസികമായി തകരും. ഒരു വിഷയത്തെ മാതാവും പിതാവും രണ്ട് രൂപത്തിൽ സമീപിച്ചാൽ മക്കൾ ആശയക്കുഴപ്പത്തിലാകും. വിട്ടുവീഴ്ച ചെയ്യാവുന്ന കാര്യങ്ങളാണെങ്കിൽ ഒരാൾ വിട്ടുവീഴ്ച ചെയ്തിട്ടെങ്കിലും അഭിപ്രായ ഐക്യം ഉണ്ടാക്കണം. വിഷയങ്ങളിൽ യോജിപ്പുണ്ടാക്കി സ്വസ്ഥതയും സമാധാനവും ഉണ്ടാക്കാവുന്ന ചില നിർദേശങ്ങൾ താഴെ കൊടുക്കുന്നു:

1. കൂടിയാലോചന: കുടുംബവുമായി ബന്ധപ്പെട്ട പുതിയൊരു കാര്യം ദമ്പതികളിൽ ഒരാൾ ചിന്തിച്ചുതുടങ്ങുമ്പോഴേക്കും ആ ആശയത്തിൽ ഇണയുമായി കൂടിയാലോചന തുടങ്ങണം. ഇവിടെ ഉന്നയിച്ച കാര്യം തന്നെ നമുക്ക് ഉദാഹരണമായി എടുക്കാം. മദ്റസയിൽ കുട്ടിയെ പഠിപ്പിക്കണമെന്ന കാര്യത്തിൽ ഇവിടെ അഭിപ്രായ വ്യത്യാസമില്ല. അത് പ്രത്യേക സിലബസ്സോടും ലക്ഷ്യത്തോടും കൂടി നടത്തുന്ന വീക്കെന്റ് മദ്റസയിലാകണമോ അതോ സാധാരണയായി നടന്നുകൊണ്ടിരിക്കുന്ന മദ്റസയിലാകണമോ എന്ന വിഷയത്തിലാണ് ഇവിടെ തർക്കം. വീക്കെന്റ് മദ്റസ എന്ന ആശയത്തിൽ തുടക്കത്തിലേ പരസ്പരം ചർച്ച ചെയ്തിരുന്നെങ്കിൽ ഒരു പക്ഷേ, ഈ ഭിന്നത ഒഴിവാക്കാമായിരുന്നു. അപ്പോൾ അവളുടെ വിയോജിപ്പുകൾ അവൾ തുറന്നുപറയും; അത് പരിഹരിച്ച് മുന്നോട്ട് പോകുവാനും കഴിയും.

ഞായറാഴ്ച മാത്രമെ കുട്ടിയെ കൂടെക്കിട്ടൂ എന്നോ ആ ദിവസങ്ങളിൽ പുറത്ത് പോകാൻ ബുദ്ധിമുട്ടുണ്ടാകുമെന്നോ ഒക്കെ ഒരു പക്ഷേ, അവളുടെ മനസ്സിലുണ്ടാകാം. അത് തീരുമാനമെടുക്കും മുമ്പ് മാത്രമെ അവൾ തുറന്ന് പറയൂ. അതിന് പ്രായോഗികമായ പരിഹാരമുണ്ടാക്കുകയോ അല്ലെങ്കിൽ വീക്കെന്റ് മദ്റസയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുകയോ ചെയ്യാമായിരുന്നു. ഇനി അതിന് അവസരമില്ല. ചിലർ തങ്ങളോട് ആലോചിക്കാതെ തീരുമാനിച്ചത് കൊണ്ട് മാത്രം വിയോജിക്കുന്നവരാണ്. അത്തരക്കാർ ഒരു ചോദ്യം കൊണ്ട് മാത്രം കൂടെ നിൽക്കും. ഇതും കൂടിയാലോചനയുടെ ഗുണമാണ്. കൂടിയാലോചനകൾ ഇല്ലാതാകുന്നത് ഞാൻ ചെയ്യുന്നത് പൂർണമായും ശരിയാണ്, അതിൽ ഇനി ഒരാളുടെയും അഭിപ്രായം ആവശ്യമില്ല എന്ന തെറ്റായ വിശ്വാസത്തിൽ നിന്നുമാണ്. അത് താൻ സ്വന്തമായി ചെയ്യുന്ന കാര്യങ്ങളിൽ ഭാഗികമായി ശരിയായിരിക്കാം. മറ്റൊരാളുടെ സഹകരണം വേണമെന്ന് നിർബന്ധമുണ്ടെങ്കിൽ അയാളുമായി കൂടിയാലോചിച്ചേ പറ്റൂ. അത് കൊണ്ടാണല്ലോ വീഴ്ച വരുത്തിയവരോട് പോലും കൂടിയാലോചന നടത്താൻ നബിﷺയോട് അല്ലാഹു നിർദേശിച്ചത്.

“(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പ്കൊടുക്കുകയും അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്” (3:159).

2. ഒന്നിച്ചുള്ള പഠനം: ഇണകളിൽ ഒരാൾക്കുണ്ടാകുന്ന മതപരമായ അറിവ് കൂടെയുള്ളവർക്ക് ലഭിക്കാതെ പോകുന്നു എന്നതാണ് മറ്റൊരു കാരണം. ഒന്നിച്ച് തന്നെ ജുമുഅകളിലും ക്വുർആൻ പഠനക്ലാസ്സുകളിലും മതപ്രഭാഷണങ്ങളിലും പങ്കെടുക്കുക എന്നതാണ് മറ്റൊരു പരിഹാരം. ഒരു പക്ഷേ, വീക്കെന്റ് മദ്റസയയുടെ ആശയം ചോദ്യകർത്താവിന് ലഭിച്ച അതേ വേദിയിൽ നിന്ന് ഭാര്യക്കും ലഭിച്ചിരുന്നുവെങ്കിൽ ഇങ്ങനെ ഒരു പ്രശ്നം തന്നെ ഉൽഭവിക്കുമായിരുന്നില്ല.

3. ഭർത്താവിനെ അനുസരിക്കുക: മതവിരുദ്ധമല്ലാത്ത ഏതൊരു കാര്യത്തിലും ഭർത്താവിനെ അനുസരിക്കുവാൻ ഭാര്യക്ക് ബാധ്യതയുണ്ട്. ഏതൊരു സ്ഥാപനത്തിലും അനുസരിക്കപ്പെടുന്ന ഒരു നേതൃത്വം ഉണ്ടായേ പറ്റൂ. മക്കൾ മാതാവിനെ അനുസരിക്കാതിരുന്നാൽ എന്തായിരിക്കും അവസ്ഥ? അതിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല ഭാര്യ ഭർത്താവിനെ അനുസരിക്കാതിരുന്നാലും.

ഒരു അനുബന്ധം കൂടി ചേർക്കട്ടെ; ചെറിയ അസ്വസ്ഥതകൾ കുടുംബത്തിൽ സംഭവിക്കുമ്പോഴേക്കും ക്ഷമ കൈവിട്ട് വിവാഹാലോചനയുടെ പിഴവുകളിലേക്കും ബന്ധുവീട്ടിലെ നയവൈകല്യങ്ങളെക്കുറിച്ചും ചർച്ച ചെയ്ത് കൂടുതൽ പ്രശ്നങ്ങളിലേക്ക് നീങ്ങുന്നത് വലിയ അപകടങ്ങൾക്ക് വഴിയൊരുക്കും. ●

**ശാന്തിഗേഹത്തിലേക്കുള്ള ചോദ്യങ്ങൾ**
**mail@nerpatham.com എന്ന ഇ.മെയിലിലോ**
**9656292244 എന്ന വാട്ട്സ്ആപ് നമ്പറിലോ**
**നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.**

കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# വേപ്പുമരങ്ങൾക്കു ചാരെ കണ്ണീരു തോരാതെ

**പെ**ട്ടെന്നാണ് അന്തരീക്ഷത്തിന്റെ ഭാവം മാറിയത്. പ്രാർഥനാനിർഭരരായ ലക്ഷങ്ങളുടെ കണ്ണുനീർ ബാഷ്പീകരിച്ച് ഘനീഭവിച്ചെന്നോണം മാനത്തെ കാർമുകിലുകൾ കരിമ്പുതപ്പ് പുതപ്പിച്ചു. വേപ്പുമരങ്ങളിൽ ഇളം കാറ്റ് വീശി. കത്തുന്ന വെയിൽചൂട് അൽപം കുറഞ്ഞു.

ഇക്കഴിഞ്ഞ ഹജ്ജിന് മിനയിലെ തമ്പിൽനിന്ന് ഏറെ നേരം കാത്തിരുന്നാണ് ഹാജിമാർക്കുള്ള ബസിൽ അറഫയിലെത്തിയത്. അസഹനീയമായ ചൂട് കാരണം അവിടെയും ടെന്റുകൾ ഒരുക്കിയിരുന്നു. ശീതീകരണ സംവിധാനങ്ങൾ ചിലയിടങ്ങളിൽ ചൂടിനെ പൂർണമായി തളയ്ക്കുന്നതിൽ പരാജയപ്പെട്ടു. ചൂട് ദാഹം വർധിപ്പിച്ചു. പഴനീർ കുപ്പികളും ശുദ്ധജലവും ചൊരിഞ്ഞ് സംഘാടകർ ഹാജിമാരെ അത്ഭുതപ്പെടുത്തി. ഉച്ചഭക്ഷണം ലഭിച്ചേക്കില്ലെന്ന് കേട്ടിരുന്നെങ്കിലും തമ്പുകളിൽ ഭക്ഷണവുമെത്തി.

ഉച്ച, സായാഹ്ന നമസ്കാരങ്ങൾ ഒരുമിച്ച് ചുരുക്കി നിർവഹിച്ച് പ്രാർഥനയിൽ മുഴുകി ഹാജിമാർ.

ടെന്റിലെ തിരക്കിൽ ഓരോരുത്തരും തനിക്ക് ചുറ്റും സ്വകാര്യമായൊരു ഏകാന്തത സൃഷ്ടിച്ച് മനസ്സിൽ തട്ടി നാഥനോട് പൊറുക്കലിനെ തേടിക്കൊണ്ടിരുന്നു.

പുറത്തിറങ്ങി സ്വതന്ത്രമായി, സ്വകാര്യമായി പ്രാർഥനയിൽ മുഴുകുവാൻ ആഗ്രഹിച്ചെങ്കിലും ചൂടുകാലാവസ്ഥ പലരെയും വിലക്കി. ക്വുർആൻ പാരായണത്തിന്റെയും പ്രാർഥനയുടെയും ഒരു ഇടവേളയിൽ പുറത്തിറങ്ങി പടർന്നുനിൽക്കുന്നൊരു വേപ്പുമരത്തിന്റെ ചുവട്ടിൽ കൈകളുയർത്തി പ്രാർഥിച്ചു. വന്നുപോയ പാപങ്ങൾ പൊറുത്തുനൽകി, നരകത്തീയിൽ നിന്ന് കാവൽ നൽകി സ്വർഗത്തോപ്പിലിടം തരണമെന്ന് പ്രാർഥിക്കുമ്പോൾ വിശ്വാസികളുകളുടെ കവിൾത്തടങ്ങൾ നനയാതിരിക്കില്ല. വാക്കുകൾ ഇടറാതിരിക്കില്ല.

ചൂട് വീണ്ടും ടെന്റിലേക്കെന്നെ നയിച്ചു. കൂടാരത്തിലെ പ്രാർഥനാക്കൂട്ടത്തിലേക്ക് വീണ്ടും. പലരും ഇഹ്റാംതുണികൊണ്ട് വിയർപ്പൊപ്പുന്നു.


അങ്ങനെയിരിക്കവെയാണ് പെട്ടെന്ന് മഴക്കാറുകൾ ആകാശത്ത് പ്രത്യക്ഷപ്പെട്ടത്, വെയിലിന്റെ ചൂട് കുറഞ്ഞത്, വേപ്പുമരത്തിന്റെ ചില്ലകൾ കാറ്റിലാടിത്തുടങ്ങിയത്.

വിശ്വാസികൾ കൂടാരങ്ങൾവിട്ട് പുറത്തേക്കൊഴുകിത്തുടങ്ങി. വേപ്പുമരച്ചോടുകൾ കിട്ടാത്തവർ കിട്ടിയ ഇടങ്ങളിൽ നിറഞ്ഞ് വാനിലേക്ക് കൈകളുയർത്തി പ്രാർഥന തുടങ്ങി. ചെറുമർമരത്തിൽ തുടങ്ങിയ തേങ്ങലുകൾ പിന്നീട് അറിയാതെ ഉച്ചത്തിലായിത്തുടങ്ങി. ബാഷ്പകണങ്ങൾ പലരുടെയും കവിളും താടിയും വിട്ട് ഇഹ്റാമിന്റെ ശുഭ്രവസ്ത്രത്തിൽപോലും നനവു പടർത്തുന്നുണ്ട്. വർണ,ദേശ, ഭാഷകൾക്കതീതമായി ഒരേ ലക്ഷ്യത്തോടെ ജനലക്ഷങ്ങൾ... ആൺ, പെൺ വിശ്വാസികൾ.

വർണവെറിയൻമാരും ദേശഭാഷാഭ്രാന്തന്മാരും അവർക്കിടയിലില്ല. ഉച്ചനീചത്വങ്ങളില്ല. എല്ലാവരും ആദമിന്റെ മക്കളെന്ന സാഹോദര്യ ചിന്തയിൽ പരസ്പരം സഹായിക്കേണ്ടി വരുമ്പോൾ സഹായിക്കുന്നു. സ്വയം മറന്ന് സ്രഷ്ടാവിന്റെ കാരുണ്യത്തിനും പാപമോചനത്തിനും വേണ്ടി കണ്ണീരൊഴുക്കുന്നവരുടെയെല്ലാം കണ്ണുനീരിന് ഉപ്പുരുചിയായിരിക്കുമല്ലോ, ചോരയുടെ നിറം ചുവപ്പുതന്നെയായിരിക്കുമല്ലോ; അവർ ഏത് രാജ്യക്കാരാണെങ്കിലും. അല്ലാഹുവേ, നിനക്ക് സ്തുതി.

നിലപാട്

ടി.കെ.അശ്റഫ്
thorakkattilashraf@gmail.com



# ചൂടുള്ള ഐസ് ക്രീം!

'ചൂടുള്ള ഐസ്‌ക്രീം' എന്ന് പറയുന്നത് കേട്ടാൽ തന്നെ നമുക്ക് ചിരിവരും. കാരണം ചൂട് എന്നത് ഐസ്‌ക്രീമിന്റെ സ്വഭാവത്തിന് എതിരാണ്. തണുപ്പാണ് അതിന്റെ അടിസ്ഥാനസ്വഭാവം. ചൂടും ഐസും തമ്മിൽ എന്തുമാത്രം പൊരുത്തക്കേടുണ്ടോ അതിനെക്കാൾ പൊരുത്തക്കേടുള്ള ഒരു പ്രയോഗമാണ് 'ലൗജിഹാദ്' എന്നത്.

വിവാഹിതരാകാതെ പ്രണിയിച്ചു നടക്കുവാൻ ഇസ്‌ലാം അനുമതി നൽകുന്നില്ല. മുസ്‌ലിമിനെയാണല്ലോ പ്രണയിക്കുന്നത് എന്ന് പറഞ്ഞ് പ്രണയത്തെ ന്യായീകരിക്കാൻ കഴിയില്ല. മുസ്‌ലിമിനെയാണെങ്കിലും അമുസ്‌ലിമിനെയാണെങ്കിലും വിവാഹപൂർവ പ്രണയം തെറ്റുതന്നെയാണ്. വിവാഹത്തിലൂടെയല്ലാതെ പരസ്പരം സ്ത്രീ പുരുഷന്മാർ പരസ്പരം അടുക്കുവാൻ ഇസ്‌ലാം അനുവാദം നൽകുന്നില്ല.

വിവാഹം നിശ്ചയിച്ചുറപ്പിച്ചവരാണങ്കിൽ പോലും നിക്കാഹ് കഴിയാതെ ഒന്നിച്ചിടപഴകാൻ അനുവാദമില്ല. ഒരേ സമുദായത്തിൽ പെട്ടവർക്ക് പോലും കണിശമായ നിയമങ്ങൾ നിലനിൽക്കുമ്പോൾ മറ്റു സമുദായത്തിൽ പെട്ടവരെ പ്രണയക്കുരുക്കിലകപ്പെടുത്താൻ എങ്ങനെ ഒരു മുസ്‌ലിമിന് സാധിക്കും?

ജിഹാദ് എന്ന പദത്തിന് നന്മയുടെ മാർഗത്തിൽ കഠിനമായി പ്രയത്നിക്കുകയെന്നാണ് വിവക്ഷ. വൃദ്ധരായ മാതാപിതാക്കളെ പരിചരിക്കുന്നതിനെ പോലും ജിഹാദ് എന്ന് പ്രവാചകൻﷺ വിശേഷിപ്പിച്ചിട്ടുണ്ട്.

നിർബന്ധിച്ചും പ്രണയിച്ചും പ്രലോഭിപ്പിച്ചും പ്രീണിപ്പിച്ചും മതത്തിലേക്ക് ആളെക്കൂട്ടാൻ ഇസ്‌ലാം അനുവദിക്കുന്നില്ലെന്ന് മാത്രമല്ല; അത് കുറ്റകരമായ കാര്യം കൂടിയാണ്. ബുദ്ധിയും വിവേകവും ചിന്താശേഷിയുമുള്ളവനാണല്ലോ മനുഷ്യൻ. പഠനവും മനനവും തുടരുന്നിടത്തോളം കാലം ഉത്തമമായതെന്ന് തോന്നുന്നതിനെ മനുഷ്യൻ പിൻപറ്റും. അല്ലെങ്കിൽ മനുഷ്യനും മൃഗവും തമ്മിലെന്തു വ്യത്യാസം!

എന്നാൽ നിർബന്ധിച്ചോ പ്രലോഭനത്തിലൂടെയോ ഭീഷണിപ്പെടുത്തിയോ മതംമാറ്റുവാൻ ഇസ്‌ലാം ആവശ്യപ്പെടുന്നില്ല; അത് അനുവദിക്കുന്നുമില്ല. മനസ്സിൽ വിശ്വാസം ഉറക്കാത്ത കുറെ ശരീരങ്ങളെ ഉൾപ്പെടുത്തി എണ്ണപ്പെരുമ നടിക്കേണ്ട ആവശ്യവും ഇസ്‌ലാമിനില്ല.

അതുകൊണ്ട് മാന്യതയും വിവേകവുമുള്ളവർ ദയവു ചെയ്ത് 'ലൗ ജിഹാദ്' എന്നത് ഇസ്‌ലാമിന്റെ പേരിലേക്ക് ചേർത്ത് പറയരുത്. മുസ്‌ലിം സമുദായത്തിന്റെ മേൽവിലാസത്തിൽ അങ്ങനെ ആരെങ്കിലും ചെയ്തതായി തെളിഞ്ഞാൽ തന്നെ അതിന് ഇസ്‌ലാം ഉത്തരവാദിയല്ല. അതിന്റെ ബാധ്യത അയാൾക്ക് മാത്രമാണ്. ഇസ്‌ലാം ഹറാമാക്കിയ മദ്യപാനം, പലിശ പോലുള്ളവയിൽ പിടിക്കപ്പെടുന്ന നാമധാരികളായ സമുദായ മെമ്പർമാരെപ്പോലെ മാത്രം കണ്ടാൽ മതി ഇവരെയും.

ചില നിഗമനങ്ങളെ അടിസ്ഥാനമാക്കി മാത്രമാണ് കേരളത്തിൽ ലൗ ജിഹാദുണ്ടെന്ന് വരുത്താൻ ശ്രമിക്കുന്നത്. കോടതിയും പോലീസ് മേധാവിയും കേരളത്തിൽ ലൗജിഹാദില്ലന്ന് നേരത്തെ വ്യക്തമാക്കിയതുമാണ്.

തൃപ്പൂണിത്തുറയിൽ യോഗസെന്റർ എന്ന പേരിൽ പ്രവർത്തിച്ചിരുന്ന 'ഘർവാപസി' കേന്ദ്രത്തിലെ പീഡനവും ക്രൂരതയും പീഡനത്തിനിരയായ പെൺകുട്ടികൾ തന്നെ തുറന്നു പറഞ്ഞ, കൃത്യമായ തെളിവുകൾ പുറത്ത് വന്ന സാഹചര്യത്തിൽ, അതിനെ മറച്ചുപിടിക്കുവാൻ വേണ്ടി ഊഹങ്ങളിൽ ഊളിയിട്ട് 'ലൗജിഹാദി'ന്റെ കച്ചിത്തുരുമ്പിനു വേണ്ടി മുങ്ങിത്തപ്പുന്നത് മാന്യമായ നടപടിയല്ല എന്നേ പറയാനുള്ളൂ. പ്രബുദ്ധ കേരളം വസ്തുതകൾ മനസ്സിലാക്കുന്നുണ്ട്.

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com



# കായിക ക്ഷമതയുടെ ഇസ്‌ലാമിക പാഠങ്ങൾ

ശാരീരികവും മാനസികവുമായ വളർച്ച നേടുവാനും അവ പുഷ്ടിപ്പെടുവാനും ആവശ്യമായ കാര്യങ്ങളെ കുറിച്ചും പ്രവാചകൻﷺ സൂചിപ്പിച്ചിട്ടുണ്ട്. വിശ്വാസികൾ മതശാസന എന്ന നിലയിൽ തന്നെ അവ പഠിക്കേണ്ടതും പുലർത്തേണ്ടതുമാണ്. ആരോഗ്യവും ദൃഢതയുമുള്ള ഒരു ശരീരം ഏതൊരു മനുഷ്യന്റെയും ആഗ്രഹം മാത്രമല്ല അവകാശം കൂടിയാണ്. അത് നേടുവാനാവശ്യമായ നടപടിക്രമങ്ങൾ ഏറ്റവും കൂടുതൽ നടപ്പിൽ വരുത്തേണ്ടത് കുട്ടിപ്രായത്തിലാണ്. അതാവട്ടെ രക്ഷിതാക്കളുടെ കൈകളിൽ അർപിതവുമാണ്. ജീവി വർഗങ്ങളിൽ ഏറ്റവും കൂടുതൽ ദൈർഘ്യമേറിയ കുട്ടിക്കാലം ഉള്ള ഏക ജീവി മനുഷ്യനാണ്. ശരീരത്തിന്റെ ആകാരവും പേശികളും മറ്റു അനുബന്ധ അവയവങ്ങളും പെട്ടെന്ന് വളരുന്നതും പാകപ്പെടുന്നതും ഈ പ്രായത്തിലാണ്. അതുകൊണ്ടു തന്നെ ഇസ്‌ലാമിക പാരന്റിംഗിന്റെ ശ്രദ്ധ പതിയേണ്ട ഇടമാണിത്.

കളിയും ചലനാത്മകതയും കുട്ടികളുടെ ജന്മവാസനയാണ്. പ്രകൃതിപരമായിത്തന്നെ ശാരീരിക വളർച്ച സാധ്യമാവും വിധം അല്ലാഹുവാണ് മനുഷ്യനിൽ അത് നിക്ഷേപിച്ചത്. ആ ചോദനയെ ക്രിയാത്മകമായി ഉപയോഗപ്പെടുത്തുകയാണ് രക്ഷിതാക്കളും അധ്യാപകരും ഈ കാലയളവിൽ ചെയ്യേണ്ടത്. കുട്ടികൾക്ക് കളിക്കുവാനും ഇളകുവാനുമുള്ള അവസരങ്ങൾ നൽകുകയും അവരെ അതിന്നു പ്രോത്സാഹിപ്പിക്കുകയും ചെയ്യാത്ത പക്ഷം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ പിന്നീട് നേരിടേണ്ടി വരുമെന്നതിൽ സംശയമില്ല. ഫാസ്റ്റ് ഫുഡ് തിന്നുകൊണ്ട് സോഫയിൽ ചാരിയിരുന്ന് ദീർഘനേരം ടി.വിയിൽ കാർട്ടൂണുകളും മറ്റും കണ്ടിരിക്കുന്ന കുട്ടികളിലാണ് ഇന്ന് ഇളക്കമില്ലായ്മ മൂലം 'പൊണ്ണത്തടി' എന്ന പ്രതിഭാസം കൂടുതലും കാണപ്പെടുന്നത് എന്നത് ഇതിനോട് ചേർത്ത് വായിക്കുക.

ഇസ്‌ലാം ഈ രംഗത്ത് യുക്തവും ശാസ്ത്രീയവുമായ നിർദേശങ്ങൾ നൽകുന്നുണ്ട്. ഒരാൾ കുട്ടിക്കാലത്തെയും കൗമാരത്തെയും യാത്രയാക്കി കടന്നുകയറുന്നത് ഉത്തരവാദിത്തത്തിന്റെ ഭാരം തോളിലേറ്റേണ്ടുന്ന യുവത്വത്തിലേക്കാണ്. ഇസ്‌ലാമിക ബാധ്യതകളുടെ യഥാവിധ നിർവഹണത്തിന് നല്ല ആരോഗ്യമുള്ള ശരീരം ആവശ്യമാണ്. പഠനം, നമസ്‌കാരം, നോമ്പ്, ഹജ്ജ്, ധർമ സമരം, പ്രബോധന മാർഗത്തിലെ ത്യാഗം, കുടുംബ പരിപാലനം ഇവയെല്ലാം ഒരു വിശ്വാസിയുടെ ഉത്തരവാദിത്തങ്ങളുടെ പട്ടികയിൽ വരുന്നതാണ്. ഇവയെല്ലാം ശാരീരികാരോഗ്യം ആവശ്യപ്പെടുന്നുണ്ട്. അതിനാൽ തന്നെ കുട്ടിക്കാലത്ത് ഈ രംഗത്ത് കുട്ടികൾക്കു നൽകേണ്ട പരിശീലനത്തെയും പരിപാലനത്തെയും കുറിച്ചുള്ള പ്രവാചകചര്യകൾ മറ്റെന്തിനെക്കാളും വിശ്വാസികൾക്ക് പ്രധാനപ്പെട്ടതാണ്. ഈ രംഗത്തുള്ള ചില ഇസ്‌ലാമിക പാഠങ്ങൾ നമുക്ക് പരിശോധിക്കാം:

**കാലികമായ കായിക കലകളിൽ ചെറുപ്പത്തിലേ പരിശീലനം നൽകൽ**

നബിﷺ ചില പ്രത്യേക കായിക ശീലങ്ങളെ പേരെടുത്തു പറഞ്ഞ് പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. നീന്തൽ, കുതിര സവാരി, ഓട്ടമത്സരം, അമ്പെയ്ത്ത്, ഗുസ്തി തുടങ്ങിയ കലകളെ നബിﷺ പേരെടുത്തു പറഞ്ഞത് ഹദീഥുകളിൽ കാണാവുന്നതാണ്. ഉമർ‌ؓ ശാമിലെ ജനങ്ങൾക്ക് എഴുതാറുണ്ടായിരുന്നു: 'നിങ്ങൾ നിങ്ങളുടെ കുട്ടികളെ നീന്തലും അമ്പെയ്ത്തും കുതിര സവാരിയും പഠിപ്പിക്കണം.' വിശ്വാസിക്ക് വൈയക്തികമായും വിശ്വാസി സമൂഹത്തിന് സാമൂഹികമായും അനിവാര്യമായ ആയോധനമുറകളുടെപ്രാധാന്യം നബിﷺയിൽ നിന്ന് ബോധ്യപ്പെട്ടതിനാലാകുമല്ലോ ഉമർؓ ഈ നിർദേശങ്ങൾ നൽകിയത്. നബിﷺ നീന്തൽ പരിശീലിക്കുന്നതിന് പ്രോത്സാഹനം നൽകിയതായി നമുക്ക് കാണാം. ദൈവിക സ്മരണകൾ ഊർന്നുപോകാത്ത വിനോദങ്ങൾ നബിﷺ പറഞ്ഞതിൽ ഒന്ന് നീന്തൽ പരിശീലിക്കുക എന്നതാണ്. (അൽ ജാമിഅ്, ശൈഖ് അൽബാനി). നബിﷺ പ്രോത്സാഹിപ്പിച്ച മറ്റൊരു ആയോധന മുറയാണ് അമ്പെയ്ത്ത്. ഇതിനെക്കുറിച്ച് ഒന്നിലധികം ഹദീഥുകൾ കാണാവുന്നതാണ്. സൽമ ഇബ്നുൽ അക്‌വാؓ നിവേദനം ചെയ്യുന്നു: "ഒരിക്കൽ നബിﷺ അമ്പെയ്തുകൊണ്ടിരുന്ന ഒരുപറ്റം ചെറുപ്പക്കാരുടെ അടുത്ത് കൂടെ നടന്നുപോയി. അപ്പോൾ നബിﷺ അവരോടായി പറഞ്ഞു: 'ഇസ്മാഈൽ കുടുംബമേ, നിങ്ങൾ നന്നായി അമ്പെയ്യുക. നിങ്ങളുടെ പൂർവ പിതാക്കന്മാർ നല്ല അമ്പെയ്ത്തുകാരായിരുന്നു'(ബുഖാരി). ഉക്ബത് ബിൻ ആമിർؓ പറയുന്നു: "നബിﷺ മിമ്പറിൽ വെച്ച് ഒരിക്കൽ പറയുന്നത് ഞാൻ കേട്ടു: 'നിങ്ങൾ ശക്തിയിൽ നിന്ന് (ശത്രുക്കൾക്കെതിരെ) സാധ്യമായത്ര ഒരുക്കങ്ങൾ നടത്തുക' എന്ന ക്വുർആൻ വചനം പാരായണം ചെയ്തുകൊണ്ട് നബിﷺ പറഞ്ഞു: 'തീർച്ചയായും ശക്തി അമ്പെയ്ത്താകുന്നു. തീർച്ചയായും ശക്തി അമ്പെയ്ത്താകുന്നു' (മുസ്‌ലിം). അമ്പെയ്ത്ത് പരിശീലിച്ചിട്ട് അത് മറന്നു കളയുന്നവൻ നമ്മിൽ പെട്ടവനല്ല എന്ന മറ്റൊരു നബി വചനം ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത് വളരുന്ന തലമുറക്ക് മാനസിക സ്ഥൈര്യവും പ്രതിരോധ ബോധവും ശാരീരിക ഉറപ്പും പ്രദാനം ചെയ്യുന്ന കാലികവും പ്രാദേശികവും ആയ ആയോധന വിദ്യകളും കായിക വിദ്യാഭ്യാസവും ലഭിക്കേണ്ടതുണ്ടെന്നും അത്തരം കലകളെയും അഭ്യാസങ്ങളെയും അടുത്ത തലമുറക്ക് ഉപകാരപ്പെടാത്ത വിധം അവഗണിക്കുവാൻ പാടില്ല എന്നുമാണ്.

**കായിക മത്സരങ്ങൾ സംഘടിപ്പിക്കൽ**

ഇത് കായിക വിദ്യാഭ്യാസത്തിലേക്ക് കുട്ടികളുടെ മനസ്സിനെ തിരിച്ചുവിടുകയും ശാരീരിക ശേഷി വർധിപ്പിക്കുകയും ചെയ്യും. നബിﷺ തന്റെ പിതൃവ്യൻ അബ്ബാസ്ؓന്റെ മക്കളുടെ ഇടയിൽ ഓട്ട മത്സരം സംഘടിപ്പിക്കാറുണ്ടായിരുന്നു. എന്നിട്ട് ആദ്യം എത്തി വിജയികളാകുന്നവരെ സ്വീകരിക്കുകയും പിന്നീടെത്തുന്നവരെ പരിഗണിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു.അബ്ദുല്ലാഹിബ്നു ഹാരിസ്ؓ നിവേദനം: 'നബിﷺ അബ്ദുല്ലക്കും ഉബൈദുല്ലക്കും അബ്ബാസ് കുടുംബത്തിലെ മറ്റു മക്കൾക്കും വരി നിർണയിച്ചു കൊടുത്ത് ഓട്ട മത്സരം നടത്തും. എന്നിട്ട് ആദ്യമെത്തുന്നവർക്ക് ഇന്നതും ഇന്നതും തരുമെന്ന് പറയും. അവർ മത്സരിച്ചോടി വന്ന് നബിﷺയുടെ നെഞ്ചിലും മുതുകിലും ചെന്ന് പതിക്കും. നബിﷺ അവരെയെല്ലാം ആലിംഗനം ചെയ്യുകയും ഉമ്മ വെക്കുകയും ചെയ്യും' (ഇമാം അഹ്മദ്). വിജയികളെ അനുമോദിക്കുക മാത്രമല്ല പിന്നിലുള്ളവരെ പരിഗണിക്കുക കൂടി ചെയ്യണമെന്ന് ഇതിലൂടെ നബിﷺ നമ്മെ പഠിപ്പിക്കുന്നുണ്ട്.

**കുട്ടികളോടൊപ്പം വലിയവരും കളിക്കുക**

ഇന്നത്തെ അണുകുടുംബ സംവിധാനത്തിൽ ഇത് വളരെ പ്രധാനപ്പെട്ടതാണ്. മുമ്പ് ഗ്രാമങ്ങളിലും പട്ടണങ്ങളിലും കൂട്ടുകുടുംബങ്ങളിൽ പെട്ടവരും

അയൽപക്കക്കാരുമായ ധാരാളം കുട്ടികളുമായി കൂട്ട് കൂടുവാൻ സാഹചര്യമുണ്ടായിരുന്നു. ഇന്ന് അവസ്ഥ മാറി. ഫ്ളാറ്റുകളിലും മതിലുകെട്ടി അടച്ച വില്ലകളിലും ഒന്നോ രണ്ടോ കുട്ടികൾ മാത്രമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് കൂടെ കളിക്കാൻ ആരുമില്ലാത്ത അവസ്ഥയാണുള്ളത്. ഈ സാഹചര്യത്തിൽ കൂട്ടായി മുതിർന്നവരുണ്ടാകുന്നത് അനിവാര്യമാണ്. നബി ﷺ പേരക്കുട്ടികളായ ഹസനും ഹുസൈനുമായി എന്തെല്ലാം കളികളായിരുന്നു കളിച്ചിരുന്നത്! നബിﷺ കുതിരയായി കുനിഞ്ഞു കൊടുക്കുകയും അവരെ പുറത്തു കയറ്റി നടക്കുകയും ചെയ്തിട്ട് എത്ര നല്ല കുതിരയെന്നും കുതിരക്കാരനും പറഞ്ഞു പ്രോത്സാഹിപ്പിക്കുമായിരുന്നു. നബിﷺ അവരോടൊപ്പം കളിക്കുന്നത് കാണുന്ന സ്വഹാബികൾ ചോദിക്കും: 'താങ്കൾ (അത്രയും) അവരെ ഇഷ്ടപ്പെടുന്നുണ്ടോ?' അപ്പോൾ നബിﷺ പറയും: 'ഇല്ലാതേ, അവർ രണ്ടു പേരും എന്റെ രണ്ടു സുഗന്ധച്ചെടികളാണ്' (ത്വബ്റാനി).

**കുട്ടികളെ കുട്ടികളോടൊപ്പം കളിക്കുവാൻ വിടുക**

നബിﷺയുടെ കാലത്ത് കുട്ടികൾ കളിക്കുവാൻ പോകുകയും അവരുടെ കളിസ്ഥലങ്ങളിലേക്ക് നബിﷺ ചെന്നുകൊണ്ട് അവർക്ക് കൈകൊടുത്ത് സലാം പറയുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. നബിﷺയുടെ പേരക്കുട്ടികൾ മറ്റു കുട്ടികളോടൊപ്പം കളിക്കുവാൻ പോകുന്നതിനെ അവിടുന്ന് വിരോധിച്ചില്ല. മറിച്ച്, അവരെ വേണ്ടിവരുമ്പോൾ നബിﷺ കളിസ്ഥലത്തേക്ക് തിരഞ്ഞുചെന്ന് അവരെ പിടിച്ചു കൊണ്ട് വരുമായിരുന്നു.

കളിക്കുവാനുള്ള സ്വഭാവിക സന്ദർഭങ്ങൾ ഇല്ലാത്തിടങ്ങളിൽ അത്തരം സന്ദർഭങ്ങളെ ഉണ്ടാക്കിക്കൊടുത്ത് കുട്ടികളെകായിക വിനോദങ്ങളിൽ പങ്കാളികളാക്കുന്നത് അവരുടെ മാനസികവും ശാരീരികവുമായ വളർച്ചക്ക് സഹായകമാണ്. മാത്രവുമല്ല അത് അവരുടെ അവകാശം കൂടിയാണ്.

'ഒരിക്കൽ ഏതാനും സ്വഹാബികൾ നബിﷺയുടെ കൂടെ ക്ഷണിക്കപ്പെട്ട ഒരു സദ്യയിലേക്ക് പുറപ്പെട്ടു. അന്നേരം ഹുസൈൻ﵁ വഴിയിൽ കുട്ടികളോടൊപ്പം



കളിക്കുന്നത് കണ്ടു. നബിﷺ ആളുകൾക്കു മുമ്പിൽ അവനെ പിടിക്കാൻ കൈ നീട്ടി ചെന്നു. അപ്പോൾ ഹുസൈൻ﵁ നബിﷺക്ക് പിടികൊടുക്കാതെ അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കൊണ്ടിരുന്നു. ഒടുവിൽ അവനെ പിടികൂടി. ഒരു കൈകൊണ്ട് താടിയിലും മറു കൈകൊണ്ട് പിരടിയിലും പിടിച്ചുകൊണ്ട് അവനെ ഉമ്മവെച്ചു...' (ഇബ്നുമാജ).

എന്നാൽ ഇസ്‌ലാമിക ശരീഅത്തിന്റെ ധാർമിക വശങ്ങളെയും നിയമങ്ങളെയും നിരാകരിക്കുന്ന വിധം കളികളിൽ ഏർപെടുന്നതിനെ രക്ഷിതാക്കൾ വിലക്കേണ്ടതുണ്ട്. ഇസ്‌ലാമിക വസ്ത്രധാരണ നിയമങ്ങൾ പാലിക്കാത്ത വസ്ത്രം അണിയുക, അന്യരായ ആൺ പെൺ കൂടിക്കലരൽ ഉണ്ടാവുക, നമസ്കാരം, നോമ്പ് പോലുള്ള നിർബന്ധ ആരാധനാകർമങ്ങൾക്ക് വിഘാതം വരുന്നവിധം കളികളിൽ ഏർപെടുക, മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുക, നിയമ വിരുദ്ധമായും മോശം ഉദ്ദേശത്തിലും പരിശീലനം നേടുക... ഇവയെല്ലാം ഇസ്‌ലാം അനുവദിക്കാത്ത കാര്യങ്ങളാണ്. സഈദ്ബിൻ ജുബൈർ﵁ പറയുകയാണ്: "ഞാൻ അബ്ദുല്ലാഹിബ്നു ഉമർ﵁, അബ്ദുല്ലാഹിബ്നു അബ്ബാസ്﵁ തുടങ്ങിയവരുടെ കൂടെ മദീനയിലേക്ക് പോകുന്ന വഴിയിൽ ഒരു പറ്റം കുട്ടികൾ ഒരു കോഴിയുടെ നേരെ അമ്പെയ്തു കളിക്കുന്നത് കണ്ടു. അബ്ദുല്ലാഹിബ്നു ഉമർ﵁ അവരോട് ദേഷ്യപ്പെട്ടുകൊണ്ട് ഇതെന്താണെന്നു ചോദിച്ചു. അപ്പോൾ അവർ ചിതറിയോടി. അപ്പോൾ അബ്ദുല്ലാഹിബ്നു ഉമർ﵁ പറഞ്ഞു: 'മൃഗങ്ങളെ കൊന്നു വികൃതമാക്കുന്നവരെ പ്രവാചകൻﷺ ശപിച്ചിട്ടുണ്ട്" (ഇമാം അഹ്മദ്).

വിനോദത്തിനു വേണ്ടി മൃഗങ്ങളെ കൊല്ലുക, മറ്റുള്ളവർക്ക് അപകടം ഉണ്ടാവാൻ സാധ്യതയുള്ള വിധം കല്ലുകൾ കൊണ്ടോ മറ്റോ എറിഞ്ഞു കളിക്കുക എന്നിവയെല്ലാം നബിﷺ നിരോധിച്ചിട്ടുണ്ട്.

**(തുടരും)**

വിമർശനം

മൂസ സ്വലാഹി, കാര
mail@nerpatham.com

# അഹ്‌ലുസ്സുന്നയുടെ മാർഗം വക്രതയുള്ളതല്ല



**ക്വു**ർആനും പ്രവാചക ചര്യയും (സുന്നത്ത്) മുറുകെ പിടിച്ച് സച്ചരിതരുടെ മാർഗത്തെ മാതൃകയായി സ്വീകരിച്ച് നിലകൊണ്ടവർ മാത്രമാണ് എക്കാലത്തും 'അഹ്‌ലുസ്സുന്നത്തി വൽജമാഅഃ' എന്ന വിശേഷണത്തിന് അർഹർ. എന്നാൽ ഇസ്‌ലാമിൽ നിന്ന് വ്യതിയാനം സംഭവിച്ചവരിൽ അധികവും ഈ നാമത്തെ ചൂഷണം ചെയ്ത്, ഈ വിലാസത്തിൽ അറിയപ്പെടാൻ ആഗ്രഹിച്ചവരും അതിനായി പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ച്, സൽസരണിയെ കളങ്കപ്പെടുത്തി മുന്നേറിയവരുമാണ്. അവരിൽ മുൻനിരയിലുള്ളവരാണ് ശിയാക്കളും സ്വൂഫികളും. പല കാര്യങ്ങളിലും ഇവരുടെ പാത പിന്തുടരുന്നവരാണ് കേരളത്തിലെ സമസ്തക്കാർ എന്ന് പറയാതിരിക്കാൻ നിർവാഹമില്ല.

2017 ആഗസ്റ്റ് ലക്കം 'സുന്നത്ത്' മാസികയിൽ പ്രസിദ്ധീകരിച്ച 'അഹ്‌ലുസ്സുന്നത്തി വൽജമാഅഃ' എന്ന ലേഖനത്തിൽ വന്ന ചില വികലവാദങ്ങളെ ചൂണ്ടിക്കാണിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

'സ്വിറാത്തുൽ മുസ്തക്വീം' (ചൊവ്വായ മാർഗം) എന്നതാണ് അഹ്‌ലുസ്സുന്നയുടെ മാർഗം. ഇത് അല്ലാഹു നൽകിയതും പ്രവാചകന്മാർ, സത്യസന്ധർ, രക്തസാക്ഷികൾ, സച്ചരിതർ എന്നിവർ സഞ്ചരിച്ച വഴിയുമാണ്. അല്ലാഹു പറയുന്നു:

"ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (6:153).

"ചില മുഖങ്ങൾ വെളുക്കുകയും ചില മുഖങ്ങൾ കറുക്കുകയും ചെയ്യുന്ന ഒരു ദിവസത്തിൽ. എന്നാൽ മുഖങ്ങൾ കറുത്തു പോയവരോട് പറയപ്പെടും: വിശ്വാസം സ്വീകരിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിക്കുകയാണോ ചെയ്തത്? എങ്കിൽ നിങ്ങൾ അവിശ്വാസം സ്വീകരിച്ചതിന്റെ ഫലമായി ശിക്ഷ അനുഭവിച്ചു കൊള്ളുക" (3:106).

ഈ വചനത്തിന് ഇബ്നുഅബ്ബാസ്ﷺ നൽകിയ വിശദീകരണം കാണുക: "മുഖം വെളുത്തവർ അഹ്ലുസ്സുന്നത്തി വൽ ജമാഅയുടെയും മുഖം കറുത്തവർ ബിദ്അത്തിന്റെയും ഭിന്നിപ്പിന്റെയും ആളുകളാണ്" (ഇബ്നു കഥീർ 1:518).

അബ്ദുല്ലാഹിബ്നു അംറ്ﷺവിൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: നിശ്ചയം, ബനൂ ഇസ്റാഈല്യർ എഴുപത്തി രണ്ട് വിഭാഗങ്ങളായി പിരിഞ്ഞു. എന്റെ സമുദായം എഴുപത്തി മൂന്ന് വിഭാഗങ്ങളായി പിരിയും. ഒന്നൊഴികെ ബാക്കിയെല്ലാം നരകത്തിലായിരിക്കും. അനുചരന്മാർ ചോദിച്ചു: 'ആ വിഭാഗം ആരാണ്?' നബിﷺ പറഞ്ഞു: 'ഞാനും എന്റെ അനുചരന്മാരും (സ്വഹാബത്ത്) നിലകൊണ്ട മാർഗത്തിൽ നിലകൊള്ളുന്നവർ ആരാണോ അവർ" (തിർമുദി).

ഇബ്നു കഥീർ(റഹി) പറയുന്നു: "ഈ സമൂഹത്തിലും വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്. ഒന്നൊഴികെ എല്ലാം വഴികേടാണ്. അല്ലാഹുവിന്റെ ക്വുർആനിനെയും നബിﷺയുടെ ചര്യയെയും സ്വഹാബത്താകുന്ന ആദ്യതലമുറയെയും താബിഉകളെയും ആധുനികരും പൗരാണികരുമായ മുസ്ലിം പണ്ഡിതന്മാരെയും മുറുകെ പിടിക്കുന്ന അഹ്ലുസ്സുന്നത്തി വൽ ജമാഅയാണവർ" (ഇബ്നു കഥീർ 1:574).

അഹ്ലുസ്സുന്നയുടെ ശരിയായ ആദർശം നിലനിർത്താൻ ശ്രമിക്കുന്ന സലഫികളെ ചില ക്വദ്രിയ്യാക്കൾ, ഖവാരിജുകൾ, ജബ്രിയ്യാക്കൾ, റാഫിളിയ്യാക്കൾ, മുർജിയ്യാക്കൾ, മുഅ്തസിലികൾ എന്നീ വ്യതിയാന കക്ഷികളുടെ കൂടെ ചേർക്കാൻ തത്രപ്പെടുന്ന 'സുന്നത്ത്' ലേഖകന്റെ വാക്കുകൾ കാണുക: "അഹ്ലുസ്സുന്നത്തി വൽ ജമാഅ എന്നത് ഇസ്ലാം എന്നതിന്റെ ഒരു പര്യായനാമം മാത്രമാണ്. ഖവാരിജുകൾ, മുഅ്തസിലത്ത്, വഹാബികൾ എന്നു പറയുന്നത് പോലെയുള്ള ഒരു കക്ഷി എന്നല്ല" (സുന്നത്ത് മാസിക, 2017 ആഗസ്റ്റ്, പേജ് 22).

'കേരള ജംഇയ്യത്തുൽ ഉലമ അഹ്ലുസ്സുന്നത്തി വൽജമാഅ' എന്ന പേരിൽ ആദ്യത്തെ പണ്ഡിതസഭ രൂപീകരിച്ച് അഹ്ലുസ്സുന്നയുടെ മാർഗം പിന്തുടർന്ന് കേരളത്തിൽ നവോത്ഥാന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചവർക്ക് നേരെയാണ് ഈ പിഴിചാരൽ!

സമസ്ത വിഭാഗങ്ങൾക്ക് തീരെയില്ലാത്ത ഒന്നിനെ അവരിലേക്ക് ചേർത്തിപ്പറയാനാണ് ലേഖകന്റെ അടുത്ത ശ്രമം: "ചുരുക്കത്തിൽ ക്വുർആൻ മനസ്സിലാക്കാൻ നബിചര്യയും സ്വഹാബത്തിന്റെ ജീവിതവും പരിശോധിക്കുന്നവർ സുന്നികളും ക്വുർആനിനെ നേരിട്ട് വ്യാഖ്യാനിക്കുന്നവർ ബിദഈ കക്ഷികളുമാണ്" (സുന്നത്ത് മാസിക, പേജ്:22).

സുന്നികൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കേരളത്തിലെ സുന്നി പ്രസ്ഥാനക്കാരെയാണെങ്കിൽ അതൊരു വിരോധാഭാസമാണ്. 'ക്വുർആൻ മനസ്സിലാക്കാൻ നബിചര്യയും സ്വഹാബത്തിന്റെ ജീവിതവും പരിശോധിക്കുന്ന സ്വഭാവം സമസ്തയുടെ ആരംഭം മുതൽ ഇതുവരെ അവർ സ്വീകരിക്കാത്ത ഒന്നാണ്. അതാണ് തങ്ങൾക്ക് ഉണ്ടെന്ന് ലേഖകൻ അവകാശപ്പെടുന്നത്. പ്രമാണങ്ങൾ സ്വികരിക്കുന്നേടത്ത് ഈ നിലപാട് ഇവർക്കുണ്ടായിരുന്നുവെങ്കിൽ ശിർക്ക് ബിദ്അത്തുകൾ സ്ഥാപിക്കുവാൻ ഇവരുടെ പണ്ഡിതന്മാർ ക്വുർആൻ വചനങ്ങളെയും ഹദീഥുകളെയും ദുർവ്യാഖ്യാനിക്കുമായിരുന്നില്ല. ക്വബ്റാരാധനയെയും ജാറപൂജയെയും മരണാനന്തര അനാചാരങ്ങളെയും ഇസ്ലാമിന്റെ ലേബലിൽ പ്രചരിപ്പിക്കുമായിരുന്നില്ല. ബിദ്അത്ത് ചെയ്യുന്നവരെയാണ് ബിദ്ഈ കക്ഷികൾ എന്ന് പറയുക. ആ പേരിനർഹർ ഒട്ടനവധി ബിദ്അത്തുകൾ ചെയ്യുന്ന ഇക്കൂട്ടർ തന്നെയല്ലേ?

അല്ലാഹു പറയുന്നു: "തങ്ങളുടെ മതത്തിൽ ഭിന്നതയുണ്ടാക്കുകയും കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിങ്കലേക്ക് തന്നെയാണ് (മടക്കപ്പെടുന്നത്). അവർ ചെയ്തുകൊണ്ടിരുന്നതിനെപ്പറ്റി അവൻ അവരെ അറിയിച്ച് കൊള്ളും"(ക്വുർആൻ 6:159).



ഇബ്നുകഥീർ(റഹി) പറയുന്നു: "അല്ലാഹുവിന്റെ ദീനിനെ ഭിന്നിപ്പിച്ച് അതിനെതിരായവർക്കെല്ലാം ഈ സൂക്തം ബാധകമാണ്. നിശ്ചയം, അല്ലാഹു നേർമാർഗവും സത്യദീനുമായി പ്രവാചകനെ നിയോഗിച്ചു. അതിന്റെ നിയമം ഒന്നാണ്. ഭിന്നതയോ, അഭിപ്രായ വ്യത്യാസമോ അതിലില്ല. അതിനെതിരായി ആരെങ്കിലും നിന്നാൽ അത് വഴികേടും അജ്ഞതയും അഭിപ്രായങ്ങളും ദേഹേഛകളും മാത്രമാണ്. പ്രവാചകൻﷺ അതിനെതൊട്ട് വിട്ടുനിൽക്കുന്നവനാണ്"(ഇബ്നുകഥീർ 2:263).

ഇബ്നു ഹജറുൽ അസ്ഖലാനിؒ പറയുന്നു: "അഹ്‌ലുസ്സുന്നത്തി വൽജമാഅക്ക് വിരുദ്ധമായി എന്തെങ്കിലും ഒന്ന് ആരെങ്കിലും വിശ്വസിച്ചാൽ അവനാണ് പുത്തൻവാദി" (ഫത്ഹുൽ ബാരി, 2:10-13).

സമസ്തക്കാർ അഹ്‌ലുസ്സുന്നയുടെ വഴിയിലല്ലെന്ന് ബോധ്യമാക്കാൻ ലേഖകൻ നടത്തിയ ദുർവ്യാഖ്യാനം മതിയാകുന്നതാണ്: "മരണപ്പെട്ടവർ കേൾക്കുമെന്നും ക്വബ്റടക്കപ്പെട്ടവർ പുറത്തുകൂടെ നടക്കുന്നവരുടെ കാലിന്റെ ശബ്ദം പോലും കേൾക്കുമെന്നുമെല്ലാം സ്വഹീഹുൽ ബുഖാരിയിലടക്കം സ്ഥിരപ്പെട്ട ഹദീഥുകൾ കാണാം. ബദ്റിൽ കൊല്ലപ്പെട്ട ക്വുറൈശി പ്രമുഖരെ പേരെടുത്ത് വിളിച്ച് നബിﷺ അവരോട് സംസാരിച്ചപ്പോൾ ആത്മാവില്ലാത്ത അവർ ഇത് കേൾക്കുമോ എന്ന് ഉമർؓ സംശയമുന്നയിച്ചപ്പോൾ അവർ നിങ്ങളെക്കാൾ കേൾക്കുമെന്ന തരത്തിൽ നബിﷺ മറുപടി കൊടുത്തതും ബുഖാരിയിലുണ്ട്"(പേജ്: 23)

പച്ചയായ ദുർവ്യാഖ്യാനം മാത്രമല്ല ശുദ്ധമായ കളവുമാണിത്. ക്വബ്റടക്കപ്പെട്ടവർ കാലിന്റെ ശബ്ദം കേൾക്കുമെന്ന് ഇമാം ബുഖാരിയും ഇമാം മുസ്ലിമും ഉദ്ധരിച്ച ഹദീഥുകൾ വ്യക്തമാക്കുന്നത് മറമാടിയതിന് ശേഷം മുൻകർ, നകീർ മലക്കുകൾ വരുന്നതിന് മുമ്പുള്ള അവസ്ഥയാണ്. അത് റബ്ബിന്റെ തീരുമാന പ്രകാരമാണ് നടക്കുന്നത്. മരണപ്പെട്ടവരോട് സഹായം തേടിയാൽ അവർ കേൾക്കുമെന്നല്ല അതിൽ പറയുന്നത്. ബദ്റിൽ കൊല്ലപ്പെട്ട ക്വുറൈശി പ്രമുഖരെ പേരെടുത്ത് വിളിച്ച് നബിﷺ അവരോട് സംസാരിച്ചത് നബിﷺയുടെ മുഅ്ജിസത്തിന്റെ ഭാഗവും അവർക്ക് ശിക്ഷയെന്ന നിലയിലും അവർക്ക് ഖേദമുണ്ടാക്കുവാൻ എന്ന നിലയിലുമാണ്. 'ഞാൻ പറയുന്നത് ഇപ്പോൾ അവർ കേൾക്കുന്നു' എന്നാണ് നബിﷺ പറഞ്ഞത്. ഇമാം മുസ്ലിം ഉദ്ധരിച്ച റിപ്പോർട്ടിൽ "എന്നാൽ അവർക്കിപ്പോൾ മറുപടി പറയാൻ സാധിക്കില്ല" എന്ന് കൂടി കാണാം. ഈ രണ്ടു ഹദീഥുകളെയും അഹ്‌ലുസ്സുന്നത്തി വൽജമാഅയുടെ പൗരാണികരും ആധുനികരുമായ പണ്ഡിതന്മാരിൽ ആരും തന്നെ സമസ്തക്കാരെ പോലെ മരണപ്പെട്ടവരോട് പ്രാർഥിക്കുവാൻ തെളിവാക്കിയിട്ടില്ല. 'ആത്മാവില്ലാത്ത അവർ ഇത് കേൾക്കുമോ എന്ന് ഉമർؓ സംശയമുന്നയിച്ചു' എന്ന് ലേഖകൻ തന്നെ എഴുതിയിട്ടുണ്ട്. മരണപ്പെട്ടവർ സാധാരണ നിലയിൽ കേൾക്കില്ല എന്ന് മനസ്സിലാക്കിയവരായിരുന്നു സ്വഹാബികൾ എന്നല്ലേ ഇതിൽനിന്ന് മനസ്സിലാകുന്നത്? നബിﷺ അങ്ങനെയാണ് അവരെ പഠിപ്പിച്ചത്എന്ന് വ്യക്തം. അതുകൊണ്ടാണ് 'ഇപ്പോൾ' അവർ കേൾക്കും എന്ന് മറുപടി കൊടുത്തതും.

'സുന്നത്ത്' ലേഖകൻ എഴുതുന്നു: "അഹ്‌ലുസ്സുന്നയല്ലാത്ത ഏത് കക്ഷികളെ കുറിച്ച് പഠിച്ചാലും സ്വന്തമായി ചില ആശയങ്ങൾ പടച്ചുണ്ടാക്കി അതിനനുസൃതമായി ക്വുർആനിനെ വ്യാഖ്യാനിക്കുകയും എതിരായി തോന്നുന്ന പ്രമാണങ്ങളെയെല്ലാം തള്ളിക്കളയുകയും ചെയ്യുന്ന സമീപനം സ്വീകരിച്ചതായി നമുക്ക് കാണാം"(പേജ്:23).

ഇപ്പറഞ്ഞത് തികച്ചും സമസ്തക്ക് യോജിക്കുന്ന വിശേഷണമാണ്. അഹ്‌ലുസ്സുന്നയുടെ മാർഗം യഥാവിധി പിൻപറ്റി ജീവിക്കുന്നവർ മുജാഹിദുകളാണ്. സ്വന്തമായി ആശയങ്ങൾ പടച്ചുണ്ടാക്കുകയും അതിനനുസൃതമായി ക്വുർആനിനെ വ്യാഖ്യാനിക്കുകയും എതിരായി തോന്നുന്ന പ്രമാണങ്ങളെയെല്ലാം തള്ളിക്കളയുകയും ചെയ്യുന്ന സമീപനം സ്വീകരിക്കുന്നവർ സമസ്തകാരാണെന്ന് ഉദാഹരണസഹിതം തെളിയിക്കുവാൻ നമുക്ക് കഴിയും. ●

### തിരുത്ത്

നേർപഥം 38ാം ലക്കത്തിൽ പ്രസിദ്ധീകരിച്ച 'ഇദ്ദ അഥവാ ദീക്ഷാകാലം' എന്ന ലേഖനത്തിൽ 'ഇദ്ദക്ക് വേണ്ടി പ്രത്യേകം കുളിക്കാവുന്നതാണ്. പ്രത്യേക നിറത്തിലുള്ള വസ്ത്രം ഇദ്ദാനുഷ്ഠാന കാലയളവിൽ ധരിക്കാവുന്നതുമാണ്' എന്നത് 'ഇദ്ദക്കുവേണ്ടി പ്രത്യേകം കുളിക്കലും, പ്രത്യേക നിറത്തിലുള്ള വസ്ത്രം ഇദ്ദാനുഷ്ഠാന കാലയളവിൽ ധരിക്കുന്നതായും കാണാം. ഇതൊന്നും പ്രമാണങ്ങൾ കൊണ്ട് സ്ഥിരപ്പെട്ട കാര്യങ്ങളല്ല. സാധാരണഗതിയിൽ തങ്ങളുടെ വീടുകളിൽ ധരിക്കുന്ന വസ്ത്രങ്ങൾ തന്നെ ഇദ്ദാകാലയളവിൽ സ്ത്രീകൾക്ക് ധരിക്കാവുന്നതാണ്.' എന്നും, അവസാന പാരഗ്രാഫിൽ 'ഭർത്താവില്ലാത്ത' എന്നത് 'ഭർത്താവല്ലാത്ത' എന്നും തിരുത്തി വായിക്കണമെന്ന് അറിയിക്കുന്നു. തെറ്റു പറ്റിയതിൽ ഖേദിക്കുന്നു.

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com



# കാലിടറുന്ന കർസേവ

കേരളത്തെ കാവി പുതപ്പിച്ചേ അടങ്ങൂ എന്ന കട്ടായവുമായി കച്ച മുറുക്കിയിറങ്ങിയ കർസേവ വേണ്ടത്ര ക്ലിക്കാവാതെ പോയതിലുള്ള അമർഷം അമിത് ഷാ മുതൽ ഇങ്ങോട്ടുള്ള എല്ലാ നേതാക്കൾക്കുമുണ്ട്. കേന്ദ്ര ഭരണം കയ്യിലുള്ളതിന്റെ എല്ലാ ഇണ്ടാസുകളും കാണിക്കാൻ പറ്റിയതിന്റെ മാക്സിമം പുതിയ കർസേവ യാത്രയിൽ കൊണ്ടു വരാൻ ശ്രമിച്ചിരുന്നു. ദേശീയ അധ്യക്ഷൻ മുതൽ തങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരെ വരെ വാർഡ് തോറും അണി നിരത്തി കൊണ്ടാണ് അഭിനവ രഥയാത്ര കേരളം പിടിക്കാനിറങ്ങിയത്. പെട്ടെന്നാണ് എല്ലാം സംഭവിച്ചത്. നടന്ന് തുടങ്ങും മുമ്പേ ക്ഷീണിച്ച് തളർന്നവർ വന്നതിനേക്കാൾ വേഗത്തിൽ തിരിച്ച് ദില്ലിക്ക് വണ്ടി കയറി. അവസാനം യാത്രയിൽ കേരള പാണ്ഡവർ മാത്രം ബാക്കിയായി.

യാത്ര പൊളിഞ്ഞതിന്റെ ക്ഷീണം തീർക്കാൻ വെപ്രാളപ്പെടുന്ന സമയത്ത് തന്നെയാണ് വേങ്ങര ഉപ തെരഞ്ഞെടുപ്പ് ഫലം പുറത്ത് വന്നത്. ഘടാഘടിയൻ നുണ പ്രചരണങ്ങളെയും വർഗീയ വിഷം വമിക്കുന്ന സകല നാഗങ്ങളെയും ഒരുമിച്ചു ഇളക്കി വിട്ടിട്ടും മലപ്പുറത്തെ ഹിന്ദു മനസ്സ് ഇളകിയില്ലായെന്നത് അപ്രതീക്ഷിതമായ തിരിച്ചടിയായി. പരമ്പരാഗതമായി ലഭിക്കുന്ന വോട്ടുകളിൽ പോലും ഗണ്യമായി കുറവ് സംഭവിച്ചത് കുമ്മനം ജിയുടെ കസേര ഇളകുവാൻ കാരണമാകുമോ എന്നു കണ്ടെറിയണം.

ജനരക്ഷായാത്ര ജലരേഖയായതിന്റെ പ്രതിഫലനമെന്നോണം വേങ്ങരയിൽ നിന്ന് ഇരുട്ടടി കിട്ടിയതിന്റെ സങ്കടം ആരോട് പറയാൻ, ആര് കേൾക്കാൻ? തുടർച്ചയായി നാല് തവണ കയ്യിൽ വെച്ചിരുന്ന പഞ്ചാബിലെ ഗുരുദാസ് പൂർ ലോക്സഭാ സീറ്റ് രണ്ട് ലക്ഷത്തോളം വോട്ടിന് കോൺഗ്രസ്സിനോട് തോറ്റതിന്റെ ജാള്യത തീർക്കാൻ പാടുപെടുകയാണ് ഇപ്പോൾ കേന്ദ്ര നേതൃത്വം.

കോർപറേറ്റുകളുടെ കാരുണ്യത്തിൽ കിട്ടിയ കേന്ദ്ര ഭരണത്തിന്റെ കയ്യൂക്കിൽ ചില കസർത്തുകൾ കാണിക്കുന്നത് ഒഴിച്ച് നിർത്തിയാൽ സംഘടനാപരമായി വേണ്ടത്ര കെട്ടുറപ്പില്ലാത്ത പാർട്ടിയാണ് ബി.ജെ.പി എന്നവർ വീണ്ടും വീണ്ടും തെളിയിക്കുകയാണ്. ആണ്ടിലൊരിക്കലുള്ള ഉത്സവത്തിന് മാത്രമല്ല, ദിവസവും കാലത്തും വൈകീട്ടും വിളക്കു വെക്കുവാനും ദില്ലിയിലെ കാരണവർ തന്നെ എഴുന്നള്ളണമെന്നതാണ് കേരളത്തിന്റെ ഗതിയെങ്കിൽ പിന്നെയെന്തിനാണ് ഇവിടെ ഒരു സംസ്ഥാനവും അതിനൊരു കമ്മിറ്റിയും?

കഴിഞ്ഞ പാർലമെന്റ് നിയമസഭാ തിരഞ്ഞെടുപ്പുകളിലെല്ലാം കേരളത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ ക്യാമ്പ് ചെയ്ത് കാണേണ്ടവരെയൊക്കെ കണ്ട് നോട്ടുറപ്പിക്കാനും വോട്ടുറപ്പിക്കാനും ദേശീയ അധ്യക്ഷൻ ശുഷ്കാന്തി കാണിച്ചത് കള്ളപ്പണം തടയുക എന്ന സുഗ്രീവാജ്ഞ നടപ്പിലാക്കാനായിരിക്കും. ഒരു പാർട്ടിയും ഇത്രയധികം അധഃപതിക്കരുത് എന്നാണ് നമുക്ക് പറയാനുള്ളത്. നാട്ടുകാരെ മൊത്തം വിശ്വസിക്കുന്ന സ്വഭാവം നേരത്തെ തന്നെയില്ല. സ്വന്തം അണികളെ വിശ്വസിച്ചില്ലെങ്കിലും നേതാക്കളെയെങ്കിലും വിശ്വാസത്തിലെടുത്തിട്ടില്ലെങ്കിൽ ഒരു പാർട്ടിക്കും പ്രവർത്തന പഥത്തിൽ മുന്നേറാനാവില്ല.

കേരളത്തെ കാവിയിൽ മുക്കാൻ കവാത്ത് നടത്തുന്ന കാരണവൻമാർ കളസം കീറുന്നതിന് മുമ്പ് എത്രയും പെട്ടെന്ന് സ്ഥലം വിട്ട് പോവേണ്ടതാണ്. തേരാപാര തെക്ക് വടക്ക് നടന്നാലും മുഖം കറുത്ത് കിട്ടുമെന്നതൊഴിച്ച് നിർത്തിയാൽ പ്രത്യേകിച്ചൊരു ഗുണവും ലഭിക്കുമെന്ന് തോന്നുന്നില്ല. ഈ മണ്ണ് മതേതരത്വത്തിന്റെതാണ്, ഇവിടുത്തെ മനസ്സ് സൗഹൃദത്തിന്റെതാണ്. മലയാളിയുടെ മനസ്സിലും മസ്തിഷ്ക്കത്തിലും വർഗീയതയുടെ വിഷം നിറക്കാൻ ഇറങ്ങിത്തിരിച്ചവർ നിരാശരാകേണ്ടി വരുമെന്നതിന് കാലം സാക്ഷിയാണ്.

# WISDOM BOOKS

**PUBLISHING ■ DISTRIBUTION**

E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
04954019437, 9207525244




## വിപണിയിൽ

| | | | | | |
|---|---|---|---|---|---|
| 1 | ഇസ്‌ലാമും വ്യതിയാന കക്ഷികളും | 270 | 19 | പ്രബോധനം ഒരു മാർഗരേഖ | 125 |
| 2 | ക്വുർആൻ നാം അറിയേണ്ടത് | 70 | 20 | പ്രവാചകൻ പറഞ്ഞ കഥകൾ | 50 |
| 3 | അന്തിമ പ്രവാചകന്റെ അന്ത്യനിമിഷങ്ങൾ | 35 | 21 | ഇസ്‌ലാമിക മര്യാദകൾ | 250 |
| 4 | സ്വഹാബികൾ: അഹ്‌ലുസ്സുന്നയുടെ ആദർശം | 70 | 22 | ഇസ്‌ലാം അടിസ്ഥാന പാഠങ്ങൾ | 125 |
| 5 | ശീഇസം ജൂത സൃഷ്ടി | 50 | 23 | തൗഹീദിന്റെ മൗലികത | 80 |
| 6 | നമസ്കാരം ഇരുന്നു കൊണ്ടാവുമ്പോൾ | 50 | 24 | ഇൻഷൂറൻസ് | 60 |
| 7 | വെളിച്ചം ദുഃഖമല്ല | 25 | 25 | മദ്യം | 20 |
| 8 | നബിﷺയുടെ പ്രാർഥനകൾ | 70 | 26 | ബലികർമം | 25 |
| 9 | യാത്രക്കാരുങ്ങുമ്പോൾ | 30 | 27 | ഇസ്‌ലാം വിശ്വാസ കാര്യങ്ങൾ | 60 |
| 10 | വിജയിച്ച കക്ഷി | 75 | 28 | നമസ്കാരത്തിലെ പ്രാർഥനകൾ, പ്രകീർത്തനങ്ങൾ | 40 |
| 11 | സംവാദങ്ങളിലൂടെ... | 90 | 29 | ഇസ്‌ലാം നിർഭയത്വത്തിന്റെ മതം | 50 |
| 12 | ഇബ്നുതൈമിയ്യ | 100 | 30 | റമദാൻ നാം അറിയേണ്ടതും ചെയ്യേണ്ടതും | 40 |
| 13 | തൗഹീദുറുബൂബിയ്യ | 40 | 31 | വിശ്വാസിയുടെ നമസ്കാരം | 90 |
| 14 | അഹ്‌ലുസുന്ന ആദർശവും ആചാരവും | 100 | 32 | ലാ ഇലാഹ ഇല്ലല്ലാഹ് | 90 |
| 15 | പാപപരിഹാരം | 40 | 33 | മതത്തിന്റെ അടിത്തറകൾ | 90 |
| 16 | കുഞ്ഞുപിറന്നാൽ | 30 | 34 | ക്വുർആൻ പഠന ക്വിസ്സ് | 70 |
| 17 | നമസ്കാരാന്തര കൂട്ടുപ്രാർഥന | 50 | 35 | ക്വുർആൻ ചില അടിസ്ഥാന അറിവുകൾ | 75 |
| 18 | അദ്ദുആഉ വൽ ഇബാദ | 50 | 36 | പ്രണയം | 35 |

**സ്പെഷ്യൽ ഡിസ്കൗണ്ട്**

**എല്ലാ പുസ്തകങ്ങൾക്കും 20% വരെ വിലക്കുറവ്**

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on Oct 21 2017

Reg NO: KL/CT/225/2016-18
Price: ₹10/-

peaceradio
Tune to reality

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWINDER - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 500 ദിവസങ്ങൾ...



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840